32nd Year of Service 2024

Price $1.00

# കേരള എക്സ്പ്രസ്

# KERALA EXPRESS

NOT OUR MERIT BUT HIS GRACE

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 02, 2024 | Vol. XXXII No. 31 | Periodicals Postage Paid








മിസ്സോറി സിറ്റി സന്ദർശിച്ച കടുത്തുരുത്തി എംഎൽഎ അഡ്വ. മോൻസ് ജോസഫ്, ചലച്ചിത്ര നടൻ ലാലു അലക്സ്, ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി എന്നിവരെ മേയർ റോബിൻ ഇലക്കാട്ട് പ്രശംസാഫലകം നല്കി ആദരിച്ചപ്പോൾ. സിറ്റി മാനേജർ ഏഞ്ചൽ ജോൺസ്, ജെയിംസ് തെക്കനാട്ട് എന്നിവർ സമീപം. (വാർത്ത 9–൧൦ പേജിൽ)

Visit Our Website: www.keralaexpress.com


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

32nd Year of Service 2024
Price $1.00
# കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഭീഷണിയുമായി പുടിൻ
6 കാർഗിൽ യുദ്ധവിജയത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം
8 ഇന്ത്യാ സഖ്യം പ്രക്ഷോഭത്തിന്
15 ചിക്കാഗോയിൽ സംയുക്ത ആരാധന
20 പ്രവാസിയുടെ നേരും നോവും പ്രകാശനം ചെയ്തു

## സിവിൽ സർവീസ് കോച്ചിങ് സെന്റർ ദുരന്തത്തിൽ മലയാളി ഉൾപ്പെടെ മൂന്നു മരണം

ന്യൂഡൽഹി: ഡൽഹിയിലെ ഓൾഡ് രാജേന്ദ്രനഗറിലുള്ള സിവിൽ സർവീസ് പരിശീലനകേന്ദ്രത്തിന്റെ ബേസ്മെന്റിൽ വെള്ളം കയറി മരിച്ച മൂന്നു വിദ്യാർത്ഥികളിൽ മലയാളിയും. കാലടി നീലീശ്വരം ലാൻഡ് വില്ലയിൽ നെവിൻ ഡാൽവിൻ (23) ആണു മരിച്ച മലയാളി. റിട്ട. ഡിവൈഎസ്പി ഡാൽവിൻ സുരേഷിന്റെയും കാലടി സംസ്കൃത സർവകലാശാല മുൻ സിൻഡിക്കറ്റ് അംഗവും ജ്യോഗ്രഫി വകുപ്പ് മുൻ മേധാവിയുമായ ഡോ. ടി.എസ്. ലിൻസ്‌ലെറ്റിന്റെയും മകനാണ് നെവിൻ. ഡൽഹി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ ഗവേഷണവിദ്യാർത്ഥിയായിരുന്നു. നെവിനുപുറമേ തെലങ്കാന സ്വദേശി തനിയെ സോണി (25), ഉത്തർപ്രദേശ് സ്വദേശി ശ്രേയ യാദവ് (25) എന്നിവരാണു മരിച്ചത്. റാവു സിവിൽ സർവീസ് പരിശീലനകേന്ദ്രത്തിലെ ബേസ്മെന്റിലെ ലൈബ്രറിയിൽ ജൂലൈ 27-ന് രാത്രി ഏഴോടെയാണു വെള്ളം ഇരച്ചുകയറിയത്.

അക്കാദമിക്കു സമീപമുള്ള ഡ്രെയ്നേജ് തകർന്നതാണു വെള്ളം കയറാൻ കാരണമായതെന്ന് ദൃക്സാക്ഷികൾ പറയുന്നു. അപകടസമയത്ത് അക്കാദമിയിലെ ബേസ്മെന്റിലുള്ള ലൈബ്രറിയിൽ നിരവധി വിദ്യാർത്ഥികളുണ്ടായിരുന്നു. വെള്ളം കയറുന്നത് കണ്ടതിനാൽ ഇവരിൽ പലരും മുകളിലത്തെ നിലകളിലേക്ക് ഓടി രക്ഷപ്പെട്ടു. എന്നാൽ 14 വിദ്യാർത്ഥികൾ ബേസ്മെന്റിൽ കുടുങ്ങി. ബയോമെട്രിക് സംവിധാനത്താൽ ലൈബ്രറി ലോക്ക് ചെയ്തിരിക്കുകയായിരുന്നു. പിന്നീട് അഗ്നിരക്ഷാസേനയും ദുരന്തനിവാരണ സേനയും എത്തിയാണ് കുടുങ്ങിക്കിടന്ന വിദ്യാർത്ഥികളെ രക്ഷപ്പെടുത്തിയത്.


നെവിൻ ഡാൽവിൻ

നാലു മണിക്കൂറിലധികം വിദ്യാർത്ഥികൾ ബേസ്മെന്റിൽ കുടുങ്ങിക്കിടന്നതായാണ് റിപ്പോർട്ടുകൾ. ബേസ്മെന്റിലെ വെള്ളം നീക്കിയപ്പോഴാണ് നെവിൻ അടക്കമുള്ള മൂന്ന് വിദ്യാർത്ഥികളുടെ മൃതദേഹം കണ്ടെത്തിയത്. മനഃപൂർവമല്ലാത്ത നരഹത്യ ഉൾപ്പെടെ ഭാരതീയ ന്യായ സംഹിതയിലെ വിവിധ വകുപ്പുകൾ പ്രകാരമാണ് സ്ഥാപനം ഉടമ അഭിഷേക് ഗുപ്തയെയും കോ-ഓർഡിനേറ്റർ ദേശ്പാൽ സിംഗിനെയും അറസ്റ്റ് ചെയ്തത്. ഇവർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തതായി ഡെപ്യൂട്ടി പോലീസ് കമ്മീഷണർ എം. ഹർഷവർധൻ അറിയിച്ചു.

## 33-ാം ഒളിംപിക്സിനു നിറപ്പകിട്ടാർന്ന തുടക്കം
## ഇന്ത്യയുടെ മനു ഭാകറിനു വെങ്കലം



ഒളിമ്പിക്സിൽ വനിതകളുടെ 10 മീറ്റർ എയർപിസ്റ്റളിൽ വെങ്കല മെഡൽ നേടിയ ഇന്ത്യയുടെ മനു ഭാകർ

പാരീസ്: പാരീസ് ഒളിമ്പിക്സിൽ വെങ്കലത്തിളക്കത്തോടെ ഇന്ത്യയുടെ തുടക്കം. വനിതകളുടെ 10 മീറ്റർ എയർപിസ്റ്റളിൽ മനു ഭാകറിലൂടെയാണ് ത്രിവർണപതാക പാരീസിൽ പാറിക്കളിച്ചത്. കൊറിയൻ താരങ്ങൾക്കു കടുത്ത വെല്ലുവിളിയുയർത്തി 221.7 എന്ന സ്കോറിലാണ് ഒളിമ്പിക്സ് ഷൂട്ടിംഗിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരിയെന്ന ബഹുമതി ഹരിയാനയിലെ ജാജ്ജറിൽനിന്നുള്ള ഈ 22-കാരി സ്വന്തമാക്കിയത്. കൊറിയയിൽനിന്നുള്ള ജിൻ യേ ഓ (സ്കോർ 243.2) കിം യെജി (241.3) എന്നിവരാണ് ആദ്യ രണ്ടു സ്ഥാനങ്ങളിൽ.

മനു ഭാകറിന്റെ വെങ്കലത്തിലൂടെ ഷൂട്ടിംഗിൽ 12 വർഷത്തിനുശേഷമാണ് ഒളിമ്പിക് (ശേഷം 24-ാം പേജിൽ)

## ജില്ലാബാങ്ക് രൂപീകരിക്കാൻ നബാർഡിന് നിർദേശം

തിരുവനന്തപുരം: ഇന്ത്യയിലുടനീളം എല്ലാ ജില്ലകളിലും ജില്ലാ സഹകരണ ബാങ്കുകൾ നിർബന്ധമാക്കാൻ കേന്ദ്ര സഹകരണ മന്ത്രാലയം തീരുമാനിച്ചു. നിലവിൽ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാത്ത ഓരോ റവന്യൂ ജില്ലകളിലും പുതിയ ബാങ്ക് രൂപവത്കരിക്കുന്നതിനുള്ള കർമപദ്ധതി തയ്യാറാക്കാൻ നബാർഡിന് കേന്ദ്രസർക്കാർ നിർദേശം നൽകി. കേരളത്തിൽ സംസ്ഥാന സർക്കാർ വേണ്ടെന്നുവെച്ച ജില്ലാ ബാങ്കുകളെ, കേന്ദ്രം തിരിച്ചുകൊണ്ടുവരുന്നത് സഹകരണ വായ്പാമേഖലയിലും രാഷ്ട്രീയമായും ചലനമുണ്ടാക്കും.

ജില്ലാസഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരളബാങ്ക് രൂപവത്കരിക്കാൻ ഒന്നാം പിണറായി സർക്കാരാണ് തീരുമാനിച്ചത്. (ശേഷം 24-ാം പേജിൽ)

## കെജ്‌രിവാളിനെതിരെ സിബിഐ കുറ്റപത്രം സമർപ്പിച്ചു

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെതിരെ സിബിഐ കുറ്റപത്രം സമർപ്പിച്ചു. ഡൽഹിയിലെ റൗസ് അവന്യൂവിലെ പ്രത്യേക സിബിഐ കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. കേസിൽ കെജ്‌രിവാൾ



ഗൂഢാലോചന നടത്തിയെന്നാണ് സിബിഐയുടെ ആരോപണം. അഴിമതിയിലൂടെ നൂറു കോടി രൂപയുടെ കോഴപ്പണം ആം ആദ്മി പാർട്ടിക്ക് ലഭിച്ചിട്ടുണ്ടെന്ന് സിബിഐ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു.

കേസിൽ പ്രതിയായി ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ ജാമ്യഹർജി പരിഗണിക്കുന്നത് സുപ്രീംകോടതി ഓഗസ്റ്റ് അഞ്ചിലേക്ക് മാറ്റിവെച്ചു.

ഹർജിയിൽ മറുപടി നല്കാൻ ഇഡിക്ക് കോടതി സമയം നല്കി. 16 മാസമായി താൻ കസ്റ്റഡിയിലാണെന്നും തനിക്കെതിരായ വിചാരണ നടന്നിട്ടില്ലെന്നും ചൂണ്ടിക്കാട്ടിയാണ് സിസോദിയ ജാമ്യാപേക്ഷ നല്കിയത്.

സിസോദിയയ്ക്കു പുറമെ ഭാരത് രാഷ്ട്രസമിതി നേതാവ് കവിതാ റാവു ഉൾപ്പെടെ 18 പ്രതികൾക്കെതിരെയാണ് കേസിൽ ഇതുവരെ കുറ്റപത്രം സമർപ്പിച്ചത്. കോഴയായി ലഭിച്ച 100 കോടി രൂപയിൽ 44.45 കോടി 2021-2022 കാലഘട്ടത്തിൽ ഹവാല ഇടപാടുകളിലൂടെ ഗോവയിലേക്ക് മാറ്റിയെന്നും കുറ്റപത്രത്തിൽ സിബിഐ പറയുന്നു.

(ശേഷം 24-ാം പേജിൽ)

## കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ 440 മെഗാവാട്ട് ഉൽപാദന ലക്ഷ്യം

തിരുവനന്തപുരം: കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ 220 മെഗാവാട്ടിന്റെ രണ്ട് പദ്ധതികളിലായി 440 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുകയാണു



ലക്ഷ്യം. രണ്ടു പദ്ധതിയും ഒരിടത്തു സ്ഥാപിക്കാം. അതിരപ്പിള്ളി, ചീമേനി ഉൾപ്പെടെയുള്ള സ്ഥലങ്ങളാണ് കെഎസ്ഇബിയുടെ പരിഗണനയിലുള്ളതെന്നു ചെയർമാൻ ബിജു പ്രഭാകർ പറഞ്ഞു. 7000 കോടി രൂപയാണു ചെലവു കണക്കാക്കുന്നത്. പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്രം ഗ്രാന്റായി നൽകണമെന്ന ആവശ്യം ചർച്ചയിൽ കെഎസ്ഇബി മുന്നോട്ടുവെച്ചു.

ബിജു പ്രഭാകറും രണ്ട് ഡയറക്ടർമാരുമാണു മുംബൈയിൽ ചർച്ച നടത്തിയത്. കേരളത്തിനു കുറഞ്ഞ വിലയ്ക്ക് 450 മെഗാവാട്ട് വൈദ്യുതി കൂടംകുളത്തുനിന്നോ രാജസ്ഥാനിലെ ആണവവൈദ്യുതപദ്ധതിയിൽനിന്നോ ഉടൻ ലഭിക്കുന്നതിന്റെ സാധ്യത ന്യൂക്ലിയർ കോർപറേഷനുമായി ചർച്ച ചെയ്തിരുന്നു. ടെൻഡറിലൂടെ മാത്രമേ ഇവിടെനിന്നു വൈദ്യുതി ലഭിക്കൂ. എന്നാൽ, ആണവ വൈദ്യുതപദ്ധതി തുടങ്ങുന്ന സംസ്ഥാനത്തിന് (ശേഷം 24-ാം പേജിൽ)

# യുഎസിന് എതിരെ അണ്വായുധ ഭീഷണിയുമായി പുടിൻ

മോസ്കോ: യുഎസിനെതിരെ അണ്വായുധ ഭീഷണിയുമായി റഷ്യൻ പ്രസിഡണ്ട് വ്ളാഡിമിർ പുടിൻ. ജർമനിയിലോ യൂറോപ്പിലെ മറ്റിടങ്ങളിലോ മിസൈലുകൾ വിന്യസിക്കാനാണ് യുഎസ് ഒരുങ്ങുന്നതെങ്കിൽ, ഇടത്തരം, ഹ്രസ്വദൂര അണ്വായുധങ്ങളുടെ ഉത്പാദനം പുനരാരംഭിക്കുമെന്നാണ് പുടിന്റെ ഭീഷണി. വിദേശത്ത് യുഎസ് മിസൈലുകൾ വിന്യസിക്കാത്തിടത്തോളം കാലം അത്തരം മിസൈലുകളുടെ ഉത്പാദനം റഷ്യയും പുനരാരംഭിക്കില്ലെന്നും സെന്റ് പീറ്റേഴ്സ്ബർഗിൽ നടന്ന നാവിക പരേഡിൽ പുടിൻ പറഞ്ഞു.

നേരത്തെ ജർമനിയിൽ ക്രൂസ് മിസൈലുകൾ ഉൾപ്പെടെയുള്ള ദീർഘദൂര മിസൈലുകൾ വിന്യസിക്കുന്നത് 2026-ഓടെ ആരംഭിക്കുമെന്ന് യുഎസ് പ്രഖ്യാപിച്ചതിനു പിന്നാലെയാണ് റഷ്യയുടെ മുന്നറിയിപ്പ്. അടുത്തിടെ ഡെന്മാർക്കിലും ഫിലിപ്പീൻസിലും ടൈഫോൺ വിഭാഗത്തിലുള്ള മിസൈൽ സംവിധാനങ്ങൾ യുഎസ് ഉപയോഗിച്ചിട്ടുണ്ടെന്നു പുടിൻ ആരോപിച്ചു.

500 മുതൽ 5,500 കിലോമീറ്റർ വരെ സഞ്ചരിക്കാൻ കഴിയുന്ന ഇത്തരം മിസൈലുകളുടെ വിന്യാസം, 1987-ൽ യുഎസും സോവിയറ്റ് യൂണിയനും ഒപ്പുവെച്ച ആയുധ നിയന്ത്രണ ഉടമ്പ



ടിയുടെ ഭാഗമായി നിർത്തിവെച്ചിരുന്നു. വൈകാതെ ഇരു രാജ്യങ്ങളും ഇതിൽ നിന്ന് പിന്മാറി.

യുഎസ് ഇത്തരം മിസൈലുകൾ യൂറോപ്പിലാകെ വിന്യസിക്കുന്നത് ഭീഷണിയാണെന്നാണ് റഷ്യയുടെ വാദം. ഇതോടെ ഭാവിയിൽ അണ്വായുധ മിസൈലുകൾ റഷ്യയിലേക്ക് അയയ്ക്കാൻ പത്ത് മിനിറ്റ് സമയമേ യുഎസിന് വേണ്ടിവരൂ എന്നും റഷ്യ ഭയപ്പെടുന്നു. ശീതയുദ്ധകാലത്തും ജർമനിയുടെ ഏകീകരണ സമയത്തും യുഎസ് മിസൈൽ സാന്നിധ്യം മേഖലയിൽ വർധിപ്പിച്ചിരുന്നു. എന്നാൽ ശീതയുദ്ധം അവസാനിച്ചതിനെത്തുടർന്ന്, യൂറോപ്പിൽ സ്ഥാപിച്ചിരുന്ന മിസൈലുകളുടെ എണ്ണം യുഎസ് ഗണ്യമായി കുറച്ചിരുന്നു.

# ശൈശവവിവാഹ നിരോധനനിയമം എല്ലാ മതങ്ങൾക്കും ബാധകം

കൊച്ചി: ശൈശവവിവാഹ നിരോധനനിയമം എല്ലാ മതങ്ങൾക്കും ഒരുപോലെ ബാധകമാണെന്ന് ഹൈക്കോടതി. ഒരു വ്യക്തി ആദ്യം ഇന്ത്യൻ പൗരനാകും. അതിനു ശേഷമേ അയാളുടെ മതം പരിഗണിക്കപ്പെടുകയുള്ളൂ. അതിനാൽ ഋതുമതിയായ 15 വയസ്സുകാരി പെൺകുട്ടിക്ക് മുസ്‌ലിം വ്യക്തിനിയമപ്രകാരം വിവാഹിതയാകാം എന്ന വാദം ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ തള്ളി.

ശൈശവ വിവാഹ നിരോധന നിയമപ്രകാരം പാലക്കാട് വടക്കഞ്ചേരി പോലീസെടുത്ത കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത ഹർജി തള്ളിക്കൊണ്ടായിരുന്നു ഉത്തരവ്.

2006-ൽ പാസാക്കിയ ശൈശവവിവാഹ നിരോധനനിയമപ്രകാരം 18 വയസ്സാണ് പെൺകുട്ടികളുടെ വിവാഹപ്രായം. ശൈശവവിവാഹ നിരോധനനിയമം നിലവിൽ വന്നതോടെ ഇക്കാര്യത്തിൽ മുസ്‌ലിം വ്യക്തിനിയമം ബാധകമല്ലാതായെന്നും കോടതി വ്യക്തമാക്കി.

# സുദർശൻ മിസൈൽ പരീക്ഷണം വിജയം

ന്യൂഡൽഹി: ഇന്ത്യൻ വ്യോമസേനയ്ക്ക് അഭിമാനമായി സുദർശൻ (എസ്-400) പ്രതിരോധ മിസൈൽ പരീക്ഷണം വിജയകരമായി പൂർത്തിയാക്കി. പരീക്ഷണവിക്ഷേപണത്തിൽ 80 ശതമാനം 'ശത്രു' പോർവിമാനങ്ങളെയും എസ്-400 തകർത്തു. ശേഷിക്കുന്ന വിമാനങ്ങളെ പിന്തിരിയാൻ നിർബന്ധിതമാക്കി.

റഷ്യൻ നിർമിത എസ്-400 പ്രതിരോധ മിസൈൽ സംവിധാനം പൂർണതോതിൽ വ്യോമസേനയിൽ ഉൾപ്പെടുത്തുന്നതിനു മുന്നോടിയായിട്ടായിരുന്നു പരീക്ഷണം. സുദർശന്റെ ശേഷി പരീക്ഷിക്കാൻ യഥാർത്ഥ പോർവിമാനങ്ങൾതന്നെ അഭ്യാസപ്രകടനത്തിൽ ഉപയോഗിച്ചു. ഭഗവാൻ ശ്രീകൃഷ്ണന്റെ ചക്രായുധമായ സുദർശനം എന്ന പേരാണു പുതിയ മിസൈലിനു വ്യോമസേന നൽകിയത്. ശത്രുവിമാനങ്ങളെ വളഞ്ഞ് ഭേദിക്കുന്ന തരത്തിലാണു മിസൈൽ രൂപകൽപ്പന.

സുദർശൻ മിസൈലിന്റെ മൂന്ന് സ്ക്വാഡ്രണുകൾ നിലവിൽ സേനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ട്



സുദർശൻ (എസ്-400) പ്രതിരോധ മിസൈൽ സംവിധാനം

സ്ക്വാഡ്രണുകൾ കൂടി 2026-ൽ റഷ്യയിൽനിന്നു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. എസ്-400 മിസൈലുകളുടെ അഞ്ച് സ്ക്വാഡ്രനായി 35,000 കോടി രൂപയുടെ കരാറാണു റഷ്യയും ഇന്ത്യയും തമ്മിലുള്ളത്.

തദ്ദേശീയമായി വികസിപ്പിച്ച എംആർ-സാം, ആകാശ് മിസൈൽ സംവിധാനങ്ങളും ഇസ്രേലി കര-വ്യോമ മിസൈൽ സംവിധാനവും അടുത്തിടെ ഇന്ത്യൻ വ്യോമസേനയിൽ ഉൾപ്പെടുത്തിയിരുന്നു.

# ആധാരത്തിനൊപ്പം ഭൂമിയുടെ ഡിജിറ്റൽ ചിത്രവും

തിരുവനന്തപുരം: ഭൂമിയുടെ അതിരിനെച്ചൊല്ലി അയൽക്കാരുമായി ഇനി വഴക്കടിക്കേണ്ട. ഓരോ കൈവശക്കാരന്റെയും ഭൂമിയുടെ ചിത്രം (ഡിജിറ്റൽ സ്കെച്ച്) ആധാരത്തിനൊപ്പം ചേർക്കും. ആധാരത്തിൽ ചേർക്കാനായില്ലെങ്കിൽ റവന്യൂ രേഖകളിൽ ചിത്രമുണ്ടാകും.

കോട്ടയം, തൃശൂർ, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഡിജിറ്റൽ സർവേ പൂർത്തിയായ നാല് വില്ലേജുകൾ അധികാര പരിധിയായി വരുന്ന സബ് രജിസ്ട്രാർ ഓഫീസുകളിലാണ് ഇത് ആദ്യം നടപ്പാക്കുന്നത്. ഡിജിറ്റൽ സർവേ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്താകെ ബാധകമാക്കാനാണ് തീരുമാനം.

പുതിയ രീതി വരുന്നതോടെ ഭൂമിയുടെ ശരിയായ അതിരും രൂപവും പുതിയ ആധാരങ്ങളിലും മറ്റു രേഖകളിലും വരും. ആധാരം നടക്കുന്ന ദിവസം തന്നെ പോക്കുവരവ് നടപടികൾ പൂർത്തിയാക്കണമെന്ന ലക്ഷ്യത്തിലാണ് സർക്കാർ. അതിന് ഭൂരേഖ കൃത്യമാക്കാനും ഡിജിറ്റൽ ചിത്രം സഹായകമാകും. ഡിജിറ്റൽ സർവേയുടെ കരട് വിജ്ഞാപനം ഭൂവുടമകൾക്ക് പരിശോധിക്കാനും തെറ്റ് തിരുത്താനും അവസരം ലഭിക്കുമെന്നതിനാൽ പിന്നീട് പരാതികളുണ്ടാകില്ല. റവന്യൂ വകുപ്പിന്റെ 'എന്റെ ഭൂമി' പോർട്ടലിൽ വരുന്ന കരട്രേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ മുഴുവൻ പേരിലും എത്തിക്കാൻ റവന്യൂ-തദ്ദേശ വകുപ്പുകൾ യോജിച്ചു നീങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

# മാവോയിസ്റ്റ് നേതാവ് ഷൊർണ്ണൂരിൽ പിടിയിൽ

ഷൊർണൂർ: മാവോയിസ്റ്റ് നേതാവ് വയനാട് സ്വദേശി സോമനെ (58) ഷൊർണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തുനിന്നും ഭീകരവിരുദ്ധ സേനയും (എടിഎസ്) തണ്ടർബോൾട്ട് കമാൻഡോ സംഘവും ചേർന്ന് അറസ്റ്റ് ചെയ്തു. ജൂലൈ 28-ന് പുലർച്ചെ പത്രണ്ടോടെ സ്പെഷൽ ഓപ്പറേഷൻ ഗ്രൂപ്പ് (എസ്ഒജി) എസ്പി തപോഷിന്റെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്. വയനാട്, കണ്ണൂർ, കാസർകോട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വിവിധ സംഭവങ്ങളുമായി ബന്ധപ്പെട്ട് സോമനെതിരെ 66 കേസുകളുണ്ട്.

2011-ലാണ് സോമൻ മാവോയിസ്റ്റ് പീപ്പിൾസ് ഗറില്ലാ ആർമിയിൽ കർണാടകയിൽ പരിശീലനം നേടിയതെന്ന് എടിഎസ് പറഞ്ഞു. വയനാട്ടിൽ ആദിവാസി മേഖലയിലൂടെ സോമൻ നടക്കുന്ന വീഡിയോ ഈയിടെ പുറത്തുവന്നിരുന്നു. വയനാട് മക്കിമലയിൽ സ്ഫോടകവസ്തുക്കൾ കുഴിച്ചിട്ട സംഘത്തിൽ സോമനുമുണ്ടെന്നാണ് എടിഎസിന്റെ കണ്ടെത്തൽ.

# കാശ്മീരിൽ വീണ്ടും പാക് ആക്രമണം; സൈനികന് വീരമൃത്യു

ന്യൂഡൽഹി: കാർഗിൽ യുദ്ധത്തിൽ നിന്ന് പാക്കിസ്ഥാൻ ഇനിയും പാഠം പഠിച്ചിട്ടില്ലെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ താക്കീതിനു പിന്നാലെ ജമ്മു-കശ്മീരിൽ വീണ്ടും പാക് ആക്രമണം. കുപ്‌വാര ജില്ലയിലെ ഇന്ത്യ-പാക് നിയന്ത്രണ രേഖയിൽ ജൂലൈ 28-ന് പുലർച്ചെയുണ്ടായ ആക്രമണത്തിൽ ഒരു പാക് പൗരനും ഒരു ഇന്ത്യൻ സൈനികനും കൊല്ലപ്പെട്ടു. ജൂണിയർ കമ്മീഷൻഡ് ഓഫീസർ ഉൾപ്പെടെ നാല് സൈനികർക്ക് പരുക്കേൽക്കുകയും ചെയ്തു.

നുഴഞ്ഞുകയറ്റക്കാരനായ പാക് പൗരനാണ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടത്. അതിർത്തിയിലെ മച്ചൽ സെക്ടറിനു സമീപത്തുള്ള കാംകാരിയിലെ ഇന്ത്യൻ സൈനിക പോസ്റ്റിനു നേരെ പാക്കിസ്ഥാൻ ബോർഡർ ആക്ഷൻ (ബിഎടി) സംഘം വെടിവെക്കുകയായിരുന്നു. മോശമായ കാലാവസ്ഥ മുതലെടുത്ത് സായുധരായ മൂന്നുപേർ നിയന്ത്രണരേഖ മറികടന്ന് സൈനികർക്കു നേരെ വെടിവെച്ചതോടെ ഇന്ത്യൻ സൈനികർ ശക്തമായി തിരിച്ചടിച്ചു. തീവ്രവാദത്തെ ഇന്ത്യൻ സൈന്യം തകർക്കുമെന്നും ശത്രുക്കളുടെ പദ്ധതികൾക്ക് തക്ക മറുപടി നല്കുമെന്നും മോദി പറഞ്ഞിരുന്നു. ഭീകരാക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സ്ഥിതിഗതികൾ വിലയിരുത്താൻ പ്രധാനമന്ത്രി യോഗം വിളിച്ചിരുന്നു. ഈ മാസം ഇത് അഞ്ചാം തവണയാണ് ജമ്മുകാശ്മീരിൽ പാക് ഭീകരാക്രമണമുണ്ടാകുന്നത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 31
August 02, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

ഗ്രന്ഥങ്ങളാണ് ഇന്നും എന്നും മനുഷ്യന്റെ ഉത്തമസുഹൃത്തുക്കൾ.

**ടുപ്പർ**

നിയന്ത്രണമില്ലാത്ത കോപം മനുഷ്യനെ വിരൂപനും മൃഗതുല്യനുമാക്കുന്നു.

**ജോൺ വെബ്സ്റ്റർ**

## Seventeenth Anniversary Of Our Son

# BINIL MATHEW SAMUEL



Today we remember the day when Binil left us and joined the heavenly abode. His only brother got married on March, 16, 2024. We could only image how much he would have enjoyed getting involved in all aspects of the planning of the wedding and the celebration. We really missed you during this special occasion.

We continue to cherish the memories of those past precious years that we enjoyed together as a very closely knit happy family. We are looking for that beautiful day when we all will meet again.

**With sweet memories,**
**Dad, Mom, Brother and family, Sister and family**
**August 6, 2024**


## Philadelphia Pentecostal Church

3735 N Narragansett Ave., Chicago, IL 60634

### *Seeking a Senior Pastor*

*(Effective Start date: July 01st, 2025)*

### *Required qualifications:*

- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)

*For more information:*
*Biju Cherian: 847-858-1342*
**Email CV/Resume: PPC.Chicago@Yahoo.Com**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

★ Over $ 50M Recovered and Collected For Our Clients
★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★ Free Confidential Consultation On All Matters Home Visits Available
★ Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

A+ Rating BBB Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2024

# കേരളാ എക്സ്പ്രസ്

KERALA EXPRESS

അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക

Weekly Newspaper National Edition From Chicago


## ജനപ്രിയ പ്രഖ്യാപനങ്ങളില്ലാത്ത ബജറ്റ്

നരേന്ദ്ര മോദി സർക്കാരിന്റെ മൂന്നാമൂഴത്തിലെ ആദ്യ ബജറ്റ് രാഷ്ട്രീയ സമ്മർദങ്ങളുടെ പ്രകാശന രേഖയായി. സർക്കാരിനെ താങ്ങിനിർത്തുന്ന സഖ്യകക്ഷികൾ ഭരിക്കുന്ന ബീഹാറിനും ആന്ധ്രയ്ക്കും വാരിക്കോരി നൽകിയുള്ള ധനമന്ത്രി നിർമല സീതാരാമന്റെ ബജറ്റ് പ്രസംഗത്തിൽ കേരളം പരാമർശിക്കപ്പെട്ടതേയില്ല. പാവപ്പെട്ടവർ, യുവജനങ്ങൾ, സ്ത്രീകൾ, കർഷകർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകി അവതരിപ്പിച്ച ബജറ്റിൽ ജനപ്രിയ പ്രഖ്യാപനങ്ങൾ ഒന്നുംതന്നെയില്ല. മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ ബജറ്റിന് സമ്മിശ്രസ്വഭാവമാണുള്ളത്. കൃഷി, തൊഴിൽ-നൈപുണ്യ വികസനം, മാനവവിഭവശേഷിയും സാമൂഹികനീതിയും, ഉത്പാദനവും സേവനവും, നഗരവികസനം, ഊർജസുരക്ഷ, അടിസ്ഥാനസൗകര്യം, ഗവേഷണ-വികസനം, വരും തലമുറപരിഷ്കാരങ്ങൾ എന്നിങ്ങനെ ഒൻപതു മുൻഗണനാ മേഖലകളിലൂടെ 'വികസിതഭാരതം' എന്ന ലക്ഷ്യം അത് മുന്നോട്ടുവെക്കുന്നു. കേരളത്തെക്കുറിച്ച് ബജറ്റിൽ പരാമർശംപോലുമില്ലാത്തത് സ്വാഭാവികമായും മലയാളികളെ നിരാശപ്പെടുത്തി. പ്രത്യേകിച്ച്, കേന്ദ്രഭരണകക്ഷിക്ക് ഇത്തവണ ആദ്യമായി കേരളത്തിൽനിന്ന് ഒരു എംപിയെ ലഭിച്ച സാഹചര്യത്തിൽ നാം ഇതല്ല പ്രതീക്ഷിച്ചത്.

യുവതയ്ക്കും വനിതകൾക്കും കർഷകസമൂഹത്തിനും മറ്റും ഈ ബജറ്റ് മുന്നോട്ടുവെക്കുന്ന കൈത്താങ്ങ് എടുത്തുപറയണം. കൃഷി, തൊഴിൽ, ഉൽപാദനമേഖല, നഗരവികസനം, അടിസ്ഥാനസൗകര്യം, ഊർജഭദ്രത, ഗവേഷണം എന്നിവയുൾപ്പെടെ ഒൻപതു മേഖലകൾക്ക് ഊന്നൽ നൽകിയുള്ള നടപടികളാണ് ബജറ്റിൽ പ്രഖ്യാപിച്ചത്. തൊഴിലില്ലായ്മ നേരിടാനുള്ള പദ്ധതികൾ ഏറെ പ്രതീക്ഷ നൽകുന്നു. പ്രധാനമന്ത്രിയുടെ പാക്കേജിന്റെ ഭാഗമായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടുമായി (ഇപിഎഫ്) യോജിപ്പിച്ചു മൂന്നു പദ്ധതികളാണു പ്രഖ്യാപിച്ചിരിക്കുന്നത്. യുവജനങ്ങൾക്കുള്ള സമഗ്ര ഇന്റേൺഷിപ് പദ്ധതിയും ഈ കാലം ആവശ്യപ്പെടുന്നതുതന്നെ. സംസ്ഥാന സർക്കാരുകളെയും വ്യവസായ സ്ഥാപനങ്ങളെയും പങ്കാളികളാക്കി യുവാക്കൾക്കു നൈപുണ്യ പരിശീലനം നൽകാനും പദ്ധതിയുണ്ട്.

ഭവനവായ്പ അടക്കമുള്ള ബാധ്യതകൾ ഇല്ലാത്ത ഇടത്തരം വരുമാനക്കാർക്കു പുതിയ ആദായനികുതിഘടനയിലെ ഇളവുകൾ ഗുണകരമായേക്കാം. കുടുംബ പെൻഷൻകാർക്കുള്ള ഇളവുകളിലും വർധനയുണ്ട്. ചില കാൻസർ മരുന്നുകൾക്കു വില കുറയുന്നത് ആശ്വാസകരമാണ്. സ്വർണത്തിനും മൊബൈൽ ഫോണുകൾക്കുമെല്ലാം നികുതി കുറയ്ക്കുന്നതും എടുത്തുപറയണം. മത്സ്യ-ചെമ്മീൻ കയറ്റുമതി വർധിപ്പിക്കാനുള്ള നടപടികൾ കേരളത്തിനും ഗുണകരമാകും. പ്രധാനമന്ത്രി ആവാസ് യോജന - ഗ്രാമീണ പാർപ്പിട പദ്ധതി, പുരപ്പുറ സൗരോർജ പദ്ധതി, സ്ത്രീകൾക്കായുള്ള പരിശീലന പദ്ധതി തുടങ്ങിയവയെല്ലാം ഈ ബജറ്റിലും തുടരുന്നു.

ഹരിയാന, മഹാരാഷ്ട്ര, ജാർഖണ്ഡ്, ജമ്മു കാശ്മീർ എന്നിവിടങ്ങളിൽ ഉടനെ നിയമസഭാ തെരഞ്ഞെടുപ്പു നടക്കുമെങ്കിലും അവയെ എടുത്തുപറഞ്ഞുള്ള പ്രീണനപ്രഖ്യാപനങ്ങൾ ഈ ബജറ്റിലില്ല. അതേസമയം, ഇന്ത്യയെയാകെ അഭിസംബോധന ചെയ്യുന്ന സമഗ്ര നയരേഖയാകാൻ ഈ ബജറ്റിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന ആഴമുള്ള ചോദ്യം ബാക്കിയാകുകയും ചെയ്യുന്നു.

പഴയ നികുതി സമ്പ്രദായത്തിൽ കാര്യമായ മാറ്റം വരുത്തിയില്ലെങ്കിലും പുതിയ നികുതി സമ്പ്രദായത്തിൽ മാറ്റമുണ്ടായി. നികുതി ഇളവ് 50,000 രൂപയിൽനിന്ന് 75,000 രൂപയായി ഉയർത്തി. കുടുംബ പെൻഷന്റെ കിഴിവ് പുതിയ നികുതി വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തി 15,000 രൂപയിൽനിന്ന് 25,000 രൂപയായി ഉയർത്താനും തീരുമാനമുണ്ട്. ശമ്പളക്കാരും പെൻഷൻകാരുമായ നാലുകോടിയോളം ആളുകൾക്ക് ഇതു ഗുണകരമാകുമെന്ന പ്രതീക്ഷ ധനമന്ത്രി പങ്കുവെച്ചു. ആദായ നികുതി സ്ലാബുകളിലും ചെറിയ മാറ്റങ്ങൾ കൊണ്ടുവരാനായത് പ്രയോജനപ്പെടും.

തെരഞ്ഞെടുപ്പ് പാഠങ്ങൾ ബിജെപി മനസിലാക്കി തുടങ്ങിയതിന്റെ തെളിവാണ് യുവജനങ്ങൾക്കും കർഷകർക്കും നൽകിയ പരിഗണന. വിദ്യാഭ്യാസ, നൈപുണ്യ മേഖലകൾക്ക് 1.48 ലക്ഷം കോടി രൂപ അനുവദിച്ചു. ആദ്യമായി ജോലിക്കു കയറുന്നവർക്ക് 15,000 രൂപവരെയുള്ള ഒരു മാസത്തെ ശമ്പളം കേന്ദ്രം നൽകുമെന്ന വാഗ്ദാനം ശ്രദ്ധേയമാണ്. ഇന്ത്യയിലെ 500 പ്രധാന സ്ഥാപനങ്ങളിൽ അഞ്ചു വർഷത്തിനകം ഒരു കോടി യുവാക്കൾക്ക് 5000 രൂപ സ്റ്റൈപ്പന്റോടെ ഇന്റേൺഷിപ്പിന് സൗകര്യമൊരുക്കുമെന്ന വാഗ്ദാനം ഇന്ത്യയിലെ തൊഴിലില്ലായ്മയ്ക്കുള്ള സർക്കാരിന്റെ പരിഹാരമാർഗമായി കാണേണ്ടിവരും. കാലാവസ്ഥ വ്യതിയാനം കാർഷിക മേഖലയെ കാര്യമായി ബാധിക്കുന്ന പശ്ചാത്തലത്തിൽ, കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കുന്ന വിളകൾ കർഷകർക്ക് എത്തിക്കാനുള്ള നീക്കം വേണ്ടതുതന്നെ. കർഷകർക്കുള്ള ധനസഹായം 6000 രൂപയിൽനിന്ന് വർധിപ്പിക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഉണ്ടായില്ല. സർവ മേഖലകളെയും സ്പർശിക്കാൻ ശ്രമിക്കുമ്പോഴും വികസന പ്രതീക്ഷ ഏറെ നൽകാത്തതും ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾക്കോ ജനപ്രതിനിധികൾക്കോ പോലും പൂർണ തൃപ്തിയില്ലാത്തതുമായ ബജറ്റാണ് അവതരിപ്പിക്കപ്പെട്ടതെന്നു വിലയിരുത്തേണ്ടിവരുന്നു.

# കാർഗിൽ യുദ്ധവിജയത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിച്ചു

കാശ്മീർ: ജമ്മു കാശ്മീരിൽ പാക്കിസ്ഥാൻ നടത്തുന്ന നിഴൽയുദ്ധത്തിനെതിരെ ശക്തമായ താക്കീതുമായി പ്രധാനമന്ത്രി നരേന്ദ്രമോദി. കാർഗിൽ യുദ്ധവിജയത്തിന്റെ 25-ാം വാർഷിക ദിനത്തിൽ, കാർഗിൽ ജില്ലയിലെ ദ്രാസിലുള്ള യുദ്ധസ്മാരകത്തിൽ വീരയോദ്ധാക്കൾക്ക് ആദരാഞ്ജലിയർപ്പിച്ചശേഷം സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ജമ്മു കേന്ദ്രീകരിച്ച്, പാക് പിന്തുണയോടെ ഭീകരാക്രമണങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിലാണ് പാക്കിസ്ഥാനു പരസ്യതാക്കീതുമായി പ്രധാനമന്ത്രി മോദി രംഗത്തെത്തിയത്.

ഇന്ത്യയ്ക്കെതിരെ പാക്കിസ്ഥാൻ നടത്തിയ ഹീനമായ നീക്കങ്ങളെല്ലാം പരാജയപ്പെട്ട ചരിത്രമാണുള്ളതെന്നും അതിൽനിന്ന് അവർ പാഠം പഠിച്ചിട്ടില്ലെന്നും മോദി പറഞ്ഞു. ഭീകരവാദത്തെയും നിഴൽയുദ്ധത്തെയും പിന്തുണച്ച് സ്വന്തം പ്രസക്തി നിലനിർത്താനാണ് ഇപ്പോഴും പാക്കിസ്ഥാന്റെ ശ്രമം. ഭീകരതയുടെ യജമാനൻമാർക്ക് എന്റെ ശബ്ദം നേരിട്ടു കേൾക്കാവുന്ന ഒരിടത്തുനിന്നാണു ഞാൻ സംസാരിക്കുന്നത്. ഭീകരതയുടെ രക്ഷിതാക്കളോട്, അവരുടെ കുത്സിത ശ്രമങ്ങൾ ഒരിക്കലും വിജയിക്കില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ സൈനികർ സർവ്വശക്തിയുമുപയോഗിച്ച് ഭീകരതയെ തച്ചുതകർക്കും. ശത്രുവിനു ശക്തമായ മറുപടി നൽകും- മോദി പറഞ്ഞു.



കാർഗിൽ യുദ്ധവിജയത്തിന്റെ 25-ാം വാർഷികദിനത്തിൽ ദ്രാസിലെ യുദ്ധസ്മാരകത്തിൽ വീരയോദ്ധാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലിയർപ്പിക്കുന്നു.

കഴിഞ്ഞകാലങ്ങളിൽ സൈന്യത്തിന്റെ ആവശ്യങ്ങൾ നിറവേറ്റിയില്ലെന്നാരോപിച്ച് കോൺഗ്രസിനെയും മോദി കടന്നാക്രമിച്ചു. കരസേനയുടെയും വ്യോമസേനയുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കോൺഗ്രസ് പരാജയപ്പെട്ടു.

ഹ്രസ്വകാല സൈനികസേവനത്തിനുള്ള അഗ്നിപഥ് പദ്ധതി ഉപേക്ഷിക്കില്ലെന്നു പ്രധാനമന്ത്രി വ്യക്തമാക്കി. സൈന്യം നടപ്പാക്കിയ അനിവാര്യമായ പരിഷ്കരണങ്ങൾക്ക് ഒരുദാഹരണമാണ് അഗ്നിപഥ്. സൈന്യത്തെ ചെറുപ്പമാക്കുകയും സദാ യുദ്ധസജ്ജമാക്കുകയുമാണ് അഗ്നിപഥ് പദ്ധതിയുടെ ലക്ഷ്യം.

ചിലരെ സംബന്ധിച്ച് സൈന്യമെന്നാൽ രാഷ്ട്രീയക്കാർക്കും പരേഡുകളിലും സല്യൂട്ട് ചെയ്യാൻ മാത്രമുള്ളതാണ്. സൈന്യമെന്നാൽ 140 കോടി പൗരന്മാരുടെ വിശ്വാസമാണ്. കാൽനൂറ്റാണ്ട് മുമ്പ് ധീരസൈനികർ നടത്തിയ മഹത്തായ ബലിദാനത്തിന്റെ മണ്ണാണു കാർഗിൽ. ഇന്ത്യക്കായി വീരമൃത്യു വരിച്ചവരുടെ പേരുകൾ ചിരകാലം നിലനിൽക്കും. കാർഗിൽ ബലിദാനികളായ സൈനികരോടു ഇന്ത്യയാകെ കടപ്പെട്ടിരിക്കുന്നു. ജമ്മു കാശ്മീരിന്റെയും ലഡാക്കിന്റെയും വികസനം അട്ടിമറിക്കുന്ന എല്ലാ വെല്ലുവിളികളെയും ഇന്ത്യ ചെറുത്തുതോൽപ്പിക്കും. ഭരണഘടനയുടെ 370-ാം വകുപ്പ് നീക്കം ചെയ്തിട്ട് അഞ്ചു വർഷമായി.

ജമ്മു കാശ്മീരിൽ ഇപ്പോൾ ശോഭനമായ ഭാവിയുടെ തിളക്കമാണുള്ളത്. അടിസ്ഥാനസൗകര്യ വികസനത്തിനു പുറമേ വിനോദസഞ്ചാരമേഖലയും ക്രമാനുഗതമായി വളരുകയാണ്- പ്രധാനമന്ത്രി പറഞ്ഞു.

## വിദേശകാര്യത്തിൽ കേരളം ഇടപെടരുതെന്ന് കേന്ദ്രം

ന്യൂഡൽഹി: മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥയായ കെ. വാസുകിയെ 'ബാഹ്യ സഹകരണം സംബന്ധിച്ച കാര്യങ്ങളുടെ ചുമതലയുള്ള സെക്രട്ടറി'യായി നിയമിച്ച കേരള സർക്കാരിന്റെ നടപടിയെ വിമർശിച്ചും മുന്നറിയിപ്പ് നൽകിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയം. ഏതെങ്കിലും വിദേശരാജ്യവുമായി ബന്ധപ്പെടുന്ന എല്ലാ കാര്യങ്ങളും കേന്ദ്രസർക്കാരിന്റെ മാത്രം അവകാശമാണെന്ന് ഭരണഘടന വ്യക്തമാക്കിയിട്ടുണ്ടെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

വിദേശകാര്യങ്ങൾ തീർച്ചയായും സംസ്ഥാന വിഷയമല്ല. ഭരണഘടന വ്യക്തമായി പറയുന്നതുപോലെ വിദേശകാര്യം എന്നതു ഭരണഘടനയിലെ 'കൺകറന്റ്' പട്ടികയിലല്ല. അതിനാൽ, ഭരണഘടനാപരമായ അധികാരപരിധിക്ക് അതീതമായ കാര്യങ്ങളിൽ സംസ്ഥാന സർക്കാരുകൾ കടന്നുകയറരുതെന്നാണ് തങ്ങളുടെ നിലപാട്- വാസുകിക്കും വിദേശസഹകരണത്തിന്റെ അധിക ചുമതല നൽകിയ കേരള സർക്കാരിന്റെ വിവാദ നിയമനത്തെക്കുറിച്ചുള്ള ചോദ്യത്തിനു മറുപടിയായി കേന്ദ്ര വിദേശകാര്യ വക്താവ് പറഞ്ഞു.

മുൻ അംബാസഡർ വേണു രാജാമണിയെ ഇതേ തസ്തികയിൽ മുമ്പ് നിയമിച്ചിരുന്നതാണെന്നും കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ അധികാരങ്ങളിൽ കടന്നുകയറിയിട്ടില്ലെന്നുമാണ് കേരള സർക്കാരിന്റെ വിശദീകരണം. വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന മലയാളികളായ പ്രവാസികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വിദേശകാര്യ മന്ത്രാലയവുമായി ഏകോപിപ്പിക്കുകയാണു ലക്ഷ്യം. മുമ്പ് വേണു രാജാമണിയെ നിയമിച്ചപ്പോൾ ഇത്തരം വിവാദങ്ങൾ ഉണ്ടായതുമില്ല. വാസുകിയെ വിദേശകാര്യ സെക്രട്ടറിയായി നിയമിച്ചുവെന്നത് വ്യാജ വാർത്തയാണ്.

ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു രാഷ്ട്രീയ വിവാദം ഉണ്ടാക്കാനുള്ള ബിജെപിയുടെ ശ്രമമാണ് വിവാദത്തിനു പിന്നിലെന്നുമാണ് കേരളസർക്കാരിന്റെ അനൗദ്യോഗിക വിശദീകരണം. അതേസമയം, വിദേശകാര്യങ്ങളിൽ കേന്ദ്രസർക്കാരിന്റെ അധികാരത്തിനു പകരംവെക്കാമെന്ന് കേരള സർക്കാരിനു ചിന്തിക്കാൻപോലും കഴിയില്ലെന്ന് ഡോ. ശശി തരൂർ എംപി പറഞ്ഞു. ഭരണഘടനാപരമായി വിദേശബന്ധം കേന്ദ്രസർക്കാരിന്റെ ഉത്തരവാദിത്വമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഐഎഎസ് ഉദ്യോഗസ്ഥയെ വിദേശകാര്യ സെക്രട്ടറിയായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമിച്ചത് ഭരണഘടനാ ലംഘനവും കേന്ദ്രസർക്കാരിന്റെ അധികാരത്തിന്മേലുള്ള നഗ്നമായ കടന്നുകയറ്റവുമാണെന്ന് ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ.സുരേന്ദ്രൻ ആരോപിച്ചു.

## മതം മാറുന്നവർക്ക് രേഖകൾ തിരുത്തിക്കിട്ടാൻ അവകാശം: ഹൈക്കോടതി

കൊച്ചി: മതം മാറുന്ന വ്യക്തിക്ക് അതുപ്രകാരം രേഖകൾ തിരുത്തി കിട്ടാൻ അവകാശമുണ്ടെന്നു ഹൈക്കോടതി. മതസ്വാതന്ത്ര്യം ഭരണഘടന അനുശാസിക്കുന്നതാണെന്നും ഏതെങ്കിലും മതത്തിൽ ജനിച്ചുവെന്ന കാരണത്താൽ വ്യക്തിയെ ആ മതത്തിൽ തന്നെ തളച്ചിടാൻ സാധിക്കില്ലെന്നും കോടതി പറഞ്ഞു. മതംമാറിയ സഹോദരങ്ങൾക്കു വിദ്യാഭ്യാസ രേഖകളിൽ തിരുത്തൽ അനുവദിച്ചുകൊണ്ടാണു കോടതി വിധി. ഹിന്ദു മാതാപിതാക്കൾക്കു ജനിച്ച് പിന്നീടു ക്രിസ്തുമതം സ്വീകരിച്ച കൊച്ചി മഞ്ഞുമ്മൽ സ്വദേശികളായ ലോഹിത്, ലോജിത് എന്നിവർ നൽകിയ ഹർജികളിലാണു ജസ്റ്റിസ് വി.ജി. അരുണിന്റെ ഉത്തരവ്. 2017-ൽ മതം മാറിയ ഹർജിക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്തശേഷം സ്കൂൾ രേഖകൾ തിരുത്താൻ അപേക്ഷ നൽകി. പേരു തിരുത്തി നൽകാൻ പരീക്ഷാ കമ്മീഷണർ വിസമ്മതിച്ചതു ചോദ്യം ചെയ്താണു ഹർജി. സ്കൂൾ രേഖകളിൽ മതം തിരുത്താൻ വ്യവസ്ഥയില്ലെന്ന കാരണമാണ് അധികൃതർ പറഞ്ഞത്. സ്കൂൾ രേഖയിൽ മതം തിരുത്താൻ വ്യവസ്ഥയില്ലെന്ന പേരിൽ ഒരാളെയും ജനിച്ച മതത്തിൽതന്നെ തളച്ചിടാനാവില്ലെന്നു കോടതി പറഞ്ഞു.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# ദർബാർ ഹാളിന്റെയും അശോക് ഹാളിന്റെയും പേരുകൾ മാറ്റി

ന്യൂഡൽഹി: രാഷ്ട്രപതി ഭവനിലെ ദർബാർ ഹാളിന്റെയും അശോക് ഹാളിന്റെയും പേരുകൾ യഥാക്രമം ഗണതന്ത്ര മണ്ഡപ്, അശോക മണ്ഡപ് എന്നിങ്ങനെ മാറ്റി. ഭാരതീയ സംസ്കാരവും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിലേക്ക് മാറുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു നീക്കമെന്നാണ് രാഷ്ട്രപതി ഭവന്റെ വിശദീകരണം. ദേശീയ പുരസ്കാര സമർപ്പണം ഉൾപ്പെടെയുള്ള നിരവധി ചടങ്ങുകൾ നടക്കുന്ന വേദിയാണ് ദർബാർ ഹാൾ. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ രാജാക്കന്മാരും ബ്രിട്ടീഷ് ഭരണാധികാരികളും ഇവിടെവെച്ച് കൂടിക്കാഴ്ച നടത്തിയിരുന്നു. എന്നാൽ, രാജ്യം സ്വതന്ത്രമായതോടെ ദർബാർ എന്ന വാക്കിന്റെ പ്രസക്തി ഇല്ലാതായെന്നും അതിനാൽ പുതിയ പേര് നല്കുകയാണെന്നുമാണ് രാഷ്ട്രപതി ഭവൻ പുറത്തിറക്കിയ വിജ്ഞാപനത്തിൽ വ്യക്തമാക്കിയത്. ഇംഗ്ലീഷ് പദം ഒഴിവാക്കുന്നതിന്റെ ഭാഗമായാണ് അശോക ഹാൾ എന്നതിനു പകരം അശോക മണ്ഡപം എന്നാക്കിയതെന്നും വിജ്ഞാപനത്തിൽ പറയുന്നുണ്ട്. കൂടാതെ ഗണതന്ത്ര എന്ന വാക്ക് പ്രാദേശികമാണെന്നും ഇന്ത്യൻ സംസ്കാരത്തിൽ വേരൂന്നിയ ഈ വാക്കിന്റെ അർത്ഥം ജനാധിപത്യമെന്നാണെന്നും വിജ്ഞാപനത്തിൽ ചൂണ്ടിക്കാട്ടി. അതേസമയം ദർബാർ എന്നതിനു പകരം ശഹൻഷാ (ചക്രവർത്തി) എന്നാണ് ആകേണ്ടതെന്ന് എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി വിഷയവുമായി ബന്ധപ്പെട്ട് വിമർശിച്ചു.

# ജസ്റ്റിസ് അലക്സാണ്ടർ തോമസ് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ

തിരുവനന്തപുരം: കേരള ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസ് , ജസ്റ്റീസ് അലക്സാണ്ടർ തോമസിനെ മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സണായി നിയമിക്കാനുള്ള ശിപാർശ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അംഗീകരിച്ചു. മുഖ്യമന്ത്രി, സ്പീക്കർ, പ്രതിപക്ഷനേതാവ് എന്നിവരടങ്ങിയ ഉന്നതതല സമിതി ഏകകണ്ഠമായാണ് ജസ്റ്റിസ് അലക്സാണ്ടർ തോമസിന്റെ പേര് ഗവർണർക്ക് കൈമാറിയത്.



2014 ജനുവരി 23 മുതൽ 2023 സെപ്റ്റംബർ നാല് വരെ കേരള ഹൈക്കോടതിയിൽ ജഡ്ജിയായി പ്രവർത്തിച്ചിട്ടുള്ള ജസ്റ്റിസ് അലക്സാണ്ടർ തോമസ് 2023 ജൂലൈയിൽ ആക്ടിംഗ് ചീഫ് ജസ്റ്റിസുമായിരുന്നു.

ലണ്ടൻ സർവകലാശാലയിൽ നിന്ന് നിയമപരിശീലനം നേടിയ ന്യായാധിപനാണ് അദ്ദേഹം. ഭരണഘടന, ക്രിമിനൽ, സിവിൽ, തൊഴിൽ, സർവീസ്, കമ്പനി നിയമങ്ങളിൽ അവഗാഹമുള്ള ജസ്റ്റിസ് അലക്സാണ്ടർ തോമസ് കേരള ഹൈക്കോടതി ജഡ്ജിയായിരിക്കെ 25,000-ത്തോളം കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. കേരള ജുഡീഷ്യൽ അക്കാഡമിയുടെ പ്രസിഡണ്ടും കേരള ലീഗൽ സർവീസസ് അഥോറിറ്റിയുടെ എക്സിക്യൂട്ടീവ് ചെയർമാനായും കേരള സംസ്ഥാന മീഡിയേഷൻ ആൻഡ് കൺസീലിയേഷൻ സെന്ററിന്റെ പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള യൂണിറ്റ് എക്സിക്യൂട്ടീവ് ചെയർമാനായിരുന്നു. ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്ന് എൽഎൽബിയും കൊച്ചിൻ സർവകലാശാലയിൽ നിന്ന് എംഎസ്സിയും നേടി. കോമൺവെൽത്ത് യംഗ് ലോയേഴ്സ് കോഴ്സിൽ ബ്രിട്ടീഷ് സർക്കാരിന്റെ സ്കോളർഷിപ് ലഭിച്ച നാല് ഇന്ത്യൻ അഭിഭാഷകരിൽ ഒരാളാണ് ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

## കേജ്‌രിവാളിന്റെ ആരോഗ്യനില;
# ഇന്ത്യാ സഖ്യം പ്രക്ഷോഭത്തിന്

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളിന്റെ ആരോഗ്യനില വഷളായതിനെത്തുടർന്ന് കേന്ദ്ര സർക്കാരിനെതിരെ പ്രതിപക്ഷ ഇന്ത്യാ സഖ്യം പ്രക്ഷോഭത്തിന് തയാറെടുക്കുന്നു. കേജ്‌രിവാളിന്റെ ആരോഗ്യംവെച്ച് സർക്കാർ കളിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ച് ഇന്ത്യാ സഖ്യം 30-ന് ജന്തർ മന്തറിൽ വൻ റാലി സംഘടിപ്പിക്കുമെന്ന് ആം ആദ്മി പാർട്ടി അറിയിച്ചു.

കേജ്‌രിവാളിനെ ജയിലിൽ വെച്ചു തന്നെ കൊല്ലാൻ ബിജെപി ഗൂഢാലോചന നടത്തിയെന്നും ജൂൺ മൂന്നിനും ജൂലൈ ഏഴിനും ഇടയിൽ അദ്ദേഹത്തിന്റെ രക്തത്തിൽ പഞ്ചസാരയുടെ അളവ് 28 തവണ കുറഞ്ഞെന്നും എഎപി അറിയിച്ചു.

ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ സിബിഐ അറസ്റ്റ് ചെയ്തതു മുതൽ അദ്ദേഹം തിഹാർ ജയിലിലാണ്.

ഡൽഹി മുഖ്യമന്ത്രിയുടെ ജയിലിൽ ആരോഗ്യം തകർക്കാൻ ബിജെപിയും നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരും ശ്രമിക്കുകയാണ്. കേജ്‌രിവാളിന് ശരീരഭാരം കുറയുകയും രക്തത്തിലെ പഞ്ചസാരയുടെ അളവ് അപകടകരമാംവിധം കുറയുകയും ചെയ്തതായി പാർട്ടി അവകാശപ്പെട്ടു. കോമയോ മസ്തിഷ്ക ക്ഷതം ഉൾപ്പെടെയുള്ള ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ അദ്ദേഹത്തിനു നേരിടേണ്ടിവരുമെന്ന് എഎപി സൂചിപ്പിച്ചു.



സഹതാപത്തിനായി കേജ്‌രിവാൾ മനഃപൂർവം കലോറി കുറഞ്ഞ ഭക്ഷണക്രമം പിന്തുടരുകയാണെന്നായിരുന്നു ഇതിനോടുള്ള ബിജെപിയുടെ മറുപടി. ജനപിന്തുണ നേടാനാണ് കേജ്‌രിവാൾ തന്റെ ഭക്ഷണക്രമം ഉപയോഗിക്കുന്നതെന്ന് ബിജെപി നേതാവ് ഷാസിയ ഇൽമി ആരോപിച്ചു. കേജ്‌രിവാൾ തന്റെ നിർദേശിച്ച മെഡിക്കൽ ഭക്ഷണവും മരുന്നുകളും മനഃപൂർവം ഒഴിവാക്കുകയാണ്. ആവശ്യത്തിന് വീട്ടിൽ പാകംചെയ്ത ഭക്ഷണം ലഭിച്ചിട്ടും കേജ്‌രിവാൾ മനഃപൂർവം കലോറി കുറഞ്ഞ ഭക്ഷണം കഴിക്കുകയാണെന്നു ജയിൽ റിപ്പോർട്ട് മുൻനിർത്തി ചീഫ് സെക്രട്ടറി നരേഷ് കുമാറിന് ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വി.കെ. സക്സേന അയച്ച കത്തിൽ ആരോപിച്ചു.

കേജ്‌രിവാളിന്റെ അറസ്റ്റ് രാഷ്ട്രീയ പകപോക്കലാണ്. ഇഡി മാസങ്ങളോളം തെരച്ചിൽ നടത്തിയിട്ടും കൈക്കൂലി വാങ്ങിയ പണം കണ്ടെത്താനായില്ല. അദ്ദേഹത്തിനെതിരെയുള്ള ആരോപണങ്ങൾ ആം ആദ്മി പാർട്ടി തള്ളിക്കളഞ്ഞു. അതേസമയം, കേജ്‌രിവാളിനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്നു മാറ്റാൻ ഉത്തരവിടണമെന്ന് ആവശ്യപ്പെട്ട് നിരവധി ഹർജികൾ സമർപ്പിച്ചിരുന്നു. നിയമപരമല്ലെന്നും ലഫ്റ്റനന്റ് ഗവർണർ വി.കെ. സക്സേനയ്ക്ക് മാർഗനിർദേശം നൽകേണ്ടതില്ലെന്നും വ്യക്തമാക്കി സുപ്രീം കോടതി കഴിഞ്ഞ മേയിൽ അത്തരമൊരു ഹർജി റദ്ദാക്കിയിരുന്നു.

# നീതി ആയോഗ് നിർത്തലാക്കണം: മമത

ന്യൂഡൽഹി: നീതി ആയോഗ് നിർത്തലാക്കണമെന്നും ആസൂത്രണ കമ്മീഷൻ തിരികെ കൊണ്ടുവരണമെന്നും പശ്ചിമബംഗാൾ മുഖ്യമന്ത്രി മമത ബാനർജി ആവശ്യപ്പെട്ടു.

പശ്ചിമ ബംഗാൾ വിഭജിക്കണമെന്ന കേന്ദ്രമന്ത്രി സുകാന്ത മജുംദാറിന്റെ പരാമർശത്തെയും അവർ വിമർശിച്ചു. ഏകോപനമാണു പ്രശ്നം. എല്ലാ സംസ്ഥാനങ്ങൾക്കും അതിന്റേതായ മുൻഗണനകളുണ്ട്. പക്ഷേ, ഞാൻ ഫെഡറലിസത്തിൽ വിശ്വസിക്കുന്നു. ഇന്ത്യയെ ശിഥിലമാക്കാനാണ് ബിജെപി ആഗ്രഹിക്കുന്നത്. അവരുടെ നേതാക്കൾ വിഭജനത്തെക്കുറിച്ചു സംസാരിക്കുന്നു- മമത ബാനർജി പറഞ്ഞു.

കലാപബാധിതമായ ബംഗ്ലാദേശിൽനിന്നുള്ള അഭയാർത്ഥികൾക്ക് അഭയം നൽകുമെന്ന തന്റെ പരാമർശത്തെ എതിർത്ത വിദേശകാര്യ മന്ത്രാലയത്തിനെതിരെയും മമതാ ബാനർജി ആഞ്ഞടിച്ചു. എനിക്ക് ഫെഡറൽ ഘടനയെക്കുറിച്ച് നന്നായി അറിയാം. ഞാൻ ഏഴ് തവണ എംപിയായിരുന്നു. രണ്ടു തവണ കേന്ദ്രമന്ത്രിയായിരുന്നു.

മറ്റാരെക്കാളും വിദേശമന്ത്രാലയത്തിന്റെ നയം എനിക്കറിയാം. അവർ എന്നെ പഠിപ്പിക്കാൻ നോക്കണ്ട. പകരം അവർ സംവിധാനത്തിൽനിന്നു പാഠം പഠിക്കണം- മമത പറഞ്ഞു.

അതിനിടെ, മമത ബാനർജിയുടെ പരാമർശത്തിൽ ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം അതൃപ്തി പ്രകടിപ്പിച്ചു. ധാക്കയിൽനിന്നു രേഖാമൂലം പരാതി ലഭിച്ചതായി ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

# ക്ലിഫ്ഹൗസ് നവീകരണത്തിന് 1.80 കോടി ചെലവിട്ടു

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ്ഹൗസിലെ നിർമ്മാണങ്ങൾക്കായി മരാമത്ത് വകുപ്പ് മൂന്നു വർഷത്തിനിടെ ചെലവാക്കിയത് 1.80 കോടി രൂപ. കാലിത്തൊഴുത്തിന് 23 ലക്ഷവും ചാണകക്കുഴിക്ക് 4.40 ലക്ഷവും ചെലവാക്കി. ഏറ്റവും കൂടുതൽ തുകയുടെ നിർമ്മാണക്കരാർ ഊരാളുങ്കൽ ലേബർ സൊസൈറ്റിക്കാണ്.

ഏറ്റവും കൂടുതൽ തുകയായത് സെക്യൂരിറ്റി ഗാർഡ് റൂം നിർമ്മിക്കാനാണ്. 98 ലക്ഷം രൂപ. ലിഫ്റ്റ് വെക്കാൻ 17 ലക്ഷവും ലിഫ്റ്റ് വെച്ചപ്പോൾ പൈപ്പ് ലൈൻ മാറ്റാനായി 5.65 ലക്ഷവും വേണ്ടിവന്നു. 12 ലക്ഷമാണ് ക്ലിഫ് ഹൗസിലെ പെയിന്റിങ് ചെലവ്. രണ്ട് തവണയായി ശുചിമുറി നന്നാക്കാൻ 2.95 ലക്ഷം മുടക്കി. ബാക്കിയുള്ള പണികളുടെ ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്. 2021 മുതൽ ചെലവഴിച്ച തുകയുടെ കണക്കാണ് നിയമസഭയിൽ വെളിപ്പെടുത്തിയത്.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers

24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# മോൻസ് ജോസഫ് എംഎൽഎ, ലാലു അലക്സ്, ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി എന്നിവർക്ക് മിസ്സോറി സിറ്റിയുടെ ആദരവ്

ജോസ് കണിയാലി







മിസ്സോറി സിറ്റി: മുൻ മന്ത്രിയും കേരളാ കോൺഗ്രസ് നേതാവും എംഎൽഎയുമായ അഡ്വ. മോൻസ് ജോസഫ്, ചലച്ചിത്ര നടൻ ലാലു അലക്സ്, ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി എന്നിവരെ മിസ്സോറി സിറ്റി ആദരിച്ചു. മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് മൂവർക്കും പ്രശംസാപത്രം നൽകിയാണ് ആദരവ് അർപ്പിച്ചത്.

മലയാളികൾ തന്റെ സിറ്റിയിലേക്ക് കടന്നു വരുമ്പോൾ ജന്മനാട് തന്നെ കാണാൻ വരുന്നതുപോലെ ആണെന്നും വ്യത്യസ്ത മേഖലയിലെ വ്യത്യസ്തരായ മൂന്ന് വ്യക്തിത്വങ്ങളെ സിറ്റിക്ക് സ്വീകരിക്കുവാൻ സാധിച്ചതിൽ ചാരിതാർത്ഥ്യം ഉണ്ടെന്നും മേയർ റോബിൻ ഇലക്കാട്ട് പറഞ്ഞു.

മലയാളികൾക്ക് അഭിമാനിക്കാവുന്ന അമേരിക്കൻ മേയറാണ് റോബിൻ ഇലക്കാട്ടെന്ന് ആദരവ് സ്വീകരിച്ചുകൊണ്ട് അഡ്വ. മോൻസ് ജോസഫ് എംഎൽഎ പറഞ്ഞു. ഈയിടെ ഉണ്ടായ കൊടുങ്കാറ്റിൽ മിസ്സോറി സിറ്റിയിൽ ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് മേയർ റോബിൻ ഇലക്കാട്ട് ഉദ്യോഗസ്ഥർക്കൊപ്പവും സിറ്റിയിലെ ജനങ്ങൾക്കൊപ്പവും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഇറങ്ങിയത് അഭിമാനത്തോടെയാണ് ഏതാണ്ട് നൂറോളം കുടുംബങ്ങൾ തന്നോട് പങ്കുവെച്ചത്. ഇങ്ങനെ ഒരു മേയർ അമേരിക്കയിൽ വേറെ ഉണ്ടാകുമോ എന്ന് സംശയമാണ്. അത് ഞങ്ങൾ പൊതുപ്രവർത്തകർക്കും പ്രത്യേകിച്ച് മലയാളികൾക്കും അഭിമാനകരമായ നിമിഷമാണ് അദ്ദേഹം സമ്മാനിക്കുന്നത്. ഒന്നാം തവണയിൽനിന്ന് മികച്ച ഭൂരിപക്ഷത്തിൽ വിജയിച്ച റോബിൻ ഇലക്കാട്ട് മിസ്സോറി സിറ്റിയിൽ നടത്തിയ ഭരണപരിഷ്കാരങ്ങൾ ഏറെ ശ്രദ്ധിക്കപ്പെടുകയും ജനങ്ങൾ അത് സ്വീകരിക്കുകയും ചെയ്തതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ ജനസ്വീകാര്യത കാണിക്കുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.





ക്നാനായ കൺവൻഷൻ വേദിയിൽ റോബിൻ ഇലക്കാട്ട് നടത്തിയ പ്രസംഗത്തോടെ അദ്ദേഹത്തിന്റെ ഫാൻ ആയി മാറിയ തനിക്ക് മിസ്സോറി സിറ്റിയിലേക്ക് വന്നപ്പോൾ തന്നെ അദ്ദേഹത്തിന്റെ പ്രവർത്തന വിജയത്തിന്റെ ടെക്നിക്ക് മനസ്സിലായി. ജനങ്ങളോടൊപ്പം നിന്നാൽ ലോകത്തിന്റെ ഏത് സ്ഥലത്തായാലും ഒരു നേതാവിന് ജനകീയനായി തീരാൻ അധികം സമയം വേണ്ടിവരില്ല എന്ന് റോബിൻ ഇലക്കാട്ട് തെളിയിച്ചിരിക്കുന്നു എന്ന് ചലച്ചിത്ര നടൻ ലാലു അലക്സും പറഞ്ഞു.

ഓട്ടിസം ബാധിച്ച കുട്ടികളുടെ പ്രശ്നങ്ങൾ, തുടർ ചികിത്സ തുടങ്ങിയ വിഷയങ്ങളിൽ മിസ്സോറി സിറ്റിയും കേരളവും തമ്മിൽ ഒരു എക്സ്ചേഞ്ച് പ്രോഗ്രാം നടപ്പിലാക്കാൻ ശ്രമിക്കുമെന്നും മേയർ റോബിൻ ഇലക്കാട്ടിന്റെ ജനസമ്മതി തന്നെ അത്ഭുതപ്പെടുത്തിയെന്നും പ്രയാന്ത സെന്റർ ഫോർ ചൈൽഡ് ഡവലപ്മെന്റ് (കൊച്ചി) ഡയറക്ടർ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി അഭിപ്രായപ്പെട്ടു.





മിസ്സോറി സിറ്റിയുടെ വളർച്ചയിൽ മലയാളത്തിന്റെ മേയറുടെ കൈയ്യൊപ്പ് സിറ്റിയുടെ ചരിത്രത്തിൽ രേഖപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

സിറ്റി മാനേജർ ഏയ്ഞ്ചൽ എൽ. ജോൺസ്, ജെയിംസ് തെക്കനാട്ട്, ഹൂസ്റ്റണിലെ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രഗത്ഭർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ജനപ്രിയ പ്രഖ്യാപനങ്ങളില്ലാത്ത മൂന്നാം മോദി സർക്കാരിന്റെ ബജറ്റ്

ന്യൂഡൽഹി: *പ്രതിരോധ മേഖലയ്ക്ക് 6.21 ലക്ഷം കോടി രൂപ. ഇത് ആകെ ബജറ്റിന്റെ 12.9 ശതമാനം. *കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് 2.19 ലക്ഷം കോടി രൂപ. ഇതിൽ 1.43 ലക്ഷം കോടി രൂപ സിആർപിഎഫ്, ബിഎസ്എഫ്, സിഐഎസ്എഫ് തുടങ്ങിയ കേന്ദ്രസേനകൾക്ക്. *വിദ്യാഭ്യാസ, നൈപുണ്യ മേഖലകൾക്ക് 1.48 ലക്ഷം കോടി. *മുദ്ര വായ്പയുടെ പരിധി 10 ലക്ഷത്തിൽനിന്ന് 20 ലക്ഷമാക്കി ഉയർത്തി. *അഞ്ചു വർഷംകൊണ്ട് നഗരങ്ങളിലെ പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും ഒരു കോടി വീട് നിർമിക്കും. *കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന വിളകൾ കർഷകർക്കു ലഭ്യമാക്കും. *ആദ്യമായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഇപിഎഫ് എൻറോൾമെന്റ് പിന്തുണ. *ഇന്ത്യയിലെ 500 പ്രധാന സ്ഥാപനങ്ങളിൽ അഞ്ചു വർഷത്തിനകം ഒരു കോടി യുവാക്കൾക്ക് ഇന്റേൺഷിപ്പ് ചെയ്യാൻ സൗകര്യമൊരുക്കും. *കൂടുതൽ തദ്ദേശീയ താപവൈദ്യുതി നിലയങ്ങൾ. *ഒരു കോടി വീടുകൾക്കുകൂടി സോളാർ പദ്ധതി സ്ഥാപിക്കാൻ സഹായം. *പ്രളയദുരിതം നേരിടാൻ ബീഹാറിന് 11,500 കോടി രൂപയുടെ സഹായം. *പ്രധാനമന്ത്രി ഗ്രാമ സടക് യോജന ഫേസ് 4 അവതരിപ്പിക്കും. എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാവുന്ന റോഡുകളാണ് ഇതിൽ നിർമിക്കുക. *കർഷകർക്കുള്ള ധനസഹായം 6000 രൂപയായി തുടരും. *കാൻസർ രോഗത്തിനുള്ള മൂന്നു മരുന്നുകൾക്കുകൂടി കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കി. *സ്വർണത്തിന്റെയും വെള്ളിയുടെയും കസ്റ്റംസ് ഡ്യൂട്ടി കുറച്ചു. സ്വർണം, വെള്ളി വില കുറയും. *ലെതർ ഉത്പന്നങ്ങളുടെയും തുണിത്തരങ്ങളുടെയും വില കുറയും. *പ്ലാസ്റ്റിക്കിന്റെ കസ്റ്റംസ് ഡ്യൂട്ടി കൂട്ടും. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വില ഉയരും. *സമുദ്രോത്പന്ന കയറ്റുമതി വർധിപ്പിക്കാൻ നികുതിയിളവ്. *ആദായനികുതി റിട്ടേൺ വൈകിയാൽ ക്രിമിനൽ നടപടികൾ സ്വീകരിക്കില്ല. *സ്റ്റാർട്ടപ്പുകൾക്ക് ഏയ്ഞ്ചൽ ടാക്സ് എല്ലാ വിഭാഗത്തിലും ഒഴിവാക്കി. *വിദേശസ്ഥാപനങ്ങൾക്കുള്ള കോർപറേറ്റ് ടാക്സ് 35 ശതമാനമാക്കി കുറച്ചു. *പത്തു ലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പാ സഹായം. *അഞ്ചു വർഷംകൊണ്ട് 20 ലക്ഷം യുവാക്കൾക്ക് നൈപുണ്യ പരിശീലനം. *ബീഹാറിലെ ഹൈവേ വികസനത്തിന് 26,000 കോടി. *ആന്ധ്രപ്രദേശ് തലസ്ഥാന വികസനത്തിന് 15,000 കോടി രൂപ. *വനിതാ ശാക്തീകരണ പദ്ധതികൾക്ക് മൂന്നു ലക്ഷം കോടി രൂപ.



ബജറ്റ് അവതരണത്തിനു മുന്നോടിയായി രാഷ്ട്രപതിഭവനിലെത്തിയ ധനമന്ത്രി നിർമല സീതാരാമന് രാഷ്ട്രപതി ദ്രൗപദി മുർമു മധുരം നൽകുന്നു.

## കേരളത്തിനോട് അവഗണന

ന്യൂഡൽഹി: കേരളത്തിൽനിന്ന് ആദ്യമായി എംപിയുണ്ടായിട്ടും മൂന്നാം മോദി സർക്കാരിന്റെ ആദ്യബജറ്റിൽ കേരളത്തിന് നിരാശ. കേരളത്തിന് ആശ്വാസം നൽകുന്ന ഒന്നും ഈ ബജറ്റിൽ പ്രഖ്യാപിച്ചില്ല. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ 24,000 കോടി രൂപയുടെ ധനസഹായം കേരളം ആവശ്യപ്പെട്ടിരുന്നു. ഫിഷറീസ് മേഖലയിൽ ലഭിക്കുന്ന നേട്ടമൊഴിച്ചാൽ പേരിനുപോലും ഒരു പദ്ധതി കേരളത്തിനായി ലഭിച്ചില്ല. പ്രളയബാധിത സംസ്ഥാനങ്ങൾക്കു ലഭിച്ച പ്രത്യേക സാമ്പത്തിക സഹായത്തിൽനിന്നും കേരളത്തെ ഒഴിവാക്കി. 2018 മുതൽ കഴിഞ്ഞ വർഷംവരെയും മഴക്കെടുതികൾ കേരളത്തെ കാര്യമായി ബാധിച്ചിരുന്നു.

കേരളത്തിന് എയിംസ് അനുവദിക്കണമെന്ന് കാലങ്ങളായി കേരളം ഉയർത്തുന്ന ആവശ്യമാണ്. ഇത് തങ്ങളിലൂടെ യാഥാർഥ്യമാക്കാൻ സാധിക്കുമെന്ന് ബിജെപി നേതാക്കളും അവകാശപ്പെട്ടിരുന്നു. എന്നാൽ, ബജറ്റിൽ ഇതുമായി ബന്ധപ്പെട്ട യാതൊരു പ്രഖ്യാപനവും ഉണ്ടായില്ല. വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് പ്രത്യേക സഹായമായി 5000 കോടി രൂപയുടെ പാക്കേജ് കേരളം ആവശ്യപ്പെട്ടിരുന്നു. സിൽവർ ലൈൻ പദ്ധതിയടക്കമുള്ളവയ്ക്ക് അനുമതി നൽകണമെന്ന ആവശ്യവും കേരളം ഉന്നയിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിലും നിരാശയായിരുന്നു ഫലം. നിലമ്പൂർ-നഞ്ചൻകോട്, അങ്കമാലി-ശബരി, തലശേരി-മൈസൂരു റെയിൽപാതകളും കേരളം ബജറ്റിൽ പ്രതീക്ഷിച്ചിരുന്നു.

റബറിന്റെ താങ്ങുവില 250 രൂപയാക്കി ഉയർത്തൽ, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, വയനാട് തുരങ്കപാതയുടെ നിർമാണത്തിന് സഹായം തുടങ്ങിയവയും കേരളത്തിന്റെ ആവശ്യങ്ങളായിരുന്നു. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് യാതൊരു പ്രഖ്യാപനങ്ങളും കേന്ദ്രബജറ്റിൽ ഉണ്ടായില്ല. ടൂറിസം രംഗത്തും കേരളത്തിന് പ്രയോജനകരമാകുന്ന പ്രഖ്യാപനങ്ങൾ ഒന്നുംതന്നെ നടത്തിയില്ല. ശബരിമല, ഗുരുവായൂർ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുള്ള തീർത്ഥാടന ടൂറിസ വികസനം, നാഗപട്ടണം മുതൽ തൃശൂർ വരെ നീണ്ടുകിടക്കുന്ന ടൂറിസം സർക്യൂട്ട് തുടങ്ങിയ പദ്ധതികളും ബജറ്റിൽ ഇടം നേടിയില്ല.

# മോദിയുടെ റഷ്യാ സന്ദർശനം: യുഎസ് ആശങ്ക തള്ളിക്കളഞ്ഞ് ഇന്ത്യ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യാ സന്ദർശനത്തെച്ചൊല്ലി അമേരിക്കയുടെ ആശങ്ക തള്ളി ഇന്ത്യ. ബഹുസ്വരലോകത്തിൽ എല്ലാ രാജ്യങ്ങൾക്കും ഉഭയകക്ഷി ബന്ധങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നു വിദേശകാര്യവക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

യുഎസ് പ്രസിഡണ്ട് ജോ ബൈഡന്റെ നേതൃത്വത്തിൽ നാറ്റോ സമ്മേളനം വാഷിങ്ടണിൽ നടക്കുമ്പോൾതന്നെ പ്രധാനമന്ത്രി മോദി റഷ്യ സന്ദർശിച്ച് പ്രസിഡണ്ട് വ്ളാഡിമിർ പുടിനുമായി സൗഹൃദം പങ്കിട്ടതിൽ യുഎസ് വിദേശകാര്യ അസിസ്റ്റന്റ് സെക്രട്ടറി ഡോണൾഡ് ലൂ ഉൾപ്പെടെ അതൃപ്തി പ്രകടിപ്പിച്ചിരുന്നു.

എന്നാൽ, ഇന്ത്യയും റഷ്യയും തമ്മിലുള്ള ബന്ധം പരസ്പരതാത്പര്യങ്ങളുടെ അടിസ്ഥാനത്തിലാണെന്നു രൺവീർ ജയ്സ്വാൾ പ്രതികരിച്ചു. റഷ്യയുമായി ഇന്ത്യയ്ക്കു ദീർഘകാലബന്ധമാണുള്ളത്. ബഹുസ്വരലോകത്തിൽ എല്ലാ രാജ്യങ്ങൾക്കും ബന്ധങ്ങൾ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്.

ആ യാഥാർഥ്യം ഉൾക്കൊള്ളാനും അംഗീകരിക്കാനും എല്ലാവരും തയാറാകണം. ഇന്ത്യ-റഷ്യ ബന്ധത്തിനു നിരവധി മാനങ്ങളുണ്ട്. മോദിയുടെ സന്ദർശനത്തിനു സാമ്പത്തികവശങ്ങളുമുണ്ട്- രൺവീർ പറഞ്ഞു.

പെട്രോളിയം മേഖലയിലുൾപ്പെടെ, 2030 ആകുമ്പോഴേക്ക് 100 ബില്യൺ ഡോളറിന്റെ വ്യാപാരലക്ഷ്യത്തിനു മോദി-പുടിൻ കൂടിക്കാഴ്ചയിൽ ധാരണയായിരുന്നു. തമിഴ്നാട്ടിലെ കൂടംകുളം ആണവനിലയത്തിനുള്ള ഇന്ധനം സംബന്ധിച്ചാണു മറ്റൊരു ധാരണ.

യുഎസ് കോൺഗ്രസിൽ നടത്തിയ പ്രസംഗത്തിലാണു വിദേശകാര്യ സെക്രട്ടറി ഡോണൾഡ് ലൂ, റഷ്യ സന്ദർശിക്കാൻ മോദി തെരഞ്ഞെടുത്ത സമയത്തിൽ അതൃപ്തിയറിയിച്ചത്. റിപ്പബ്ലിക്കൻ അംഗം ജോ വിൽസണാണ് വിഷയം കോൺഗ്രസിൽ ഉന്നയിച്ചത്. റഷ്യാ സന്ദർശനത്തിനു രണ്ടാഴ്ച മുമ്പ് ഇറ്റലിയിൽ നടന്ന ജി7 ഉച്ചകോടിക്കിടെ മോദി യുക്രെയ്ൻ പ്രസിഡണ്ട് വ്ളാഡിമിർ സെലൻസ്കിയുമായി നടത്തിയ കൂടിക്കാഴ്ചയും ലൂ പരാമർശിച്ചു.

മോദിയുടെ റഷ്യൻ സന്ദർശനത്തിൽ പ്രധാനപ്പെട്ട പ്രതിരോധ കരാറുകളൊന്നും ഉണ്ടായതായി അറിവില്ലെന്ന് അദ്ദേഹം പറഞ്ഞു. സാങ്കേതികസഹകരണം സംബന്ധിച്ചും കരാറുകളില്ല. യുക്രെയ്ൻ യുദ്ധത്തിൽ കുട്ടികൾ ഉൾപ്പെടെ കൊല്ലപ്പെടുന്നതിൽ മോദി പരസ്യമായി ആശങ്കയറിയിക്കുകയും ചെയ്തു. മോദി മോസ്കോയിലെത്തിയ ദിവസംതന്നെയാണു യുക്രയ്നിലെ ഏറ്റവും വലിയ കുട്ടികളുടെ ആശുപത്രി ആക്രമിക്കപ്പെട്ടത്. മോദിയുടെ പ്രതികരണം ഇതോടനുബന്ധിച്ചാണെന്നു വ്യക്തമാണെന്നും യുഎസ്, കോൺഗ്രസിൽ ലൂ ചൂണ്ടിക്കാട്ടി.

## റെയിൽവേ വികസനം; കേരളത്തിന് 3011 കോടി

ന്യൂഡൽഹി: കേരളത്തിന്റെ റെയിൽവേ വികസനത്തിന് കേന്ദ്രബജറ്റിൽ നീക്കിവെച്ചത് 3011 കോടി രൂപ. യുപിഎ ഭരണകാലത്ത് 2009 മുതൽ 2014 വരെ ഓരോ വർഷവും 372 കോടി വീതം അനുവദിച്ച സ്ഥാനത്താണിതെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. യുപിഎ ഭരണകാലത്ത് നീക്കിവെച്ചതിനെക്കാൾ എട്ടിരട്ടി അധികമാണിത്.

കഴിഞ്ഞവർഷം 2033 കോടി രൂപയായിരുന്നു കേരളത്തിന് അനുവദിച്ചത്. ഇത്തവണ 978 കോടി രൂപ അധികമാണ് വിഹിതം.






# പാർലമെന്റിനുള്ളിൽ രാഹുലിനെ കാണാൻ കർഷകർക്ക് സർക്കാർ അനുമതി നല്കിയില്ല




ന്യൂഡൽഹി: തന്നെ കാണാൻ പാർലമെന്റിലെ പ്രതിപക്ഷ നേതാവിന്റെ ഓഫീസ് മുറിയിലേക്കെത്തിയ കർഷക നേതാക്കളെ തടഞ്ഞുവെന്ന് രാഹുൽ ഗാന്ധി. പാർലമെന്റിലെ രാഹുലിന്റെ ഓഫീസിൽ കർഷകനേതാക്കളുമായുള്ള കൂടിക്കാഴ്ച നേരത്തെ നിശ്ചയിച്ചിരുന്നു. എന്നാൽ, രാഹുലിനെ കാണാനെത്തിയ കർഷകരെ പാർലമെന്റ് സമുച്ചയത്തിനുള്ളിൽ സുരക്ഷാസേന തടഞ്ഞു. പിന്നീട് പുറത്തുപോയി ഇടപെട്ടശേഷം പാർലമെന്റ് മന്ദിരത്തിനുള്ളിൽ കർഷകരുമായി രാഹുൽ കൂടിക്കാഴ്ച നടത്തി.

മിനിമം താങ്ങുവില ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിന്റെ ഇടപെടൽ അത്യാവശ്യമാണെന്ന് കർഷകനേതാക്കൾ രാഹുലുമായുള്ള കൂടിക്കാഴ്ചയിൽ പറഞ്ഞു.

കർഷകർക്കു നല്കിയ ഉറപ്പുകൾ പാലിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്നും സ്വാമിനാഥൻ റിപ്പോർട്ട് ഉറപ്പായും നടപ്പാക്കണമെന്നും ചർച്ചയിൽ പങ്കെടുത്ത കർഷകനേതാക്കൾ ആവശ്യപ്പെട്ടു. മിനിമം താങ്ങുവില ഉൾപ്പെടെയുള്ള വിഷയം പാർലമെന്റിൽ ശക്തമായി ഉന്നയിക്കുമെന്ന് രാഹുൽ ഉറപ്പു നല്കിയതായി കർഷകനേതാക്കൾ പറഞ്ഞു.

അതേസമയം, മിനിമം താങ്ങുവില കർഷകരുടെ അവകാശമാണെന്നും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്നും രാഹുൽ പിന്നീട് പ്രതികരിച്ചു.

പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, തെലങ്കാന, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള 12 കർഷകനേതാക്കളാണ് രാഹുൽ ഗാന്ധിയെ സന്ദർശിച്ചത്. കെ.സി. വേണുഗോപാൽ, ദീപേന്ദർ സിംഗ് ഹുഡ, അമരീന്ദർ സിംഗ് രാജ വാറിങ്, സുഖ്‌വിന്ദർ സിംഗ് രൺധാവ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# മാർ ജോസഫ് സ്രാമ്പിക്കൽ ആഗോള സിനഡ് പഠനസമിതി അംഗം



കൊച്ചി: ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലിനെ സിനഡാലിറ്റിയെക്കുറിച്ചു വത്തിക്കാനിൽ നടന്നുവരുന്ന ആഗോള സിനഡിന്റെ പഠനസമിതിയിലേക്കു മാർപാപ്പ നിയോഗിച്ചു.

പൗരസ്ത്യ സഭകളും ലത്തീൻ സഭയുമായുള്ള ബന്ധത്തെക്കുറിച്ചു പഠിക്കുന്നതിനു നിയോഗിക്കപ്പെട്ട 13 അംഗ സമിതിയിലേക്കാണു മാർ സ്രാമ്പിക്കൽ നിയമിതനായത്. പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയത്തിന്റെ അധ്യക്ഷൻ കർദിനാൾ ക്ലൗദിയോ ഗുജറോത്തി, ആർച്ച് ബിഷപ് സിറിൽ വാസിൽ എന്നിവരും ഈ സമിതിയിൽ അംഗങ്ങളാണ്. ആഗോള കത്തോലിക്കാ സഭയിലെ തെരഞ്ഞെടുക്കപ്പെട്ട 118 അംഗങ്ങളാണു വ്യത്യസ്ത വിഷയങ്ങൾ പഠിച്ചു മാർപാപ്പയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ട സിനഡിന്റെ സമിതികളിൽ ഉള്ളത്. മാർ ജോസഫ് സ്രാമ്പിക്കലും മുംബൈ ആർച്ച് ബിഷപ് കർദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസുമാണു പഠനസമിതികളിൽ നിയമിതരായ ഇന്ത്യക്കാർ.

# ബില്ലുകളിലെ കാലതാമസം; സുപ്രീംകോടതി നോട്ടീസയച്ചു

ന്യൂഡൽഹി: നിയമസഭ പാസാക്കിയ ബില്ലുകളിൽ ഗവർണർമാർ തീരുമാനം വൈകിക്കുന്നുവെന്നാരോപിച്ച് കേരള, പശ്ചിമബംഗാൾ സർക്കാരുകൾ സമർപ്പിച്ച ഹർജികൾ വിശദമായി പരിശോധിക്കാമെന്നു സുപ്രീം കോടതി. ഗവർണർമാരുടെ ഓഫീസും കേന്ദ്രസർക്കാരും മൂന്നാഴ്ചയ്ക്കകം വിശദീകരണം നൽകാൻ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരുൾപ്പെട്ട ബെഞ്ച് ഉത്തരവിട്ടു.

കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്കും ഗവർണർമാരുടെ അഡീഷണൽ സെക്രട്ടറിമാർക്കുമാണു നോട്ടീസ്. ഹർജികൾ മൂന്നാഴ്ചയ്ക്കുശേഷം വീണ്ടും പരിഗണിക്കും. ബില്ലുകൾക്ക് ഗവർണർ സി.വി. ആനന്ദബോസ് അംഗീകാരം വൈകിക്കുകയാണെന്നാരോപിച്ച് ബംഗാൾ സർക്കാർ അടുത്തിടെ പുതിയ ഹർജി സമർപ്പിച്ചിരുന്നു. ഗവർണർ ആരിഫ് മുഹമ്മദ് ഖാനെതിരെ കേരള സർക്കാരും സമാനമായ ഹർജി സമർപ്പിച്ചിട്ടുണ്ട്. ഗവർണർ ഭരണഘടനാവിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന് കേരളസർക്കാരിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കെ.കെ. വേണുഗോപാൽ ആരോപിച്ചു. എട്ടുമാസമായ ബില്ലുകളും തീർപ്പാക്കാനുണ്ട്. ചില ബില്ലുകൾ രാഷ്ട്രപതിക്ക് അയച്ചതിനെയും കേരളസർക്കാർ ചോദ്യംചെയ്തു. ബില്ലുകൾ തീർപ്പാക്കുന്നതു സംബന്ധിച്ച് ഗവർണർമാരുടെ ആശയക്കുഴപ്പം നീക്കാൻ മാർഗരേഖ പുറപ്പെടുവിക്കണമെന്നും സർക്കാർ ആവശ്യപ്പെട്ടു.

ബംഗാൾ സർക്കാരിനുവേണ്ടി മുതിർന്ന അഭിഭാഷകൻ അഭിഷേക് മനു സിങ്‌വിയും ജയ്ദീപ് ഗുപ്തയും ഹാജരായി. ബിജെപി ഇതരകക്ഷികൾ ഭരിക്കുന്ന തമിഴ്നാട്, തെലങ്കാന, പഞ്ചാബ് സർക്കാരുകളും ഗവർണർമാരുടെ മെല്ലെപ്പോക്കിനെതിരെ സുപ്രീം കോടതിയെ സമീപിച്ചിരുന്നു.

# നീറ്റ്: ഒന്നാം റാങ്ക് ഷർമിളിനു തന്നെ

ന്യൂഡൽഹി: ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയുടെ (നീറ്റ്-യുജി) റാങ്ക് പട്ടിക പുതുക്കിയപ്പോൾ കേരളത്തിൽ നിന്ന് ഒരാൾക്ക് മാത്രം ഒന്നാം റാങ്ക്. 720 മാർക്കും നേടി കണ്ണൂർ പള്ളിക്കുന്ന് ശ്രീനന്ദ് ഷർമിൾ ആണ് രാജ്യത്തെ മറ്റ് 16 പേർക്കൊപ്പം ഒന്നാം റാങ്ക് പങ്കിട്ടത്. കണ്ണൂർ പൊടിക്കുണ്ട് രാമതെരുവ് റോഡിൽ നന്ദനത്തിൽ ഡോ. ഷർമിൾ ഗോപാൽ-ഡോ. പി.ജി. പ്രിയ ദമ്പതികളുടെ മകനാണ്.



ദേവദർശൻ ആർ നായർ (49), വി.ജെ. അഭിഷേക് (73), അഭിനവ് സുനിൽ പ്രസാദ് (82) എന്നിവരാണ് കേരളത്തിൽ നിന്ന് ആദ്യ നൂറ് റാങ്ക് പട്ടികയിൽ ഇടം പിടിച്ചത്. മൂവർക്കും 715 മാർക്കുവീതമാണെങ്കിലും എൻടിഎയുടെ ടൈബ്രേക്കർ മാനദണ്ഡം അനുസരിച്ച് റാങ്ക് വ്യത്യാസപ്പെട്ടു.

മെയ് 5-ന് നടന്ന നീറ്റ്-യുജി പരീക്ഷയിലെ 19-ാം ചോദ്യത്തിന് രണ്ട് ഓപ്ഷനുകൾ ശരിയുത്തരമായി കണക്കാക്കി മാർക്ക് നല്കിയ നടപടി സുപ്രീംകോടതി തിരുത്തിയിരുന്നു. എൻസിഇആർടിയുടെ പഴയ പുസ്തകത്തിലെ ഒരു പരാമർശം കണക്കിലെടുത്താണ് രണ്ട് ഓപ്ഷനുകൾക്കും മാർക്ക് നല്കിയത്. ഇതോടെ 44 പേർക്ക് മാർക്ക് ഉയർന്ന് ഒന്നാം റാങ്ക് ലഭിച്ചത് വിവാദമായിരുന്നു. ഐഐടി ഡൽഹിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശരിയുത്തരത്തിനു മാത്രം മാർക്ക് നല്കാൻ കോടതി നിർദേശിച്ചത്. ഇതോടെയാണ് റാങ്ക് പട്ടിക പുതുക്കേണ്ട സാഹചര്യമുണ്ടായത്.



# യുവതിക്കു നേരെ എയർഗൺ ആക്രമണം പ്രതിയെ തിരിച്ചറിഞ്ഞില്ല

തിരുവനന്തപുരം: പട്ടാപ്പകൽ വീട്ടിലെത്തി യുവതിയെ എയർ പിസ്റ്റൾ ഉപയോഗിച്ച് വെടിവെച്ചു പരുക്കേല്പിച്ച സംഭവത്തിൽ പ്രതിയെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. ജൂലൈ 28-ന് രാവിലെയാണ് തിരുവനന്തപുരം പടിഞ്ഞാറേകോട്ട പെരുന്താനി ചെമ്പകശേരി പോസ്റ്റ് ഓഫീസ് ലെയ്നിൽ വീടിനകത്ത് കടന്ന്കയറി നാഷണൽ ഹെൽത്ത് മിഷൻ പിആർഒ വി.എസ്. ഷിനിയെ വെടിവെച്ച് പരുക്കേല്പിച്ചത്.

സമീപപ്രദേശങ്ങളിലെ സിസി ടിവി ദൃശ്യങ്ങൾ പരിശോധിച്ചു വരികയാണെന്നു പോലീസ് വ്യക്തമാക്കി. ഷിനിയുടെ മൊഴിയെടുത്തെങ്കിലും പ്രതിയിലേക്കുള്ള നിർണായക സൂചനകൾ ലഭിച്ചില്ല. ആരാണ് വന്നതെന്നോ എന്ത് ഉദ്ദേശ്യത്തിലാണ് അതിക്രമമെന്നോ വ്യക്തമല്ല എന്നാണ് ഷിനിയുടെ കുടുംബം പറയുന്നത്.

ഷിനിയുടെ വീട്ടിൽ കൊറിയർ നല്കാനെന്ന വ്യാജേന ഒരു സ്ത്രീ എത്തി കൊറിയർ കൈപ്പറ്റിയെന്ന് ഒപ്പിട്ടു നല്കാൻ ആവശ്യപ്പെട്ടശേഷം എയർ ഗൺ ഉപയോഗിച്ച് മൂന്നുതവണ ഷിനിക്കു നേരെ വെടിയുതിർക്കുകയായിരുന്നു. കൃത്യത്തിനുശേഷം സ്ത്രീ രക്ഷപ്പെടുകയായിരുന്നു. മുഖം മറച്ചാണ് അക്രമിയായ സ്ത്രീ എത്തിയതെന്ന് ഷിനിയുടെ കുടുംബം പോലീസിനു മൊഴി നല്കിയിട്ടുണ്ട്. കണ്ണ് മാത്രം കാണാൻ സാധിക്കുന്ന വിധത്തിൽ മുഖം മറച്ചാണ് സ്ത്രീ എത്തിയതെന്ന് ഷിനിയുടെ ഭർത്തൃപിതാവ് ഭാസ്കരൻ നായർ പോലീസിനോട് പറഞ്ഞു. വഞ്ചിയൂർ പോലീസിൽ വിവരം അറിയിച്ചതിനെത്തുടർന്ന് പോലീസും ഫൊറൻസിക് വിദഗ്ദ്ധരും സ്ഥലത്തെത്തി തെളിവ് ശേഖരിച്ചു.

ഷിനിയുടെ കുടുംബത്തോട് വ്യക്തിവൈരാഗ്യമുള്ള ആരെങ്കിലുമായിരിക്കും ആക്രമണത്തിനു പിന്നിലെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം. പ്രതിയെന്നു സംശയിക്കുന്ന സ്ത്രീ കാറിലാണ് എത്തിയത്. സ്ത്രീ എത്തിയ കാറിന്റെ നമ്പർ വ്യാജമാണെന്ന് പോലീസ് കണ്ടെത്തി. പ്രതിയെ പിടികൂടാൻ പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

# ഷാരൂഖ് ഖാന്റെ പേരിൽ ഫ്രാൻസിൽ സ്വർണനാണയം




മുംബൈ: ബോളിവുഡ് നടൻ ഷാരൂഖ് ഖാന്റെ ചിത്രം പതിച്ച സ്വർണ നാണയം പുറത്തിറക്കി ആദരവുമായി ഫ്രഞ്ച് മൂസിയം. പാരീസിലെ ഗ്രെവിൻ മ്യൂസിയമാണ് ഷാരൂഖ് ഖാന്റെ പേരിൽ സ്വർണനാണയമിറക്കിയത്. പാരീസിലെ സെയിൻ നദിയുടെ വലതുകരയിൽ ഗ്രാൻഡ്സ് ബൗൾ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന ഒരു മെഴുകു മ്യൂസിയമാണിത്.

# തൃശൂരിൽ നിന്ന് ടെക്നിക്കൽ വിദഗ്ദ്ധർ ഷിരൂരിലേക്ക്

തൃശൂർ: ഷിരൂർ ഗംഗാവാലിയിൽ മണ്ണിടിഞ്ഞ് കാണാതായ ലോറി ഡ്രൈവർ അർജുനെ കണ്ടെത്തുന്നതിന് തൃശൂരിലെ കാർഷിക സർവകലാശാലയിൽ നിന്നുള്ള ഡ്രഡ്ജർ ഉപയോഗിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാനായി സർവകലാശാലയിൽ നിന്നുള്ള സംഘം ഷിരൂരിലേക്ക് പുറപ്പെട്ടു. കാർഷിക സർവകലാശാലയിലെ രണ്ട് അസി. ഡയറക്ടർമാരും ഡ്രഡ്ജിംഗ് മെഷീന്റെ ഒരു ഓപ്പറേറ്ററുമാണ് ഷിരൂരിലേക്ക് തിരിച്ചിരിക്കുന്നത്.

നല്ല ഒഴുക്കുള്ള ഗംഗാവാലിയിൽ ഈ മെഷീൻ പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്നാണ് ഇവർ പരിശോധിക്കുക. കേരളത്തിലെ കാർഷിക മേഖലയ്ക്കു വേണ്ടി ഉപയോഗിക്കുന്നതാണ് കോഴിക്കോട് പേരാമ്പ്രയിലെ മലയിൽ ഇൻഡസ്ട്രീസിൽ നിർമ്മിച്ച ഈ ഡ്രഡ്ജർ. കാർഷിക ആവശ്യത്തിന് കനാലും പുഴകളും വൃത്തിയാക്കാനാണ് ഇത് ഉപയോഗിക്കാറുള്ളത്.

പുഴയിൽനിന്ന് ചണ്ടിയും ചെളിയും നീക്കം ചെയ്യാനാണ് ഈ യന്ത്രം സാധാരണ ഉപയോഗിക്കാറുള്ളത്. അടിയൊഴുക്കുള്ള ഗംഗാവാലിയിൽ ഈ യന്ത്രം എത്രമാത്രം ഉപയോഗപ്രദമാകുമെന്ന കാര്യത്തിൽ പരക്കെ സംശയമുണ്ട്. ഇക്കാര്യം പരിശോധിച്ച് യന്ത്രം ഉപയോഗിക്കാൻ സാധിക്കുമോയെന്ന് കാർഷിക സർവകലാശാലയിലെ വിദഗ്ദ്ധർ സ്ഥിരീകരിച്ചാലുടൻ തൃശൂരിൽ നിന്ന് ഡ്രഡ്ജർ ഷിരൂരിലേക്ക് കൊണ്ടുപോകും.

കുളത്തിലോ പുഴയിലോ ഉള്ളതിനേക്കാൾ ഒഴുക്ക് ഗംഗാവാലിയിൽ ഉള്ളതുകൊണ്ടാണ് പ്രവർത്തിപ്പിക്കാൻ പറ്റുമോ എന്ന് സംശയിക്കുന്നത്. വെള്ളത്തിൽ പൊങ്ങിക്കിടന്ന് വെള്ളത്തിനടിയിലെ ചെളിയും മറ്റും നീക്കാൻ കെല്പുള്ളതാണെങ്കിലും ഒഴുക്ക് നാല് നോട്സ് കൂടിയാൽ ഡ്രഡ്ജർ വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ പ്രയാസമാണെന്നാണ് ഡ്രഡ്ജർ നിർമ്മിച്ച കമ്പനിക്കാർ പറയുന്നത്.

ആറു മീറ്റർ ആഴത്തിൽ വരെ (ഇരുപത്തിയഞ്ചടി വരെ ആഴത്തിൽ) ഇരുമ്പുതൂണു താഴ്ത്തി ചണ്ടിയും ചെളിയും നീക്കാൻ കഴിയുംവിധമാണ് ആഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് മെഷീൻ എന്ന ഈ യന്ത്രം നിർമ്മിച്ചിരിക്കുന്നത്. കഴിഞ്ഞ ഒരു മാസമായി ഈ യന്ത്രം എൽത്തുരുത്ത് കനാലിലാണുള്ളത്.

# കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ

നെടുമ്പാശേരി: കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ യാത്രക്കാർക്ക് ഉദ്യോഗസ്ഥരുടെ ഇടപെടലുകളില്ലാതെ സ്വയം ഇമിഗ്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള സ്മാർട്ട് ഗേറ്റ് (ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലേഴ്സ് പ്രോഗ്രാം) സജ്ജമായി. 29-ന് പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്ന സംവിധാനം ഓഗസ്റ്റിൽ കമ്മീഷൻ ചെയ്യും. രാജ്യത്ത് ഡൽഹി വിമാനത്താവളത്തിൽ മാത്രമാണ് ഈ സംവിധാനം നിലവിലുള്ളത്.

ബ്യൂറോ ഓഫ് ഇമിഗ്രേഷനാണ് നടത്തിപ്പ്. രാജ്യാന്തര ടെർമിനലിലെ അറൈവൽ-ഡിപ്പാർച്ചർ ഹാളുകളിൽ നാല് വീതം കൗണ്ടറുകളിലാണ് സ്മാർട്ട് ഗേറ്റുകൾ.

ഇന്ത്യൻ പൗരന്മാർക്കും ഒസിഐ കാർഡുള്ളവർക്കുമാണ് നിലവിൽ സംവിധാനം ഉപയോഗിക്കാൻ കഴിയുക. ഇതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പോർട്ടലിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തണം. പാസ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ അപ്‌ലോഡ് ചെയ്ത് ബയോമെട്രിക് എൻറോൾമെന്റ് പൂർത്തിയാക്കാം. എൻറോൾമെന്റ് കൗണ്ടറുകൾ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലെ ഫോറിനേഴ്സ് റീജനൽ രജിസ്ട്രേഷൻ ഓഫീസിലും ഇമിഗ്രേഷൻ കൗണ്ടറുകളിലും സജ്ജമാക്കി.

ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് പിന്നീടുള്ള എല്ലാ രാജ്യാന്തര യാത്രയ്ക്കും സ്മാർട്ട് ഗേറ്റ് സംവിധാനത്തിലൂടെ കടന്നുപോകാം. ഉദ്യോഗസ്ഥരുമായുള്ള അഭിമുഖത്തിനോ രേഖകൾ സമർപ്പിക്കുന്നതിനോ കാത്തുവിൽക്കേണ്ടതില്ല.

# ടോക്യോയിൽ ഗാന്ധിപ്രതിമ അനാച്ഛാദനം ചെയ്തു

ടോക്യോ: ജപ്പാന്റെ തലസ്ഥാനമായ ടോക്യോയിൽ മഹാത്മാഗാന്ധി പ്രതിമ അനാച്ഛാദനംചെയ്ത് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. ജപ്പാനിലെ 'ലിറ്റിൽ ഇന്ത്യ' എന്നറിയപ്പെടുന്ന എഡോഗാവയിലെ ഫ്രീഡം പ്ലാസയിലാണ് ഗാന്ധി പ്രതിമ. ലോകം സംഘർഷങ്ങൾക്കും ധ്രുവീകരണത്തിനും രക്തച്ചൊരിച്ചിലിനും സാക്ഷ്യംവഹിക്കുമ്പോൾ ഗാന്ധിജിയുടെ സമാധാനത്തിന്റെയും അഹിംസയുടെയും കാലാതീതമായ സന്ദേശം കൂടുതൽ പ്രസക്തമാണെന്ന് ജയ്ശങ്കർ പറഞ്ഞു. പ്രദേശത്തെ പാർക്കിന് മഹാത്മാഗാന്ധിയുടെ പേര് നൽകാൻ തീരുമാനിച്ചതിൽ സന്തോഷമുണ്ടെന്നും അതിലൂടെ ഇന്ത്യയും ജപ്പാനും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. ലാവോസിൽ ആസിയാൻ ഉച്ചകോടിയിൽ പങ്കെടുത്തശേഷമാണ് ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാനായി ജയ്ശങ്കർ ജപ്പാനിലെത്തിയത്. യുഎസ് വിദേശകാര്യസെക്രട്ടറി ആന്റണി ബ്ലിങ്കണുമായും കൂടിക്കാഴ്ച നടത്തി. വിവിധമേഖലകളിൽ ഇന്ത്യയും യുഎസും തമ്മിലുള്ള ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരു നേതാക്കളും സംസാരിച്ചു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com



ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഡ്രീം ടീമിന്റെ നന്ദി

**ശ്രീകുമാർ ഉണ്ണിത്താൻ**

വാഷിംഗ്ടൺ ഡി.സി: സംഘടനകളുടെ സംഘടനയായ ഫൊക്കാന എന്ന മഹാ പ്രസ്ഥാനത്തിന്റെ കൺവൻഷനോടനുബന്ധിച്ചു നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ ഡ്രീം ടീമിനെ വിജയിപ്പിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു. ഞങ്ങൾക്ക് പിന്നിൽനിന്നു പ്രവർത്തിച്ചവരും, സഹായിച്ചവരുമായ നിരവധി ആളുകൾ ഉണ്ട്. ഡ്രീം ടീം എന്നത് ഫൊക്കാനയുടെ ഭാവി ഭദ്രമാക്കണം എന്ന താൽപര്യമുള്ള ഒരു പറ്റം ആളുകളുടെ കൂട്ടായ്മയായിരുന്നു. ഒന്നരവർഷം അമേരിക്കയിൽ ഉടനീളം സഞ്ചരിച്ചും സംഘടനകളുമായി സഹകരിച്ചുമാണ് ടീമിന്റെ പ്രവർത്തനം മുന്നോട്ട് പോയിരുന്നത്. അതിന്റെ ഫലമോ ഫൊക്കാനയിൽ ഡ്രീം ടീമിന്റെ തേരോട്ടമാണ് കണ്ടത്.




ഫൊക്കാന 2024 ഇലക്ഷൻ ഫൊക്കാനയുടെ ചരിത്രം മാറ്റിയെഴുതിയ ഒരു തെരഞ്ഞെടുപ്പായിരുന്നു. 72 അംഗ സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്ത ഇലക്ഷന്റെ വീറും വാശിയും ഒരു നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രതീതി ഉണർത്തുന്നതായിരുന്നു. രണ്ടു മണിക്കൂറോളം ക്ഷമയോടെ ലൈനിൽനിന്നാണ് പലരും വോട്ടുചെയ്തത്. ഇന്നുവരെ അമേരിക്കൻ സംഘടനാ രംഗത്ത് നടന്നിട്ടില്ലാത്ത വോട്ടിങ് മെഷീന്റെ സഹായത്തോടെ നടന്ന തെരഞ്ഞെടുപ്പ്, അമേരിക്കൻ തെരഞ്ഞെടുപ്പ് വോട്ടിങ് രീതിയിൽ ആണ് നടന്നത്. അമേരിക്കൻ പോലീസിന്റെ കാവലിലും അവരുടെ പരിശോധനയ്ക്ക് ശേഷമാണ് ഓരോ ഡെലിഗേറ്റും വോട്ടിങ് റൂമിൽ എത്തുന്നത്, അവിടെയും രണ്ടു സ്ഥലങ്ങളിൽ ഐഡി പരിശോധിച്ച ശേഷമാണ് ബാലറ്റ് പേപ്പർ നൽകുന്നത്. അത്ര കുറ്റമറ്റ രീതിയിൽ ആണ് തെരഞ്ഞെടുപ്പ് നടന്നത്. ഏവരുടെയും മുന്നിൽവെച്ചു സ്കാൻ ചെയ്താണ് വോട്ടുകൾ എണ്ണിയതും ഫലം പ്രഖ്യാപിച്ചതും. സംഘടനാ രംഗത്ത് ഏറെ പുതുമകൾ നൽകുന്നതായിരുന്നു ഫൊക്കാന ഇലക്ഷൻ. അതിന്റെ പിന്നിൽ പ്രവർത്തിച്ച ഫിലിപ്പോസ് ഫിലിപ്പ്, ജോർജി വർഗീസ്, ജോജി തോമസ് എന്നിവരുടെ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമായിരുന്നു.

തെരഞ്ഞെടുപ്പ് ഫലം ഫൊക്കാന കൺവൻഷനെ ഒരു കോളജ് ക്യാമ്പസ് ഇലക്ഷന്റെ വേദിപോലെ ആക്കി മാറ്റി. ആടിയും, പാടിയും, ആർപ്പുവിളികളുമായി മുദ്രാവാക്യങ്ങൾ മുഴക്കിയും റാലികൾ നടത്തിയും ആഹ്ലാദം പങ്കുവെച്ചു. പ്രകടനത്തിൽ ഉടനീളം പ്രസിഡന്റിനെയും വിജയികളെയും ഉമ്മവെച്ചും, തോളിൽ ഏറ്റിയും, കെട്ടിപ്പിടിച്ചും, മാലകൾ ചാർത്തിയും പ്രാർത്ഥനകൾ ചൊല്ലിയും സന്തോഷം പങ്കിടുന്നത് കാണാമായിരുന്നു. ആ കൺവൻഷൻ വേദിയെ ഇളക്കിമറിച്ച പ്രകടനത്തിൽ മുഴുവൻ ആളുകൾ പങ്കെടുക്കുകയും അവരുടെ സന്തോഷങ്ങൾ പല രീതിയിൽ പങ്കിടുന്നതും കാണുമ്പോൾ ജനം ആഗ്രഹിച്ച ഒരു തെരഞ്ഞെടുപ്പ് ഫലമാണ് അവർക്കു ലഭിച്ചത് എന്ന് നിസംശയം പറയാമായിരുന്നു. ഫൊക്കാനയുടെ ചരിത്രത്തിൽ തന്നെ ഒരു ടീം മുഴുവനായി വിജയിക്കുന്നത് ആദ്യമായാണ്. സജിമോൻ ആന്റണി നയിച്ച ശ്രീകുമാർ ഉണ്ണിത്താൻ സെക്രട്ടറി ആയും ജോയി ചാക്കപ്പൻ ട്രഷറർ ആയും ഡ്രീം ടീമിലെ മുഴുവൻ കാൻഡിഡേറ്റും വിജയിച്ചപ്പോൾ ഫൊക്കാനയിൽ ജനം ആഗ്രഹിച്ച ഒരു വിജയമാണ് അവിടെ കാണാൻ കഴിഞ്ഞത്. ആഹ്ലാദ പ്രകടനത്തിലും ആ സന്തോഷം നിഴലിച്ചുനിന്നു. അങ്ങനെ ഫൊക്കാന ചരിത്രത്തിന്റെ ഭാഗമായി മുന്നേറുകയാണ്.

പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. പ്രസിഡന്റ് പ്രവീൺ തോമസ്, വൈ. പ്രസിഡന്റ് വിപിൻ രാജു, ജോ. സെക്രട്ടറി മനോജ് ഇടമന, ജോ. ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീ. ജോ. സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡീ. ജോ. ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, ട്രസ്റ്റീബോർഡ് മെംബേർസ് ആയി ബിജു ജോൺ, സതീശൻ നായർ, നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ സോണി അമ്പൂക്കൻ, രാജീവ് കുമാരൻ, അഡ്വ. ലതാ മേനോൻ, ഷിബു എബ്രഹാം സാമുവേൽ, ഗ്രേസ് ജോസഫ്, അരുൺ ചാക്കോ, മേരി ഫിലിപ്പ്, മേരികുട്ടി മൈക്കിൾ, മനോജ് മാത്യു, ഡോ. ഷൈനി രാജു, മത്തായി ചാക്കോ, സിജു സെബാസ്റ്റ്യൻ, സുദീപ് നായർ, സോമൻ സക്കറിയ, ജീമോൻ വർഗീസ്, ടോജോ ജോസ്, അജിത് ചാണ്ടി, അജിത് കൊച്ചൂസ്, കെവിൻ ജോസഫ്, ജെനി ബാബു, റീജിയണൽ വൈസ് പ്രസിഡന്റ് ആയി ധീരജ് പ്രസാദ്, ലാജി തോമസ്, ആന്റോ വർക്കി, കോശി കുരുവിള, ഷാജി സാമുവേൽ, ബെൻ പോൾ, ലിൻഡോ ജോളി, ജോസി കാരക്കാട്, ആസ്റ്റർ ജോർജ് എന്നിവരും ഓഡിറ്റേഴ്സ് ആയി സ്റ്റാൻലി ഇത്തുണിക്കൽ, നിതിൻ ജോസഫ് എന്നിവരും ഡ്രീം ടീമിന്റെ ഭാഗമായി മത്സരിച്ചു വിജയികൾ ആയി. ഡ്രീം ടീമിന്റെ വിജയത്തിനുവേണ്ടി പ്രവർത്തിച്ച എല്ലാവരോടുമുള്ള ഞങ്ങളുടെ നന്ദിയും സ്നേഹവും കടപ്പാടും ഹൃദയത്തിന്റെ ഭാഷയിൽ അറിയിക്കുന്നു. നിങ്ങളുടെ ആത്മാർത്ഥമായ സഹായ സഹകരണങ്ങൾക്ക് നന്ദി പറയുന്നതിനോടൊപ്പം അടുത്ത രണ്ടുവർഷത്തെ പ്രവർത്തനങ്ങളിൽ ഞങ്ങളോടൊപ്പം കാണണമേ എന്ന് വിനീതമായി അപേക്ഷിക്കുന്നു.

# കരുത്തുറ്റ സംഘടനാ പ്രവർത്തനത്തിന്റെ തിളക്കമാർന്ന വിജയവുമായി പ്രവീൺ തോമസ്

ചിക്കാഗോ: നാല് പതിറ്റാണ്ടിൽ അധികമായി ചരിത്രപാരമ്പര്യത്തിന്റെ പൊൻതിടമ്പേറ്റി തലയുയർത്തി നില്ക്കുന്ന ഫൊക്കാന എന്ന കൊമ്പൻ 21-ാം അന്തർദ്ദേശീയ കൺവൻഷന്റെ ആഘോഷത്തിളക്കത്തിനു മറയിടുമ്പോൾ അത് തികച്ചും കരുത്തുറ്റ സംഘാടന പാടവത്തിന്റെയും കൂട്ടായ സംഘടനാ പ്രവർത്തനത്തിന്റെയും അർഹിക്കുന്ന അംഗീകാരമാണെന്ന് ഫൊക്കാന ഇലക്ഷൻ ഡ്രീമിംഗ് ടീമിന് തിളക്കമാർന്ന വിജയത്തിന് ചുക്കാൻ പിടിച്ചവരിൽ ഒരാളായി വമ്പിച്ച ഭൂരിപക്ഷത്തിൽ വിജയിച്ച് ഫൊക്കാനയുടെ 2024-26 -ലെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ടായി ചിക്കാഗോയിൽ നിന്നുള്ള പ്രവീൺ തോമസ് തന്നെ സപ്പോർട്ട് ചെയ്ത എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും ഈയവസരത്തിൽ അറിയിക്കുന്നു.



എനിക്കു മുമ്പും ഈ സംഘടനയ്ക്ക് നേതൃത്വം നല്കിയ മഹാരഥന്മാരുടെ പ്രവർത്തനങ്ങളിൽ നിന്ന് ആർജ്ജിച്ചെടുത്ത നേതൃപാടവം മുഖമുദ്രയാക്കി അർപ്പണബോധത്തോടും കഠിനാദ്ധ്വാനത്തോടും കൂടി ഒന്നിച്ചു പ്രവർത്തിച്ച സജിമോൻ ആന്റണി നേതൃത്വം നല്കിയ ഡ്രീം ടീം കാഴ്ചവെച്ചത് ഒരു ചരിത്രവിജയമാണ്.

കഴിഞ്ഞകാലങ്ങളിൽ ഈ സംഘടനയോടൊപ്പം ഒരു സാധാരണ പ്രവർത്തകനായും ഒരു സന്തത സഹചാരിയായും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നടത്തി വിജയിപ്പിച്ച, പ്രളയകാലത്തും കോവിഡ് കാലത്തും ഫൊക്കാന നേതൃത്വവുമായി കൂടെനിന്നു പ്രവർത്തിച്ച, ടീം അംഗമായി സംഘാടനപാടവത്തിന്റെ ചൂടും ചൂരും മനസ്സിലാക്കുവാൻ എന്നെ സഹായിച്ച എല്ലാ ഫൊക്കാന പ്രവർത്തകരെയും ഒരിക്കൽക്കൂടി കൃതജ്ഞതയോടെ സ്മരിക്കുന്നു. പ്രത്യേകിച്ച് ചിക്കാഗോയിൽ എന്നെ സപ്പോർട്ട് ചെയ്ത നേതാക്കന്മാരായ ജെയ്ബു കുളങ്ങര (മുൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്), ഫ്രാൻസിസ് കിഴക്കേക്കുറ്റ് (മുൻ ആർവിപി), സന്തോഷ് നായർ (ആർവിപി) കൂടാതെ ചിക്കാഗോയിൽ നിന്നുള്ള ലോക്കൽ അസോസിയേഷന്റെ പ്രസിഡണ്ടുമാരായി സപ്പോർട്ട് ചെയ്ത ജെസ്സി റിൻസി (സിഎംഎ), സുനീന മോൻസി (ഐഎംഎ), സൈമൺ പള്ളിക്കുന്നേൽ (യുഎംഎ), ബിജി എടാട്ട് (കേരളൈറ്റ്), ആന്റോ കവലയ്ക്കൽ (കേരള), മിഡ്‍വെസ്റ്റിന്റെ റോയി നെടുഞ്ചിറ എന്നിവരോടുള്ള പ്രത്യേക നന്ദി അറിയിക്കുന്നു. ഡ്രീം ടീമിന്റെ അടുത്ത രണ്ട് വർഷത്തേക്കുള്ള എല്ലാ സ്വപ്ന പദ്ധതികൾക്കും തുടർന്നും നിങ്ങളുടെ സഹായവും സഹകരണവും ഉണ്ടാകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

# ഫാ. ജോഷി വലിയവീട്ടിലിന് യാത്രയയപ്പ് നല്കി

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ അസി. വികാരിയായി സേവനം അനുഷ്ഠിച്ചുവന്ന റവ.ഫാ. ജോഷി വലിയവീട്ടിലിന് യാത്രയയപ്പ് നല്കി. ഹൂസ്റ്റൺ സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലേക്ക് അസി. വികാരിയായാണ് ഫാ. ജോഷി യാത്രയാകുന്നത്.



ഫാ. ജോഷി വലിയവീട്ടിൽ അർപ്പിച്ച കൃതജ്ഞതാബലിക്കു ശേഷം വികാരി ഫാ. സിജു മുടക്കോടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യാത്രയയപ്പ് സമ്മേളനത്തിൽ ഇടവകയെ പ്രതിനിധീകരിച്ച് ട്രസ്റ്റി കോ-ഓർഡിനേറ്റർ സാബു കട്ടപ്പുറം, സാലി കിഴക്കേക്കുറ്റ്, ആൻഡ്രൂ തേക്കുംകാട്ടിൽ എന്നിവർ ഫാ. ജോഷി ഇടവകയ്ക്കു നല്കിയ സേവനങ്ങളെക്കുറിച്ച് സംസാരിച്ചു. മിതത്വം കാത്തുസൂക്ഷിക്കുകയും പ്രാർത്ഥനയേയും വായനയേയും സ്നേഹിച്ചുകൊണ്ട് ഇടവകയുടെ പ്രവർത്തനങ്ങൾക്ക് ഊർജം പകർന്നുകൊടുക്കുവാൻ ഫാ. ജോഷിക്ക് സാധിച്ചുവെന്ന് വികാരി ഫാ. സിജു മുടക്കോടിയിൽ ഓർമ്മിപ്പിച്ചു.

ചിക്കാഗോ സെ. മേരീസിൽ നിന്നും തന്റെ നോർത്ത് അമേരിക്കയിലെ പ്രേഷിതദൗത്യം ആരംഭിക്കുവാൻ സാധിച്ചത് ഒരു ദൈവാനുഗ്രഹമായി കണക്കാക്കുന്നു എന്നും ഇടവകയിലെ ആബാലവൃദ്ധം ജനങ്ങൾ നല്കിയ പിന്തുണയ്ക്കും സ്നേഹത്തിനും നന്ദി പറയുന്നതായും ഫാ. ജോഷി തന്റെ മറുപടി പ്രസംഗത്തിൽ അറിയിച്ചു.

വികാരി ഫാ. സിജു മുടക്കോടിലിനോടൊപ്പം സിസ്റ്റർ സിൽവേരിയസ്, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ യാത്രയയപ്പ് യോഗത്തിന് നേതൃത്വം നല്കി.

## എസ്എംസിസി സിൽവർജൂബിലി ആഘോഷവും ഫാമിലി കോൺഫറൻസും:

# ബ്രോങ്ക്സ് ഇടവകയിൽ രജിസ്ട്രേഷൻ കിക്കോഫ് നടത്തി

ന്യൂയോർക്ക്: സെപ്റ്റംബർ 27 മുതൽ 29 വരെ ഫിലാഡൽഫിയയിൽ വെച്ച് നടക്കുന്ന സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്എംസിസി) സിൽവർ ജൂബിലിയുടെയും ഫാമിലി കോൺഫറൻസിന്റെയും രജിസ്ട്രേഷൻ കിക്കോഫ് ബ്രോങ്ക്സ് സെന്റ് തോമസ് സീറോമലബാർ ഫൊറോനാ ഇടവകയിൽ ജൂലൈ 14-ന് ഞായറാഴ്ച നടന്നു.

ഒഡീഷയിലെ ബാലസോർ രൂപതാ ബിഷപ് മാർ വർഗീസ് തോട്ടംകര ആദ്യരജിസ്ട്രേഷൻ എസ്.എം.സി.സി മുൻ സെക്രട്ടറി ജോസഫ് കാഞ്ഞമലയിൽ നിന്നും ഏറ്റുവാങ്ങി. ബ്രോങ്ക്സ്

**ഷോളി കുമ്പിളുവേലി**

ഇടവകയിൽ നിന്നും വളരെ മികച്ച പ്രതികരണമാണ് രജിസ്ട്രേഷൻ കിക്കോഫിനു ലഭിച്ചത്.

ഇടവക വികാരി റവ.ഫാ. കുര്യാക്കോസ് വടാന അനുഗ്രഹപ്രഭാഷണം നടത്തി. സിൽവർ ജൂബിലി ആഘോഷ കമ്മിറ്റി നാഷണൽ കോ-ഓർഡിനേറ്റർ ജോജോ കോട്ടൂർ പ്രസംഗിച്ചു. നാഷണൽ ട്രഷറർ ജോർജ് വി. ജോർജ്, സബ് കമ്മിറ്റി ചെയർപേഴ്സൺ ഷാജി മിറ്റത്താനി എന്നിവർ സന്നിഹിതരായിരുന്നു. റീജിയണൽ കോ-ഓർഡിനേറ്റർ ഷോളി കുമ്പിളുവേലി, എസ്എംസിസി മുൻ ചാപ്റ്റർ പ്രസിഡണ്ടുമാരായ ജോസ് ഞാറക്കുന്നേൽ, ഷാജി സഖറിയ, ജോസ് മലയിൽ, ജിം ജോർജ്, ബെന്നി മുട്ടപ്പള്ളിൽ, ട്രസ്റ്റി ഷൈജു കളത്തിൽ, ചാപ്റ്റർ ജോ. സെക്രട്ടറി സെബാസ്റ്റ്യൻ വിരുത്തിയിൽ, സണ്ണി മാത്യു, മാത്തച്ചൻ പുതുപ്പള്ളിൽ, ടോം മുണ്ടയ്ക്കൽ, വൈസ് പ്രസിഡണ്ട് ഗ്രേസ് കാഞ്ഞമല തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നല്കി. എസ്എംസിസി ചാപ്റ്റർ പ്രസിഡണ്ട് ആന്റോ കണ്ണാടൻ സ്വാഗതവും സെക്രട്ടറി സപ്ന മലയിൽ നന്ദിയും പറഞ്ഞു.



കോവിഡ് മഹാമാരിക്കു ശേഷം രൂപതയുടെ നേതൃത്വത്തിൽ എല്ലാ സീറോമലബാർ ഇടവകകളുടെയും മിഷനുകളുടെയും സഹകരണത്തോടെ ഫിലാഡൽഫിയയിൽ നടത്തപ്പെടുന്ന ഈ ദേശീയ കുടുംബസംഗമം അമേരിക്കയിലെ നസ്രാണി കത്തോലിക്കരുടെ ഏറ്റവും വലിയ ഒത്തുചേരലായിരിക്കും.

സീറോമലബാർ ദേശീയ കുടുംബസംഗമത്തിനും എസ്എംസിസി രജത ജൂബിലി ആഘോഷങ്ങൾക്കും സഭാപിതാക്കന്മാരും വൈദികരും സന്യസ്തരും അത്മായനേതാക്കളും അമേരിക്കയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള കുടുംബങ്ങളും പങ്കെടുക്കും.

മൂന്നു ദിവസത്തെ സമ്മേളനത്തോടനുബന്ധിച്ച് എല്ലാ ദിവസവും ആഘോഷമായ ദിവ്യബലി, യുവജനസമ്മേളനം, മിസ് സീറോമലബാർ മത്സരം, കയർ ഫെസ്റ്റ്, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, നസ്രാണിത്തനിമയിലുള്ള പൈതൃക ഘോഷയാത്ര, ബൈബിൾ സ്കിറ്റ്, വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ/ചർച്ചാസമ്മേളനങ്ങൾ, വിവാഹജീവിതത്തിന്റെ ഇരുപത്തഞ്ചും അമ്പതും വർഷങ്ങൾ ആഘോഷിക്കുന്ന ജൂബിലി ദമ്പതിമാരെ ആദരിക്കൽ, മതാദ്ധ്യാപക സംഗമം, ബാങ്ക്വറ്റ്, വോളിബോൾ ടൂർണമെന്റ്, ഫിലാഡൽഫിയ സിറ്റി ടൂർ എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

സീറോമലബാർ ദേശീയ കുടുംബസംഗമത്തിന്റെ നടത്തിപ്പിനായി ദേശീയതലത്തിൽ ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യരക്ഷാധികാരിയും എസ്എംസിസി സ്പിരിചൽ നാഷണൽ ഡയറക്ടർ റവ.ഫാ. ജോർജ് എളംബാശേരിൽ, ആതിഥേയ ഇടവക വികാരി റവ.ഡോ. ജോർജ് ദാനവേലിൽ എന്നിവർ രക്ഷാധികാരികളും ജോർജ് മാത്യു സിപിഎ (ചെയർപേഴ്സൺ), ഡോ. ജെയിംസ് കുറിച്ചി, മേഴ്സി കുര്യാക്കോസ് (കോ-ചെയർപേഴ്സൺസ്), ജോസ് മാളേയ്ക്കൽ (ജനറൽ സെക്രട്ടറി), ജോർജ് വി. ജോർജ് (ട്രഷറർ), നാഷണൽ കോ-ഓർഡിനേറ്റർമാരായ ജോജോ കോട്ടൂർ, ജോൺസൺ കണ്ണൂക്കാടൻ എന്നിവരും, വിവിധ സബ്കമ്മിറ്റി ചെയർപേഴ്സൺസും ഉൾപ്പെടുന്ന സിൽവർജൂബിലി കമ്മിറ്റി എസ്എംസിസി നാഷണൽ പ്രസിഡണ്ട് സിജിൽ പാലക്കലോടി, ജന. സെക്രട്ടറി മേഴ്സി കുര്യാക്കോസ്, ബോർഡ് ചെയർമാൻ ജോർജുകുട്ടി പുല്ലാപ്പള്ളി എന്നിവർ നേതൃത്വം നല്കുന്ന നാഷണൽ കമ്മിറ്റിയോടൊപ്പം പ്രവർത്തിക്കുന്നു.

മൂന്നു ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഒരാൾക്ക് ഭക്ഷണമുൾപ്പെടെ 150 ഡോളറും നാലു പേരടങ്ങിയ ഫാമിലിക്ക് 500 ഡോളറുമാണ് രജിസ്ട്രേഷൻ ഫീസ്.

ദൂരസ്ഥലങ്ങളിൽ നിന്നെത്തുന്നവർക്ക് താമസത്തിന് സമീപസ്ഥലങ്ങളായ ഹോട്ടലുകൾ കൂടാതെ അതിഥേയ കുടുംബങ്ങളെ ക്രമീകരിക്കുന്നതിനും സംഘാടകർ ശ്രമിക്കുന്നു. കോൺഫറൻസിൽ രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ വഴിയുള്ള രജിസ്ട്രേഷനാണ് ഏറ്റവും സ്വീകാര്യം. കോൺഫറൻസിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും ജൂബിലി വെബ്സൈറ്റിൽ ലഭ്യമാണ്. (www.smccjubilee.org)

# ഫാ. ജോൺ മേലേപ്പുറത്തിനെ ആദരിച്ചു

**ബിനോയി സെബാസ്റ്റ്യൻ**

ഡാളസ്: ആഗോള സീറോമലബാർ സഭയുടെ ചിക്കാഗോ രൂപതാ വികാരി ജനറാളും നോർത്ത് അമേരിക്കയിലെ സീനിയർമോസ്റ്റ് മലയാളി വൈദികനും സെന്റ് അൽഫോൻസാ ദേവാലയത്തിന്റെ ആരംഭകനുമായ റവ.ഫാ. ജോൺ മേലേപ്പുറത്തിനെ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശ്വാസികൾ ആദരിച്ചു. 1993-ൽ കേരളത്തിലെ ഇരിങ്ങാലക്കുട രൂപതയിൽ നിന്നും നോർത്ത് അമേരിക്കയിലെ ഡിട്രോയിറ്റിലുള്ള ഇംഗ്ലീഷ് ദേവാലയത്തിൽ വൈദികശുശ്രൂഷ ആരംഭിച്ച് ഫാ. മേലേപ്പുറം ഡാളസ്, മയാമി, ഫിലാഡൽഫിയ, ഡെലവെയർ, ന്യൂജേഴ്സി തുടങ്ങിയ കാത്തലിക് ദേവാലയങ്ങളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.



കരോൾട്ടനിലെ ഒരു വിയറ്റ്നാമിസ് കാത്തലിക് ദേവാലയത്തിൽ 2001 മെയ് 20-ന് ഞായറാഴ്ച 3 മണിക്ക് 72 കുടുംബങ്ങളുടെ ആത്മീയവും സാംസ്കാരികവുമായ വികാസത്തിനും സാമുദായിക ഐക്യത്തിനുമായി ഫാ. മേലേപ്പുറം അർപ്പിച്ച പ്രഥമ ദിവ്യബലിയുടെ ഒടുവിൽ ഇന്ന് 900 കുടുംബങ്ങൾ അംഗങ്ങളായുള്ള നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ ഇടവകകളിൽ ഒന്നായി വി. അൽഫോൻസാമ്മ സീറോമലബാർ കാത്തലിക് ദേവാലയം രൂപപ്പെട്ടിരിക്കുന്നു.

ഇതോടൊപ്പം ഈ ദേവാലയത്തിന്റെ കീഴിൽ സമീപപ്രദേശമായ ഫ്രിസ്ക്കോയിൽ ഒരു സ്റ്റേഷൻ കുർബാനയും ആരംഭിച്ചിട്ടുണ്ട്.

ഒരു കാലഘട്ടം മുഴുവൻ കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കുമായി ജീവിതം സമർപ്പിച്ച് ആകുലതയോടെ ജീവിക്കുന്ന വൃദ്ധജനങ്ങളോടും യുവാക്കളോടും വിദ്യാർത്ഥികളോടും കുട്ടികളോടും സൗമ്യമനസ്സോടെ ഇടപെടുന്ന ഫാ. മേലേപ്പുറത്തിന്റെ വൈദികജീവിതം ക്രിസ്തുവിന്റെ ദർശനങ്ങളിൽ അധിഷ്ഠിതമാണ്. ആദരിക്കൽ ചടങ്ങിൽ അസി. വികാരി റവ.ഫാ. ജിമ്മി എടക്കളത്തൂർ, ജോജോ കോട്ടയ്ക്കൽ, അജോമോൻ ജോസഫ്, രാജേഷ് ജോർജ് തുടങ്ങിയവർ ആശംസകളർപ്പിച്ചു.

# ഇല്ലിനോയി മലയാളി അസോസിയേഷന്റെ ഓണാഘോഷം സെപ്റ്റംബർ 8-ന്

**സുനീന ചാക്കോ**

ചിക്കാഗോ: ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാതെ ലോകമെമ്പാടുമുള്ള മലയാളികൾ ഒന്നടങ്കം ഈ വർഷത്തെ തിരുവോണത്തെ എതിരേൽക്കാൻ തയ്യാറാവുകയാണ്.

സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമ്പൽസമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും തിരുവോണം വരവായി. മനുഷ്യർ എല്ലാം തുല്യരാണ് എന്ന് വിളിച്ചറിയിക്കുന്ന തിരുവോണം. അത് കേരളത്തിൽ മാത്രമല്ല ലോകത്തിന്റെ ഏതു ഭാഗത്ത് മലയാളികൾ ഉണ്ടോ അവിടെയൊക്കെ മലയാളികൾ ഒന്നടങ്കം തിരുവോണത്തെ എതിരേല്ക്കുകയാണ്.



പ്രസിഡണ്ട്
ഡോ. സുനീന ചാക്കോ




കൺവീനർ
ജോസി കുരിശുങ്കൽ

ഈ വർഷത്തെ ഇല്ലിനോയി മലയാളി അസോസിയേഷന്റെ ഓണാഘോഷം സെപ്റ്റംബർ മാസം 8-ാം തീയതി ഡെസ്പ്ലെയിൻസിലുള്ള KCS 1800 E. Oakton St., Desplaines, IL 60018-ൽ ഉച്ചകഴിഞ്ഞ് 4 മണിക്ക് നടത്തപ്പെടുന്നതാണ്.



സെക്രട്ടറി
ടിന്റു ഏബ്രഹാം



ട്രഷറർ
ഷാനി ഏബ്രഹാം

കേരളത്തിൽ നിന്ന് മാത്രമല്ല, നോർത്തമേരിക്കയിലുള്ള കലാ-സാമൂഹിക, രാഷ്ട്രീയ രംഗത്തുള്ള പ്രമുഖർ ഈ വർഷത്തെ ഐഎംഎയുടെ ഓണാഘോഷ പരിപാടികളിൽ പങ്കുചേരുന്നതായിരിക്കും.

ഈ പരിപാടിയുടെ വൻ വിജയത്തിനായി എല്ലാ കമ്മിറ്റി അംഗങ്ങളും ഒന്നിച്ചു പ്രവർത്തിക്കുന്നു. ചിക്കാഗോയിലുള്ള എല്ലാ മലയാളി സുഹൃത്തുക്കളേയും ഈ ഓണാഘോഷ പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നു.

# ചിക്കാഗോയിൽ സംയുക്ത ആരാധന
















ചിക്കാഗോ: ചിക്കാഗോയിലെ വിവിധ പെന്തെക്കോസ്ത് സഭകളിലെ യുവജനങ്ങളുടെ സംയുക്ത പ്രവർത്തന വേദിയായ സിസിഎഫിന്റെ ആഭിമുഖ്യത്തിൽ ആനുവൽ കൺവൻഷനും സംയുക്ത ആരാധനയും നടന്നു. ജൂലൈ 19 വെള്ളി, 20 ശനി എന്നീ ദിവസങ്ങളിൽ ഐപിസി ചിക്കാഗോ സഭാ ഓഡിറ്റോറിയത്തിൽ വാർഷിക കൺവൻഷനും 21-ന് ഞായറാഴ്ച ട്രിനിറ്റി ബൈബിൾ സെമിനാരിയിൽ സംയുക്ത ആരാധനയും നടന്നു.

**കുര്യൻ ഫിലിപ്പ്**

പാസ്റ്റർ ഗ്ലെൻ ബടോൺസ്കി മുഖ്യപ്രസംഗം നടത്തി. സംയുക്ത ആരാധനയ്ക്ക് പാസ്റ്റർ ജിജു ഉമ്മൻ അദ്ധ്യക്ഷനായിരുന്നു. സിസിഎഫ് പ്രസിഡണ്ട് ഡോ. വിൽസൺ ഏബ്രഹാം സങ്കീർത്തന ധ്യാനം നടത്തി. ഡോ. ടൈറ്റസ് ഈപ്പൻ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. സിസിഎഫ് വൈസ് പ്രസിഡണ്ട് മാത്യു ജോർജ് നന്ദി രേഖപ്പെടുത്തി. സെക്രട്ടറി ജോയൽ മാത്യു, ട്രഷറർ ജോസഫ് മാണി എന്നിവർ പ്രസ്താവനകൾ നടത്തി. പാസ്റ്റർ ജോസഫ് കെ. ജോസഫ് സമാപന പ്രാർത്ഥനയും ആശീർവാദവും പറഞ്ഞു.

# ഈ വിജയം നിങ്ങൾ തന്ന അംഗീകാരം: മില്ലി ഫിലിപ്പ്



**രാജു ശങ്കരത്തിൽ**

പ്രവാസലോകത്തെ ഏറ്റവും മികച്ച മഹാപ്രസ്ഥാനമായി പേരും പെരുമയും ആർജ്ജിച്ച ഫൊക്കാന എന്ന മഹാപ്രസ്ഥാനത്തിന്റെ കൺവൻഷനോടനുബന്ധിച്ച് നടന്ന ഇലക്ഷനിൽ അഡീഷണൽ ജോയിന്റ് ട്രഷററായി മത്സരിച്ച എന്നെ മാന്യമായ ഭൂരിപക്ഷം നല്കി വിജയിപ്പിച്ച എന്റെ പ്രിയപ്പെട്ട ഫൊക്കാന പ്രവർത്തകരോടും സുഹൃത്തുക്കളോടും അഭ്യുദയകാംക്ഷികളോടുമുള്ള എന്റെ നന്ദിയും സ്നേഹവും കടപ്പാടും ഇത്തരുണത്തിൽ ഞാൻ അറിയിക്കട്ടെ.

വിവിധ തലങ്ങളിൽ നിരവധി സ്ഥാനമാനങ്ങൾ വഹിക്കുകയും നിരവധി ചാരിറ്റി പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ വിജയഗാഥകൾ രചിക്കുകയും ചെയ്തിട്ടുള്ള എനിക്ക് ഒരു ഇലക്ഷനെ അഭിമുഖീകരിക്കേണ്ടി വന്നത് ജീവിതത്തിൽ ഇത് ആദ്യമായിട്ടാണ്. അതും ലോകമെമ്പാടും അറിയപ്പെടുന്ന ഫൊക്കാന എന്ന മഹാപ്രസ്ഥാനത്തിന്റെ അമരത്തെ ഏറെ ഉത്തരവാദിത്തപ്പെട്ട ഒരു സ്ഥാനത്തേക്ക്. അത്തരമൊരു സ്ഥാനത്തേക്ക് മത്സരിച്ചു വിജയിക്കുക എന്നത് അത്ര നിസ്സാരമായ കാര്യമല്ല എന്ന തിരിച്ചറിവോടെയായിരുന്നു ഞാൻ ഈ കന്നി അങ്കത്തിന് തയ്യാറായത്. ആ ഉദ്യമത്തിന് എല്ലാവിധ ധൈര്യവും ഊർജ്ജവും ശക്തിയും ആവേശവും പകർന്നുതന്ന് എന്നെ ഒരു സ്ഥാനാർത്ഥിയാകുവാൻ പ്രാപ്തയാക്കിയത് ഞാൻ പ്രതിനിധാനം ചെയ്യുന്ന മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഫിലാഡൽഫിയ എന്ന അഭിമാന സംഘടനയാണ്. അവിടെനിന്നുമാണ് നന്മകൾ നിറഞ്ഞ സാമൂഹിക പ്രവർത്തനങ്ങളുടെ ബാലപാഠങ്ങൾ ഞാൻ അഭ്യസിച്ചതും വളർന്നതും. മാപ്പ് കുടുംബത്തിൽ നിന്നും എനിക്കു ലഭിച്ച പിന്തുണയും കരുതലും എന്റെ വിജയത്തിന്റെ പ്രധാന ഘടകങ്ങളിൽ ഒന്നാണ്. മാപ് വുമൺ ഫോറം ചെയർ എന്ന നിലയിലും എന്റെ വ്യക്തിപരമായ നിലയിലും മാപ് കുടുംബത്തോടും ഭരണസമിതിയോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഫൊക്കാന എന്ന പ്രസ്ഥാനത്തെ കൂടുതൽ ഉന്നതിയിൽ എത്തിക്കുവാൻ പ്രാപ്തനായ ദീർഘവീക്ഷണമുള്ള പ്രതിഭാധനനായ ഡോ. സജിമോൻ ആന്റണി നേതൃത്വം നല്കിയ ട്രീം ടീമിനൊപ്പം ഭാഗഭാക്കാകുകയും വിജയിയാവുകയും ചെയ്തത് എന്റെ പൊതുപ്രവർത്തന രംഗത്തെ മഹാഭാഗ്യമായി ഞാൻ കരുതുന്നു. അതിനു വഴിയൊരുക്കിയ ഫൊക്കാന പ്രവർത്തകർക്കും ഡെലിഗേറ്റുകൾക്കും മറ്റ് സഹപ്രവർത്തകർക്കും സുഹൃത്തുക്കൾക്കും നന്ദിയുടെ പൂച്ചെണ്ടുകൾ.

എന്നോടുള്ള അചഞ്ചലമായ വിശ്വാസത്തിന്റെ പ്രതിഫലനം മികച്ച വോട്ടുകളായി ഒഴുകിയെത്തി വിജയപഥത്തിലെത്തിയ ഞാൻ, പ്രവാസലോകത്തെ ഫൊക്കാന എന്ന ഈ അഭിമാന നൗകയിൽ സജിമോൻ ആന്റണിക്കും മറ്റ് മികച്ച ടീമിനുമൊപ്പം ചേർന്ന് അടുത്ത രണ്ടുവർഷക്കാലം ജനോപകാരപ്രദമായ മികച്ച പ്രവർത്തനം കാഴ്ചവെക്കുവാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പു തന്നുകൊണ്ട്, എന്നെ വിജയകിരീടമണിയിച്ച ഓരോ സുമനസ്സുകൾക്കും നന്ദിയുടെയും സ്നേഹത്തിന്റെയും കടപ്പാടിന്റെയും വാടാമലരുകൾ വീണ്ടുംവീണ്ടും അർപ്പിച്ചുകൊണ്ട്...ഭാവിയിലും നിങ്ങളുടെ ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട്...

സ്നേഹപൂർവം നിങ്ങളുടെ മില്ലി ഫിലിപ്പ്.

# ഹൂസ്റ്റൺ ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ ബൈബിൾ ക്വിസിൽ സെ. ജെയിംസ് ടീമിന് ഒന്നാം സ്ഥാനം

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ ആഭിമുഖ്യത്തിൽ ഹൂസ്റ്റണിലെ ഇടവകകളെ പങ്കെടുപ്പിച്ച് വർഷംതോറും നടത്തിവരാറുള്ള ബൈബിൾ ക്വിസ് മത്സരങ്ങൾ ഈ വർഷം സെ. തോമസ് സിഎസ്ഐ ഗ്രേറ്റർ ഹൂസ്റ്റൺ ദേവാലയത്തിൽ വെച്ച് ജൂൺ 23-ന് നടത്തപ്പെട്ടു. പ്രസ്തുത മത്സരത്തിൽ


**ജീമോൻ റാന്നി**

സെ. ജെയിംസ് ക്നാനായ ഓർത്തഡോക്സ് ഇടവക ഒന്നാം സ്ഥാനവും സെ. പീറ്റേഴ്സ് ആൻഡ് സെ. പോൾസ് ഓർത്തഡോക്സ് ഇടവക രണ്ടാം സ്ഥാനവും സെ. പീറ്റേഴ്സ് മലങ്കര കത്തോലിക്ക ഇടവക മൂന്നാം സ്ഥാനവും നേടി. റവ.ഫാ. ഡോ. ഐസക് ബി. പ്രകാശ്, റവ. ബിന്നി തോമസ് എന്നിവർ ക്വിസ്മാസ്റ്റർമാരായി പ്രവർത്തിച്ചു.

ഒന്നാം സ്ഥാനം നേടിയ സെ. ജെയിംസ് ഇടവകയ്ക്ക് ജോയേൽ മാത്യു ചാമ്പ്യൻസ് മോർഗേജ് ട്രോഫിയും രണ്ടാം സ്ഥാനം നേടിയ ഇടവകയ്ക്ക് റോബിൻ ആൻഡ് ഡോ. അന്ന ഫിലിപ്പ് സ്പോൺസർ ട്രോഫിയും മൂന്നാം സ്ഥാനം നേടിയ ഇടവകയ്ക്ക് ചെറുകാട്ടൂർ ഫാമിലി സ്പോൺസർ ചെയ്ത ട്രോഫിയും സമ്മാനിച്ചു.

ക്വിസ് മത്സരത്തിന്റെ ഉദ്ഘാടനം റവ.ഫാ. ബിന്നി ഫിലിപ്പ് നിർവഹിച്ചു. ഐസിഇസിഎച്ച് പ്രോഗ്രാം കോ-ഓർഡിനേറ്റർ മിസിസ് സിമ്മി തോമസ് സ്വാഗതവും ഐസിഇസിഎച്ച് പിആർഒ ജോൺസൻ ഉമ്മൻ നന്ദിപ്രകാശനവും നടത്തി. കമ്മിറ്റി ഭാരവാഹികളായ നൈനാൻ വീട്ടിനാൽ, ഏബ്രഹാം തോമസ്, ഡോ. അന്ന ഫിലിപ്പ് എന്നിവർ നേതൃത്വം നല്കി. പത്ത് ഇടവകകളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.





# ഗുരുത്വം വിഭാഗീയതയെ വിട്ട് വിശാലമാകുന്നു

ലേഖനം



ഷൗക്കത്ത്

കഴിഞ്ഞ മൂന്നു ദിവസമായി അമേരിക്കയിലെ ന്യൂയോർക്കിനോടു ചേർന്നു കിടക്കുന്ന കണക്ടിക്കട്ട് സ്റ്റേറ്റിലെ സ്റ്റാംഫോർഡിലെ ഹിൽട്ടൺ സ്റ്റാംഫോർഡ് ഹോട്ടലിൽ നടക്കുന്ന ഫെഡറേഷൻ ഓഫ് ശ്രീനാരായണഗുരു ഓർഗനൈസേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ വാർഷിക കൺവൻഷനിൽ പങ്കെടുക്കുകയായിരുന്നു. അമേരിക്കയിലെ പല ഭാഗത്തുനിന്നു വന്ന മുന്നൂറ്റമ്പതോളം പേർ പങ്കെടുക്കുന്ന പരിപാടി. നാരായണ ഗുരുവിന്റെ ദർശനങ്ങളെ അടുത്തു പരിചയിക്കാനും പരസ്പരം സൗഹൃദം പകരാനുമുള്ള ഒന്നിച്ചു ചേരൽ.

രണ്ടു ദിവസവും രാവിലെ ആറുമണിമുതൽ ഏഴുമണിവരെയുള്ള ക്ലാസ്സും രണ്ടു പ്രഭാഷണങ്ങളുമായി രുന്നു എനിക്ക് ചെയ്യാനുണ്ടായിരുന്നത്. എന്നെ സ്പർശിച്ച ഗുരു, കാലം തേടുന്ന ഗുരു എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു പ്രഭാഷണം.

ഗുരുവിനെ അറിയാനും അറിയിക്കാനും ശ്രമിക്കുന്ന പല ധാരകളുണ്ട്. ശിവഗിരിയിലൂടെയും എസ്.എൻ.ഡി.പി.യിലൂടെയും നാരായണഗുരുകുലത്തിലൂടെയും പുരോഗമന പ്രസ്ഥാനങ്ങളിലൂടെയും ഇതിനെല്ലാം പുറത്ത് സ്വതന്ത്രമായി ചിന്തിക്കുന്ന മനുഷ്യരിലൂടെയും മറ്റു പല സ്വതന്ത്ര സംഘടനകളിലൂടെയും ഗുരുവിന്റെ ദർശനം പല തരത്തിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഇതിലേതാണ് ശരി എന്ന തീരുമാനത്തെ മാറ്റിവെച്ച് എല്ലാറ്റിലുമുള്ള വെളിച്ചങ്ങളെ സ്വീകരിച്ചും ഇരുട്ടിനെ തള്ളിക്കളഞ്ഞുമുള്ള ഒരു വീക്ഷണം രൂപപ്പെടുത്തിയെടുക്കുകയെന്നത് കാലത്തിന്റെ ആവശ്യമാണ്. കാരണം നാരായണഗുരു മുന്നോട്ടു വെച്ച സൗഹൃദമെന്ന ആശയം അത്രമാത്രം പ്രസക്തമായിരിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്.

വ്യക്തികൾ തമ്മിൽ, മതങ്ങൾ തമ്മിൽ, ആശയങ്ങൾ തമ്മിൽ, മറ്റു വ്യത്യസ്തമായ ജീവിതവീക്ഷണങ്ങൾ തമ്മിൽ പരസ്പരം പോരടിക്കുന്ന മനോഭാവത്തിൽനിന്നും മാറി പാരസ്പര്യ പ്പെടാവുന്ന ആകാശങ്ങളെ കണ്ടെത്താൻ നാം അന്തരീക്ഷമൊരുക്കിയേ മതിയാകൂ. ആ ഒരു സാദ്ധ്യതയെ എങ്ങനെ സാദ്ധ്യ മാക്കാം എന്ന ആലോചനയായിരുന്നു കാലം തേടുന്ന ഗുരു എന്ന പ്രഭാഷണ ത്തിലൂടെ പറയാൻ ശ്രമിച്ചത്.

പ്രധാനമായി പറഞ്ഞ രണ്ടു കാര്യങ്ങളിൽ ഒന്ന് ഇവിടെ പങ്കു വെക്കാമെന്നു കരുതിയാണ് ഈ കുറിപ്പ്. അടുത്തത് അടുത്ത കുറിപ്പിലൂടെ അവതരിപ്പിക്കാം.

നാലഞ്ചു വർഷങ്ങൾക്കു മുമ്പ് ഒരുകൂട്ടം ചെറുപ്പക്കാർ വിളിച്ച് നാരായണഗുരുവിനെ അടുത്തറിയാൻ സഹായിക്കണമെന്നു പറഞ്ഞു. ഒരു പ്രഭാഷണമല്ല ഞങ്ങൾ പ്രതീക്ഷിക്കു ന്നത്. മൂന്നു ദിവസമെങ്കിലും ഒരിടത്ത് താമസിച്ച് ഗുരുവിന്റെ ജീവിതവും ദർശനവും മനസ്സിലാക്കാനാണ്. അതിന്റെ ഒരു തുടക്കമെന്ന നിലയിൽ ഏവർക്കും അയച്ചു കൊടുക്കാനായി ഗുരുവിനെ കുറിച്ചുള്ള ഏതെങ്കിലും ഡോക്യുമെന്ററി യുടെ ലിങ്ക് അയച്ചു കൊടുക്കാനും പറഞ്ഞു.

ഞാൻ യൂട്യൂബിൽ ഗുരുവിനെ കുറിച്ചുള്ള ഡോക്യുമെന്ററി പരതി. സീരിയൽ പോലുള്ള ചില ഭക്തിഗാന പരിപാടികളും ഒന്നോ രണ്ടോ സിനിമ കളും പലരുടെയും പ്രഭാഷണങ്ങളു മല്ലാതെ ഗുരുവിനെ കുറിച്ച് ലോകത്തിനു മുന്നിൽ അവതരിപ്പിക്കാവുന്ന മൂല്യവ ത്തായ ഒരൊറ്റ ദൃശ്യാവിഷ്ക്കാരവും ഇല്ല എന്ന യാഥാർത്ഥ്യം എന്നെ ഏറെ വേദനിപ്പിച്ചു. ഇത്രയധികം പ്രസ്ഥാന ങ്ങൾ ഗുരുവിന്റെ പേരിലുണ്ടായിട്ടും അങ്ങനെ ഒരു ശ്രമം ആരുടെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നത് നമ്മെ ലജ്ജിപ്പിക്കേണ്ടതാണ്. വ്യക്തികളെക്കുറിച്ചും പ്രസ്ഥാ നങ്ങളെക്കുറിച്ചും ദിവസവും അനേകം ഡോക്യുമെന്ററികൾ ഇറങ്ങിക്കൊണ്ടിരി ക്കുന്ന കാലത്താണ് ഈ അനുഭവ മെന്നത് സങ്കടകരം തന്നെയാണ്.

അന്നു ഞാൻ മനസ്സിൽ എഴുതാൻ തുടങ്ങിയ ഒരു സ്ക്രിപ്റ്റുണ്ട്. അന്താ രാഷ്ട്ര നിലവാരത്തിലുള്ള ഒരു ഡോക്യു ഫിക്ഷൻ. എഴുതുന്നത് മലയാളത്തി ലാണ്. അത് ഇംഗ്ലീഷിലാണ് വരേണ്ടത്. എഴുതിക്കഴിഞ്ഞതിനു ശേഷം വിഷയവുമായി അടുത്ത ബന്ധമുള്ളവരെ കണ്ടെത്തി വിവർ ത്തനം ചെയ്യിക്കണം. ഗുരുവിന്റെ ജീവിതവും ദർശനവും അതിശയോ ക്തിയോ അതിഭാവുകത്വമോ ഇല്ലാതെ പറയുന്ന ഒരു ദൃശ്യാവിഷ്കാരം. അസാധാരണ അനുഭവങ്ങളിലൂടെ ഗുരു കടന്നുപോയിട്ടുള്ളത് അവഗണിച്ചല്ല ഇതു പറയുന്നത്. ഏച്ചുകെട്ടലുകൾ ഒഴിവാക്കിക്കൊണ്ടുള്ള ആവിഷ്ക്കാരം എന്നു മാത്രമാണ്.

നമ്മുടെ നാട്ടിലെ ഏറ്റവും പ്രതിഭാധനരായവരെക്കൊണ്ട് അത് ചെയ്യിപ്പിക്കണമെന്നാണ് ആഗ്രഹം. എന്തായാലും ഈ വർഷം തന്നെ ആ സ്ക്രിപിറ്റിന്റെ എഴുത്ത് പൂർത്തിയാ കും. തുടർന്ന് വൈകാതെതന്നെ അടുത്ത പടിയിലേക്ക് കടക്കണം. ഗുരുദർശനങ്ങളെ സ്നേഹിക്കുന്ന, മാനവികതയെ സ്നേഹിക്കുന്ന ഏവരും അതിനൊപ്പമുണ്ടാകണം. എങ്കിലേ നാം ഉദ്ദേശിക്കുന്ന തരത്തിൽ അത് യാഥാർ ത്ഥ്യമാകുകയുള്ളൂ. മൂന്നു മണിക്കൂറോ ളം നീണ്ടുനില്ക്കുന്ന പല ഭാഗ ങ്ങളായുള്ള ആവിഷ്കാരമാണ് എഴുതിത്തുടങ്ങിയിട്ടുള്ളത്.

ഈ ഒരു കൺവൻഷനിൽ പങ്കെടുക്കാനായതും ഇതിൽ പങ്കെടുത്ത പലരുമായും സംവദിക്കാനായതും പകരുന്ന ഒരു പ്രതീക്ഷയുണ്ട്. കാലങ്ങളായി പേറിക്കൊണ്ടു നടക്കുന്ന ശൈലിയും ചിന്തയും വിട്ട് കുറച്ചുകൂടി വിശാല മായി ഗുരുവിനെ അറിയുകയും അറിയിക്കുകയും വേണം എന്നു ചിന്തിക്കുന്ന മനുഷ്യർ കൂടിവരുന്നു എന്ന പ്രതീക്ഷ. കേരളത്തിലും പുറത്തും ജീവിക്കുന്ന മലയാളികളിൽ ഗുരുത്വം വിഭാഗീയതയെ വിട്ട് വിശാല മാകുന്നു എന്ന അറിവ് പകരുന്ന ആശ്വാസം ചെറുതല്ല.



# മലവഴികളിലെ മഴ

കവിത



ലേഖ മാധവൻ
ടൊറന്റോ

കറുത്തിരുണ്ട മഴമേഘങ്ങൾ ചുരുട്ടി-
യെടുത്ത് കാറ്റ് ഓടിനടക്കുന്നുണ്ട്.
മലനിരകളിൽ മഴ പെയ്യുന്നുണ്ട്.

കാറ്റിന് പക്ഷഭേദമാണെന്നു പറഞ്ഞ്
ആരാണ് പിണങ്ങിയത്?
മല മുഴുവൻ വെളുത്ത പുകമഞ്ഞ് മൂടിയല്ലോ!
വായ്ത്താരിപോലെ ചറുപിറായെന്ന്
ചാറ്റൽമഴ ചിതറി വീഴുന്നുണ്ട്.

ഇടയ്ക്കിടെ മാനം തെളിയുന്നുണ്ട്
പുകയുടെ കനത്ത മുഖാവരണം
വകഞ്ഞുമാറ്റി ഒരു വെയിൽത്തുണ്ട്
പുറത്തേയ്ക്കെത്തി നോക്കുന്നുണ്ട്.
ഇത്തിരിവെളിച്ചം വാരിവിതറി
ഏതൊക്കെയോ കാഴ്ചകൾ
കാണിക്കാൻ ശ്രമിക്കുന്നുണ്ട്.
കാറ്റോടിയെത്തി വീണ്ടും
മുഖപടമണിയിക്കുന്നുണ്ട്.

മലവഴികളിലൂടെ നടക്കുമ്പോൾ
മഴമേഘങ്ങൾ പൊതിയുന്നുണ്ട്.
താഴ്വാരങ്ങളിൽ പെയ്യുന്ന
നീർത്തുള്ളികളെവിടെയെന്നു
കുശലം ചോദിച്ചപ്പോൾ
മൂക്കിൻ തുമ്പത്തൊരു നനവേകി
തിരക്കിട്ടങ്ങോട്ടോ ഓടിമറയുന്നുണ്ട്.
മലനിരകളിൽ മഴ പെയ്യുന്നുണ്ട്

മേഘത്തുണ്ടുകൾ വീശിയെറിയുന്ന
ഇടിമിന്നലുകൾ ഒളിപ്പിച്ചുവെച്ചതെവിടെയാണ്?
ചോദിച്ചപ്പോൾ മലമുകളിലെ രഹസ്യങ്ങൾ
അറിയേണ്ടെന്ന് കാറ്റും പിണങ്ങുന്നുണ്ട്.

താഴ്വാരങ്ങളിലിരുന്നു കണ്ട കാഴ്ചകളുടെ
ആഴങ്ങൾതേടി താണ്ടിയ ദൂരത്തിന്റെ
കണക്കുകൾ നിരത്തി നോക്കിയപ്പോൾ
മാനം കനത്തു, ദൂരക്കാഴ്ചകളിൽ
മയങ്ങിയെത്തിയവർക്കുചുറ്റും
ഇപ്പോൾ പുക നിറയുന്നുണ്ട്
മലനിരകളിലെ മഴ മനസ്സിലും പെയ്യുന്നുണ്ട്.

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

# സ്വന്തം ഇഷ്ടങ്ങളിലൂടെ ഒരാൾ



അനുഭവക്കുറിപ്പ്



അനിൽ പെണ്ണുക്കര

അമ്മ മരിച്ചു കിടക്കുന്ന സമയത്തും തുടർന്നുള്ള ദിവസങ്ങളിലും  ബന്ധുക്കളിൽ നിന്നും അടുപ്പമുള്ള വരിൽ നിന്നും കേട്ട ഒരു വാചകമുണ്ട്. 'ഇനി അച്ചായന്റെ കാര്യം എങ്ങനെയാവുമെന്ന്'

വളരെ സത്യമായ കാര്യമായിരുന്നു അത്. അച്ഛന്റെ വലം കൈയ്യും ഇടം കൈയ്യുമായിരുന്നു അമ്മ. ഒറ്റ മകനായി വളർന്ന് എല്ലാവരിൽ നിന്ന് സ്നേഹം പിടിച്ചു വാങ്ങിയ ഒരാൾ .മുറപ്പെണ്ണായ അമ്മയെ വിവാഹം കഴിക്കുമ്പോഴും വീട്ടുകാർ അച്ഛനെ സേഫ് സോണിൽ നിർത്തി. അല്പം കേൾവി കുറവുള്ള അച്ഛനെ അടുത്തറിയാവുന്ന ഒരാളായിരുന്നു അമ്മ. അതുകൊണ്ട് അച്ഛനായിരുന്നു അമ്മയ്ക്കെല്ലാം.

'ഓമനേ കാപ്പി, ഓമനേ ചായ, ഓമനേ വെളുത്തുള്ളിയും മുളകും ഉടച്ചേ, ഓമനേ പുറം ഒന്ന് ചൊറിഞ്ഞേ.'

ഇങ്ങനെ എന്താവശ്യത്തിനും ഓമന വേണമായിരുന്ന ഒരാൾ. ആ ഓമന മരിച്ചു കിടക്കുമ്പോൾ സ്വാഭാവികമായും ആരും ചോദിക്കുന്ന ഒരു ചോദ്യമായിരുന്നു 'അച്ഛന്റെ മുന്നോട്ടുള്ള ജീവിതം ഇനി എങ്ങനെ ആയിരിക്കുമെന്ന്.'

പക്ഷെ അവിടെ ഞങ്ങൾക്ക് തെറ്റി. അമ്മ പോയി എന്ന യഥാർത്ഥ്യം ഏറ്റവും കൂടുതൽ മനസിലാക്കിയത് അച്ഛനായിരുന്നു.

അച്ഛൻ അച്ഛന്റെ ഇടങ്ങളിൽ ആക്ടീവായി. ഷുഗറിന്റെ പ്രശ്നം ഉള്ളത് കൊണ്ട് കൃത്യമായി ആശുപത്രിയിൽ പോകൽ, മരുന്ന് വാങ്ങൽ, രണ്ടാഴ്ച കൂടുമ്പോൾ ചെക്കപ്പ് എല്ലാം കൃത്യമാക്കി. എന്ത് അസ്വസ്ഥതകൾ ഉണ്ടായാലും ഡോക്ടറെ കാണാൻ പോകും.

അച്ഛന്റെ മറ്റൊരു തീരുമാനം ഒരു സ്കൂട്ടർ വാങ്ങുക എന്നതായിരുന്നു. പലപ്പോഴും സ്കൂട്ടർ വാങ്ങണം എന്ന് പറയുമ്പോൾ അമ്മ വിലക്കുമായിരുന്നു. 'പത്താം വയസ് മുതൽ സൈക്കിളിൽ കയറി ലോകം ചുറ്റുന്ന എനിക്ക് എന്താടി സ്കൂട്ടർ ഓടിക്കാൻ പറ്റാത്തത്.'

അമ്മയുടെ ഭയം അച്ഛനെക്കൊണ്ട് വണ്ടി എടുപ്പിക്കുന്നതിന് വിലക്കി.

അച്ഛൻ ലേണിംഗ് ടെസ്റ്റ് പാസായി. അതും കമ്പ്യൂട്ടറിൽ. പിന്നീട് ഡ്രൈവിംഗ് ടെസ്റ്റും. ലൈസൻസ് കിട്ടിയ ശേഷം ഒരു ഹോണ്ട ആക്ടീവ എടുത്തു. അച്ഛൻ ആദ്യമായി സ്കൂട്ടർ ഓടിച്ച് വീട്ടിലേക്ക് വന്ന ദൃശ്യം എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്. ഒരു പക്ഷെ, അമ്മ ഉണ്ടായിരുന്നെങ്കിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുമായിരുന്ന നിമിഷം.

കുറേക്കാലം കഴിഞ്ഞപ്പോൾ അച്ഛന് ഒരാഗ്രഹം 'ഒരു ബൈക്ക് വാങ്ങണം' ഞങ്ങൾ മക്കളെല്ലാവരും ഒന്നടങ്കം ഞെട്ടി. അച്ഛൻ മാത്രം ഞെട്ടിയില്ല.ആക്ടീവ വിറ്റിട്ട് പുത്തൻ ഹീറോ ഹോണ്ട എടുത്തു. കുറച്ച് നാൾ കഴിഞ്ഞപ്പോൾ അത് വിറ്റിട്ട് പുതിയ ടി.വി. എസ് വിക്ടർ എടുത്തു. മൂന്ന് വർഷം മുൻപ് വീണ്ടും സ്പ്ലെണ്ടറിലേക്ക് മാറി. ഒരു തവണ വണ്ടിയിൽ നിന്ന് വീണ് ആശുപത്രി യിലായി. ഞങ്ങൾ ആശുപത്രിയിൽ ചെല്ലുമ്പോൾ 'എന്റെ കുഴപ്പമല്ല, പട്ടി കുറുക്ക് ചാടിയതാ. പട്ടി കുറുക്ക് ചാടിയാൽ ഏത് കൊലകൊമ്പനായാലും വീഴും.'

ഹെൽമറ്റ് നിർബന്ധമാക്കിയപ്പോൾ അച്ഛൻ പറഞ്ഞു 'ഹോ ഇനിയും ഞാൻ വണ്ടി ഓടിച്ച് പോകുമ്പോൾ എന്നെ ആരും കാണില്ലല്ലോ എന്ന്'ഇടയ്ക്കൊക്കെ ഫൈൻ അടച്ച പേപ്പർ ഒക്കെ മുറിയിൽ നിന്ന് കിട്ടുമ്പോൾ മക്കൾ കളിയാക്കും. അപ്പോൾ അച്ഛൻ പറയും 'ഓരോരോ നിയമങ്ങൾ'.

ഒരിക്കലും തന്റെ ഒരു തെറ്റ് തെറ്റാണെന്ന് സമ്മതിക്കാത്ത ഒരാൾ. അച്ഛന് ലോകത്ത് ഏറ്റവും കൂടുതൽ ഇഷ്ടം ആരോടാണെന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേ ഉള്ളു. 'അത് അച്ഛൻ തന്നെ'. പക്ഷെ കൊച്ചുമക്കളുമായി നല്ല അടുപ്പം ആണ്.

ഈയിടെ നെഞ്ചിന് വേദന വന്ന് ചെങ്ങന്നൂരിൽ നിന്ന് ആലപ്പുഴ മെഡിക്കൽ കോളേജിൽ 108 ആംബുലൻസിൽ പോകുന്നു. അച്ഛനൊപ്പം എന്റെ മകൻ മാത്രം.

അപ്പോൾ അച്ഛൻ മോനോട് പറയുന്നു 'ഒട്ടും പേടിക്കരുത്. ആംബുലൻസ് നല്ല സ്പീഡിൽ പോകും.'

മകൻ പോലും ചിരിച്ചു പോയ നിമിഷം.

രണ്ടാം തവണ നെഞ്ച് വേദന വന്നപ്പോൾ അല്പം സീരിയസ് ആയിരുന്നു. ഞാൻ മലപ്പുറത്ത് നിന്ന് ആലപ്പുഴ എത്തുമ്പോൾ സഹോദരിമാരും മോനും അവിടെയുണ്ട്. അവരെല്ലാം വലിയ ടെൻഷനിൽ. അച്ഛന് അപ്പോഴും വലിയ ടെൻഷൻ ഞാൻ കണ്ടില്ല. ഐസിയു സംവിധാനം തകരാറിൽ ആയതിനാൽ മൾട്ടി സ്പെഷ്യാലിറ്റിയിലേക്ക് മാറ്റണം എന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു. പക്ഷെ അച്ഛൻ ഉഷാറായി. അസുഖം ഭേദമായി വന്നപ്പോഴാണ്  മുൻപ് കാലിൽ ഒരാണി കൊണ്ട ഭാഗം പഴുക്കാൻ തുടങ്ങിയത്. അച്ഛന്റെ ആശ്രിത വത്സലനായ ഡോ. ശ്രീഹരിയുടെ ചികിത്സ. കംപ്ലീറ്റ് റസ്റ്റ് പറഞ്ഞപ്പോഴും അച്ഛൻ ബൈക്കിൽ എപ്പോൾ കയറാൻ പറ്റും എന്നാണ് ചിന്തിച്ചത്.

അച്ഛന്റെ സ്ഥിരം നേഴ്സായ എന്റെ മകൾ കാല് ഡ്രസ് ചെയ്യുമ്പോൾ തള്ള വിരലിന്റെ താഴെ കണ്ണാടി പിടിക്കണം. അച്ഛന് കാല് കാണാൻ.

'ഈ തുള എന്ന് അടയും മോനെ.'

'അച്ഛാ അച്ഛന് ഷുഗർ ഉള്ളതുകൊണ്ടാ കരിയാത്തത്. കംപ്ലീറ്റ് റസ്റ്റ് എടുത്താൽ ശരിയാകുകയുള്ളു.'

'റെസ്റ്റ് എടുക്കാനൊന്നും പറ്റില്ല. ഞാൻ ഇരുന്ന് പോകും. വീണ് പോയാൽ ശരിയാവില്ല... നിങ്ങൾക്കെല്ലാം ബുദ്ധിമുട്ടാവും.'

'ഞങ്ങൾക്ക് എന്ത് ബുദ്ധിമുട്ട് അച്ഛാ.. അച്ഛൻ ഞങ്ങടെ മുത്തല്ലേ ...'

കാല് കരിവായി തുടങ്ങി.

ഒരിക്കൽ രാവിലെ ബൈക്ക് സ്റ്റാർട്ട് ചെയ്യുന്ന ശബ്ദം കേട്ടപ്പോൾ ഞങ്ങൾ എല്ലാവരും ഞെട്ടി. 'അച്ഛൻ ബൈക്ക് എടുത്തു.' തിരികെ എത്തിയ അച്ഛനെ മക്കൾ വഴക്ക് പറഞ്ഞു. അച്ഛൻ ചിരിച്ചു. ഞാനൊന്നും പറഞ്ഞില്ല. കാരണം പറഞ്ഞിട്ട് വിശേഷമില്ല അത്ര തന്നെ. സഹോദരിമാരെ വിളിച്ച് അച്ഛൻ വയ്യാത്ത കാലും വെച്ച് വണ്ടി എടുത്ത കാര്യം പറഞ്ഞു. അവിടെ വന്നാൽ നിങ്ങൾ ഒന്ന് ഉപദേശിക്കണം.

'ലോകത്ത് ആരു പറഞ്ഞാലും കേൾക്കാത്ത ആളോട് ഞങ്ങൾ എന്ത് പറയാൻ . ഒരു കാര്യം ചെയ്യ് അണ്ണൻ തന്നെ പറയ്'

കഴിഞ്ഞ ദിവസം ചെക്കപ്പിനായി ഡോക്ടറെ കാണാൻ പോയി. എന്റെ മക്കൾ ആയിരുന്നു ഒപ്പം.

'മാക്സിമം റെസ്റ്റ് എടുക്കണമെന്ന്' ഡോക്ടർ ഇത്തവണയും പറഞ്ഞു. 'ഇനി ഒരു പൊടിക്കേ ഭേദമാകാനുള്ളു' എന്ന് അച്ഛൻ.

മരുന്ന് വാങ്ങി മക്കളോടൊപ്പം ഓട്ടോയിൽ വരുമ്പോൾ ഒരു വല്യപ്പച്ചൻ ബുള്ളറ്റിൽ പോകുന്നത് കണ്ടു. അപ്പോൾ അച്ഛന്റെ ആത്മഗതം.

'ഒരു ബുളറ്റ് വാങ്ങണം'

മക്കൾ അച്ഛനെ നോക്കി. ഒപ്പം കാലിലേക്കും.

'അച്ഛാ കാല്'

'കാലൊക്കെ  ശരിയാകും'

അതാണ് അച്ഛൻ.

## ഒരു ബാഗ്, നിറയെ കവിതകൾ

കവിത



ശ്രീദേവി മധു

എത്രനാളൊന്നിച്ചു പാർത്തു നമ്മൾ
എവിടൊക്കെയൊത്തു നാം പോയി വന്നു
കണ്ടനാൾതൊട്ടു നീ കൂടെവന്നു
പുലർച്ചയ്ക്കുമന്തിക്കുമൊന്നുപോലെ

ഒളിച്ചില്ല നമ്മളകംപുറങ്ങൾ
എന്നോളമെന്നെച്ചുമന്നവൾ നീ
സാരിപ്പിൻ, മുടിനാട, പറ്റുപഞ്ഞി
എത്രമേലോർമ്മയിൽ നീ കരുതി

നുറുങ്ങ് സമ്പാദ്യവും ബാങ്കിലെ പേപ്പറും
വളപണയച്ചീട്ടും കുഞ്ഞിപ്പേഴ്സും
ചോറും കുടിനീരുമിടക്കൊറിയും
നിന്നറയ്ക്കുള്ളിൽ ഞാൻ ഭദ്രമാക്കി

മരുന്നിന്റെ ചീട്ടുകൾ, മുറവിളികൾ
പ്രണയഗൂഢങ്ങളും നെഞ്ചിടിപ്പും
ജീവിതമിങ്ങനെയറകളിൽ നിറഞ്ഞാ -
ലുമൊന്നുമറിയാത്തമട്ടിവൾക്ക്

ഉല്ലാസനാട്യങ്ങൾ നൊമ്പരക്കാഴ്ചകൾ
എന്റെ ലോകങ്ങളിൽ നീയലഞ്ഞു
എന്നാകിലും സഖീ, നിനക്കാവതില്ലാ -
തായിനിയെൻ ദിനങ്ങളെപ്പേറുവാൻ

എത്ര കവിതകളടർത്തട്ടെ, ഞാനെന്നെ
പറിച്ചെടുക്കുവാൻ നിന്നറകളിൽ നിന്നും
അതിലെത്രവരികളെ നീക്കട്ടെ,
എന്നെ നട്ടുവയ്ക്കുവാൻ,
ഒരു പുതുസഞ്ചിയിൽ!

# അപ്പന്മാർ പച്ച മുന്തിരിങ്ങ കഴിച്ചാൽ മക്കളുടെ പല്ല് പുളിക്കുമോ?

രാജു തരകൻ



ലേഖകൻ

അടുത്ത സമയത്ത് അമേരിക്കയിൽ ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾ കടലിൽ കക്ക ശേഖരിക്കുവാൻ പോയി. കക്ക ഇറച്ചിയുടെ രുചിയാണ് കുട്ടികളെ ഈ സാഹസത്തിന് പ്രേരിപ്പിച്ചത്. കഠിനമായ പരിശ്രമം കൊണ്ട് ഏകദേശം നൂറിൽപ്പരം കക്കകൾ അവർ ശേഖരിച്ചു. അമേരിക്കയിൽ നിയമാനുസരണം കക്ക ശേഖരിക്കണമെങ്കിൽ സ്റ്റേറ്റിന്റെ ലൈസൻസ് ഉണ്ടായിരിക്കണം. ലൈസൻസ് ഇല്ലാതെ ഇത്തരം പ്രവർത്തനത്തിൽ ഏർപ്പെട്ടാൽ അത് ശിക്ഷാർഹമാണ്. ലൈസൻസ് ഉണ്ടെങ്കിലും മത്സ്യങ്ങൾ, കക്ക തുടങ്ങിയ സമുദ്രവിഭവങ്ങൾ എവിടെനിന്ന് ശേഖരിച്ചാലും അതിനു പരിമിതികളുണ്ട്.

സ്കൂൾ അടഞ്ഞു, കുട്ടികൾ അവധിക്കാലം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ കുട്ടികൾ അവരുടെ അഭിരുചിക്കനുസരിച്ച് വ്യത്യസ്ത രീതിയിലാണ് സമയം വിനിയോഗിക്കുന്നത്. ഇവിടെ ഇതാ ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾ കടലിൽ കക്ക ശേഖരിക്കുന്നതിനാണ് പോയിരിക്കുന്നത്. അമ്മ അവർക്ക് രുചികരമായ കക്ക ഇറച്ചിയുടെ വിഭവങ്ങൾ തയ്യാറാക്കി കൊടുക്കുക പതിവായിരുന്നു. എന്തിന് ഏറെ പറയുന്നു, ഒരു സുപ്രഭാതത്തിൽ ആ കുടുംബത്തിന് കോടതിയിൽ നിന്ന് നോട്ടീസ് വന്നിരുന്നു. ലൈസൻസ് ഇല്ലാതെ കടലിൽനിന്ന് കക്ക ശേഖരിച്ചതിന് 89000 ഡോളർ പിഴ അടയ്ക്കുവാൻ. ഇത്രയും തുക അടയ്ക്കുവാൻ നിവർത്തിയില്ലാത്ത ആ മാതാവ് കോടതിയിൽ നേരിട്ടുവന്ന് മാപ്പ് അപേക്ഷ സമർപ്പിച്ചു. മനസ്സലിഞ്ഞ ജഡ്ജി പിഴ ഇളവ് ചെയ്ത് 500 ഡോളറാക്കി കുറച്ചു. അതോടൊപ്പം ഏതാനും ദിവസത്തെ സാമൂഹികസേവനത്തിനും ഉത്തരവ് പുറപ്പെടുവിച്ചു. അങ്ങനെയാണ് മക്കൾ ചെയ്ത തെറ്റിന് അമ്മ ശിക്ഷിക്കപ്പെടുന്നത്.

ഇത് ഇവിടെ കുറിക്കുമ്പോൾ എന്റെ മനസ്സിൽ ഓടിയെത്തിയ വാക്യമാണ് അപ്പന്മാർ പുളിച്ച മുന്തിരിങ്ങാ തിന്നു മക്കളുടെ പല്ല് പുളിച്ചു എന്ന് അവർ അന്നാളിൽ ഇനി പറയുകയില്ല. ഓരോരുത്തൻ താന്താന്റെ അകൃത്യം നിമിത്തമത്രെ മരിക്കുന്നത്. പച്ച മുന്തിരിങ്ങാ തിന്നുന്നവന്റെ പല്ലേ പുളിക്കുകയുള്ളൂ. (യിരെ:31:29,30 വാക്യങ്ങൾ). എന്നാൽ, മോശയുടെ ന്യായപ്രമാണമനുസരിച്ച് എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദശിക്കുകയും എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കാണിക്കുകയും ചെയ്യുന്നു. ന്യായപ്രമാണയുഗം അവസാനിച്ച് കൃപായുഗത്തിൽ ജീവിതം നയിക്കുന്ന നമ്മളിൽ പകർത്തിയിരിക്കുന്ന ദൈവസ്നേഹം എത്രയോ അവർണ്ണനീയമാണ്. പിതാക്കന്മാർ ചെയ്ത തെറ്റിന് മക്കൾ ശിക്ഷിക്കപ്പെടുന്നില്ലെങ്കിലും ഒരിക്കൽ ന്യായവിധിയുണ്ടെന്ന വസ്തുത നാം വിസ്മരിക്കരുത്.

ആയതുകൊണ്ട് പരിശുദ്ധാത്മാവിന് കീഴ്പ്പെട്ട് ജീവിതം നയിക്കുക. പരിശുദ്ധാത്മാവാണ് പാപത്തെയും നീതിയെയും ന്യായവിധിയെയും കുറിച്ച് നമ്മിൽ ബോധം വരുത്തുന്നത് (യോഹ: 16:8) ലേഖനത്തിന്റെ പ്രാരംഭത്തിൽ ഒരമ്മ ശിക്ഷിക്കപ്പെടുവാനുള്ള പ്രധാന കാരണങ്ങൾ പരിശോധിച്ചാൽ അവർ മക്കളെ ശിക്ഷണത്തിൽ വളർത്തിയില്ലെന്ന് വ്യക്തമാകുന്നുണ്ട്. അമ്മ മക്കളുടെ തെറ്റിന് കൂട്ടുനിന്നു. ബാലൻ നടക്കേണ്ട വഴി അവനെ അഭ്യസിപ്പിക്കുക. അവൻ വൃദ്ധനായാലും അവനത് വിട്ടുമാറുകയില്ല. തിരുവചനത്തിൽ ശാമുവേൽ പ്രവാചകന്റെ ചരിത്രം പഠിച്ചാൽ ബാല്യപ്രായത്തിൽ തന്നെ ശമുവേലിനെ തന്റെ മാതാവാണ് ആത്മീയ വിഷയങ്ങളിൽ മുന്നേറുവാനുള്ള പന്ഥാവ് തെളിയിച്ചത്. ശമുവേൽ ബാലനോ യഹോവയുടെ സന്നിധിയിൽ വളർന്നുവന്നു (1 ശമു. 2:22) മക്കളെ ആത്മീയ വിഷയങ്ങളിൽ സമ്പന്നർ ആക്കുക എന്നതായിരിക്കട്ടെ എല്ലാ മാതാപിതാക്കളുടെ ലക്ഷ്യം. മക്കളെ ശരിയായ് വളർത്താത്തതു മൂലം ശിക്ഷിക്കപ്പെട്ടവരുടെ ചരിത്രവും നിരവധിയാണ്. ഏലി പുരോഹിതൻ മക്കളെ ശിക്ഷിച്ച് വളർത്താത്തതു മൂലം ദൈവനാമം അപമാനിക്കപ്പെടുകയാണ് ചെയ്തത്. ഹന്ന തന്റെ മകനായ ശമുവേലിനെ ദൈവഭയത്തിൽ വളർത്തിയതുമൂലം ദൈവനാമം മഹിമപ്പെടുകയാണ് ചെയ്തത്. മക്കളെ എങ്ങനെ വളർത്തണമെന്ന് തീരുമാനിക്കേണ്ടത് മാതാപിതാക്കളാണ്.

മഞ്ജുളചിന്തകൾ

# ഒഴുക്ക് ശക്തമായാലേ അഴുക്ക് മാറുകയുള്ളൂ



പാസ്റ്റർ ജോൺസൺ സഖറിയ

മാലിന്യ കൂമ്പാരങ്ങൾ ഇന്ന് എവിടെയും ദൃശ്യമാണ്. കരയും കടലും വിഹായസ്സ് പോലും കളങ്കപ്പെട്ടുകഴിഞ്ഞു. അതുകൊണ്ടാണല്ലോ അന്തരീക്ഷ മലിനീകരണം എന്ന വാക്ക് എവിടെയും മുഴങ്ങിക്കേൾക്കുന്നത്. കരയിൽ കുമിഞ്ഞുകൂടുന്ന മാലിന്യങ്ങൾ പകർച്ചവ്യാധികളുടെ കലവറയായി മാറുമ്പോൾ നദികളിലും മറ്റും ഒഴുകി നടക്കുന്ന മലിനവസ്തുക്കൾ ജലാശയജീവികളെപ്പോലും കൊന്നൊടുക്കിക്കൊണ്ട് ഈ ഭൂമിയെത്തന്നെ പരിഹാരമില്ലാത്ത നാശത്തിലേക്കും മനുഷ്യരെ നിത്യരോഗികളായും മാറ്റിക്കഴിഞ്ഞു. വലിച്ചെറിയുന്ന അവശിഷ്ടങ്ങൾ എവിടെ, അഥവാ എങ്ങനെ സംസ്കരിക്കും എന്നറിയാതെ അധികാരവർഗ്ഗങ്ങൾ കുഴയുന്ന ഇക്കാലയളവിൽ, അയ്യ, അയ്യോ എങ്ങും ദുർഗന്ധം!

അടുത്തകാലത്തെ ഇടവിടാതെയുള്ള ശക്തമായ മഴവെള്ളപ്പാച്ചിൽ കൊണ്ടുണ്ടായ നഷ്ടം കണക്കറ്റതാണ്. എന്നാൽ, അനേകം മാലിന്യ കൂമ്പാരങ്ങൾ ഒഴുക്കിന്റെ ശക്തിയാൽ അപ്രത്യക്ഷമായെന്നുള്ള സത്യത്തെ ആരും വെറുക്കുന്നതുമില്ല. അഴുക്കിനെ ഒഴുക്കിക്കളയുവാൻ ഒഴുക്കിന് കഴിയുമെന്നതിനാൽ ഒഴുക്കും നമുക്ക് അത്യാവശ്യമല്ലേ? ഒരു 'പവ്വർ വാഷ്' എവിടെയും ആരിലും അനിവാര്യം തന്നെ. കാരണം, അതുപോലെ 'ഗാർബേജ്' എങ്ങും പെരുകിയിരിക്കുകയാണ്. എന്താണ് ഇതിനൊരു പരിഹാരം? ആർക്കും ഒരു എത്തുംപിടിയുമില്ല. 'നാടാകെ നാറ്റം' എന്ന വാർത്താപരമ്പര തുടങ്ങിയിട്ടും വമിക്കുന്ന നാറ്റത്തിന് ഒരു നീക്കുപോക്കുമില്ല. കാരം ഒരു ശുദ്ധീകരണ വസ്തുവാണ്. അധികാരം എന്ന വാക്കിലും കാരം എന്ന വസ്തുവിനെ കാണാം. ബൈബിൾ സൂക്തം ഓർക്കുന്നില്ലേ, 'ഉപ്പ് കാരം ഇല്ലാതെ പോയാൽ... പുറത്ത് കളയാനെ കൊള്ളുകയുള്ളൂ.' പല കാരണങ്ങളാൽ അധികാരികളുടെ അധികാരത്തിലെ കാരവും നഷ്ടപ്പെട്ടുപോയി. ആകയാൽ മാലിന്യങ്ങളെ നീക്കുകയെന്നത് അത്ര എളുപ്പവുമല്ല.


ഇനിയിപ്പോൾ ഒരു അസാധാരണ ഇടപെടൽ അത്യാവശ്യമാണ്. അത് കേവലം മനുഷ്യപാണികളാലല്ല സ്വർഗ്ഗത്തിലെയും ഭൂമിയിലെയും സകല അധികാരവും കൈയിലുള്ള സർവ്വേശ്വരനെക്കൊണ്ടു മാത്രമേ സാദ്ധ്യമാകുകയുള്ളൂ. സമൂഹത്തിൽ നിന്നും തള്ളപ്പെട്ടവനും വെറുക്കപ്പെട്ടവനുമായിരുന്ന കുഷ്ഠരോഗിയെ തൊട്ടു സൗഖ്യമാക്കുവാൻ (ശുദ്ധീകരിക്കുവാൻ) യേശുക്രിസ്തുവിനല്ലാതെ ആർക്കെങ്കിലും കഴിയുമോ? പ്രാർത്ഥനാലയങ്ങളിലെ മാലിന്യങ്ങളെ 'അടിച്ചു പുറത്താക്കുവാൻ' യേശുക്രിസ്തുവിനല്ലാതെ മറ്റാർക്കു കഴിയും? മാലിന്യത്തിൽ നിന്നും എന്തെങ്കിലും പെറുക്കിയെടുത്ത് വ്യാപാരം ചെയ്തോ അതല്ലെങ്കിൽ പെറുക്കിയെടുത്ത് ആക്രികളെ ഏതോ അത്ഭുതവസ്തുക്കളായി പരസ്യപ്പെടുത്തി ഒരു കൂട്ടം സാധുക്കളെ മസ്തിഷ്കപ്രക്ഷാളനം നടത്തി 'പത്ത് പുത്തൻ' സമ്പാദിക്കാമോയെന്ന് ചിന്തിക്കുന്ന സിദ്ധന്മാരും കറങ്ങിനടക്കുന്ന ഇക്കാലയളവിൽ സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടി വരികയില്ല.

കരയും കടലുമെല്ലാം മലീനസ്സമായതുപോലെ തന്നെ, അനേകം മനുഷ്യമനസ്സുകളും ഹൃദയവും മസ്തകവുമെല്ലാം 'ട്രാഷ് ക്യാനുകളായി' മാറിക്കഴിഞ്ഞു. ആകയാൽ വീടുകളും ജോലിസ്ഥലങ്ങളും വിദ്യാഭ്യാസ മേഖലകളും എന്തിനേറെ ആരാധനാസ്ഥലങ്ങൾ പോലും മാന്യമായി ജീവിക്കുന്നവർക്ക് അടുക്കുവാൻ കഴിയാത്ത നിലയിൽ 'എല്ലുകുഴികൾക്കു' തുല്യമായി. ഒരു ശക്തമായ പെരുവെള്ളപ്പാച്ചിൽ കൂടിയേ തീരൂ. അനുതാപങ്ങളുടെ ചൂട് ബാഷ്പങ്ങൾ മലവെള്ളപ്പാച്ചിൽ പോലെ ഒന്ന് പൊട്ടിപ്പുറപ്പെട്ടിരുന്നെങ്കിൽ ഉള്ളിലെ അനേകം മാലിന്യങ്ങൾ 'പമ്പ കടന്നേനെ.'

(ശേഷം 30-ാം പേജിൽ)

# കലാമണ്ഡലം ശിവദാസനെ ഓംകാരം ചിക്കാഗോ അഭിനന്ദിച്ചു

സതീശൻ നായർ



ചിക്കാഗോ: വാദ്യ കുലപതി സർവശ്രീ കലാമണ്ഡലം ശിവദാസനെ ഓംകാരം ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ ആദരിച്ചു. അമേരിക്കയിലുടനീളം ശിഷ്യഗണങ്ങളുള്ള ആശാൻ വിവിധ നഗരങ്ങൾ സന്ദർശിക്കുന്നതാണ്. ചെണ്ടമേളം, തായമ്പക, കഥകളി ചെണ്ട എന്നീ രംഗങ്ങളിൽ കഴിവ് തെളിയിച്ച അനുഗൃഹീത കലാകാരനാണ് ശിവദാസൻ ആശാൻ. ഇന്ത്യൻ മിനിസ്റ്ററി ഓഫ് ഹ്യൂമൻ റിസോഴ്സിന്റെ സീനിയർ ഫെലോഷിപ് അടക്കം നിരവധി അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

ഓംകാരത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചെണ്ട കളരിയിൽ പഞ്ചാരിമേളത്തിന്റെ കാലപ്രമാണങ്ങളിലൂടെയുള്ള ആശാന്റെ അനായാസമായ കൊട്ടിക്കയറ്റങ്ങൾ ശിഷ്യർക്ക് നവ്യമായ പാഠ്യ അനുഭവം പകർന്നു നല്കി. കൂടാതെ ശിഷ്യഗണങ്ങൾക്ക് ആത്മവിശ്വാസം വളർത്തുന്നതിനുതകുന്ന അനുഭവസമ്പത്തും ആശാൻ പങ്കുവെക്കുകയുണ്ടായി.



ചടങ്ങിൽ അരവിന്ദ് പിള്ള ആശാനെ പൊന്നാട അണിയിച്ച് സ്വീകരിച്ചു. ചിക്കാഗോയിൽ നിന്നും മിനിസോട്ടയിൽ നിന്നുമുള്ളവർ പങ്കെടുത്തു. ശിവദാസൻ ആശാനെ പരിചയപ്പെടുവാനും ചെണ്ടകളരിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാനും ദീപക് നായർ 847 361 4149, മഹേഷ് കൃഷ്ണൻ 630 664 7431 എന്നിവരുമായി ബന്ധപ്പെടുക.

# ലിനു കെ. ജോസ് ഓർമ്മ ഓറേറ്റർ ഓഫ് ദ ഇയർ

ഫിലാഡൽഫിയ: ഓർമ്മ ഇന്റർനാഷണൽ (ഓവർസീസ് റെസിഡന്റ് മലയാളീസ് അസോസിയേഷൻ) ടാലന്റ് പ്രമോഷൻ ഫോറം രാജ്യാന്തര നിലയിൽ സംഘടിപ്പിച്ച സീസൺ 2 പ്രസംഗ മത്സരത്തിൽ ഒരുലക്ഷം രൂപയുടെ 'ഓർമ്മ ഓറേറ്റർ ഓഫ് ദ ഇയർ-24' പുരസ്കാരം പാലാ അൽഫോൻസാ കോളജ് വിദ്യാർത്ഥിനി ലിനു കെ. ജോസ് നേടി. സീനിയർ മലയാളം വിഭാഗ

**പി.ഡി. ജോർജ് നടവയൽ**

ത്തിൽ തിരുവനന്തപുരം കാർമ്മൽ ഹയർ സെക്കൻഡറി സ്കൂളിലെ സ്നേഹ എസ് ഒന്നാം സ്ഥാനം നേടി 50,000 രൂപ കരസ്ഥമാക്കി. 30,000 രൂപ വീതമുള്ള രണ്ടാം സ്ഥാനത്തിന് കണ്ണൂർ ചെമ്പേരി നിർമ്മല ഹയർ സെക്കൻഡറി സ്കൂളിലെ സിയാൻ മരിയ ഷാജി, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിലെ സോനു സി. ജോസ് എന്നിവർ അർഹരായി. 20,000 രൂപ വീതമുള്ള മൂന്നാം സ്ഥാനം വഴിത്തല സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിലെ ഐതാന ലിസ് ഷിബു, കുര്യനാട് സെന്റ് ആൻസ് സ്കൂളിലെ ആഷെർ ജോസഫ്, പാലാ സെന്റ് മേരീസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ലയ ജോബി എന്നിവർ നേടി. 10,000 രൂപ വീതമുള്ള നാലാം സ്ഥാനത്തിന് കോഴിക്കോട് കുളത്തുവയൽ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലെ എൽസ നിയ ജോൺ, എൽതാ മരിയ ലൂക്കോസ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് എഞ്ചിനീയറിംഗ് കോളജിലെ റോസ് ബെന്നി, കണ്ണൂർ നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻ സ്കൂളിലെ ലിയ മരിയ സണ്ണി എന്നിവർ കരസ്ഥമാക്കി. 5000 രൂപ വീതമുള്ള അഞ്ചാം സ്ഥാനത്തിന് അനഘ ജയപ്രകാശ് (കാർമ്മൽ സ്കൂൾ, ഷൊർണ്ണൂർ), ആരുഷ് പി (ശോഭ ഐക്കൺ ഹയർ സെക്കൻഡറി സ്കൂൾ, കിഴക്കൻചേരി, പാലക്കാട്), നിയ സുനിൽ (കരിയർ ഡ്രീംസ് കോളജ്, ഇടപ്പാടി, പാലാ), അസിൻ മരിയ ജോജോ (സിതഡെൽ റെസിഡൻഷ്യൽ സ്കൂൾ, ഈട്ടിച്ചുവട്, റാന്നി) എന്നിവർ നേടി.

സീനിയർ ഇംഗ്ലീഷ് വിഭാഗത്തിൽ ഹൈദരാബാദ് നൽസാർ ലോ യൂണിവേഴ്സിറ്റിയിലെ സൂര്യഗായത്രി 50,000 രൂപയുടെ ഒന്നാംസ്ഥാനം നേടി. 30,000 രൂപയുടെ രണ്ടാം സ്ഥാനം ഹർഷ സുരേഷ് (സെന്റ് മേരീസ് ഹൈസ്കൂൾ ഫോർ ഗേൾസ്, പയ്യന്നൂർ), ആഗ്നസ് മേരി ജെയ്സൺ (ക്രൈസ്റ്റ് ജൂനിയർ കോളജ്, ബാംഗ്ലൂർ), 20,000 രൂപയുടെ മൂന്നാം സ്ഥാനത്തിന് നിയ അലക്സ് (ചാവറ പബ്ലിക് സ്കൂൾ, പാലാ), അനശ്വര രമേശ് (ബാവൻസ് ആദർശ വിദ്യാലയ, കാക്കനാട്), ശ്രീയാ സുരേഷ് (കാണിക്കമാതാ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പള്ളിപ്പുറം), 10,000 രൂപയുടെ നാലാം സ്ഥാനത്തിന് ടെസിയാ ലിസ് സാം (സെന്റ് ആനീസ് ഹയർ സെക്കൻഡറി സ്കൂൾ, കുര്യനാട്), ആർദ്ര കെ. ബാബുരാജ് (വിമല കോളജ് തൃശൂർ), ഗൗരി കെ. ജയൻ (ഇന്ത്യൻ സ്കൂൾ, അൽ വാഡി അൽ കബീർ, മസ്കറ്റ്) സെന യാസിർ (തിരുവാങ്ങൂർ ഹയർ സെക്കൻഡറി സ്കൂൾ, കോഴിക്കോട്), 5000 രൂപയുടെ അഞ്ചാം സ്ഥാനത്തിന് റെബേക്ക ലോറ സാജൻ (പള്ളിക്കൂടം, വടവാതൂർ), സ്നേഹാ ടോം (സേക്രഡ് ഹാർട്ട് കോളജ്, തേവര), നിവേദ്യ സുനിൽകുമാർ (വാഷിംഗ്ടൺ ഹൈസ്കൂൾ, ഇംഗ്ലണ്ട്), ലക്ഷ്മി രാജീവ് മേനോൻ (സെന്റ് തെരേസാസ് കോളജ്, എറണാകുളം), ദിയാ റോസ് അഗസ്റ്റിൻ (സെന്റ് ക്ലാരെറ്റ് പ്രീ യൂണിവേഴ്സിറ്റി കോളജ്, ബാംഗ്ലൂർ) എന്നിവർ കരസ്ഥമാക്കി.

ജൂനിയർ വിഭാഗം മലയാളത്തിൽ പാലാ സെന്റ് മേരീസിലെ അഞ്ജലി കെ.എസ് 25,000 രൂപയുടെ ഒന്നാം സമ്മാനം നേടി. 20,000 രൂപയുടെ രണ്ടാം സമ്മാനം ഉമ എസ്. (ജിജി ഹൈസ്കൂൾ, കോട്ടൺഹിൽ), അമലു സോബി (സെന്റ് മേരീസ് ഹൈസ്കൂൾ, തീക്കോയി), 15,000 രൂപയുടെ മൂന്നാം സ്ഥാനത്തിന് അൽഫോൻസ് ബി. കോലത്ത് (നിർമ്മല പബ്ലിക് സ്കൂൾ, പിഴക്), മരിയറ്റ് ജോമോൻ (സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, കടനാട്), മെഡാ ഷൈജൻ (മോൺ. റെയ്മണ്ട് മെമ്മോറിയൽ സ്കൂൾ, ചക്കിട്ടപ്പാറ), 10,000 രൂപയുടെ നാലാം സ്ഥാനത്തിന് ദുർഗ്ഗ രഞ്ജിത്ത് (സെന്റ് മാർഗരറ്റ്സ് ഹൈസ്കൂൾ, കാഞ്ഞിരോട്), സാന്ദ്രാ സോബിൻ (സേക്രഡ് ഹാർട്ട്, ഭരണങ്ങാനം), ജെന്നിഫർ വിൻസെന്റ് (സെന്റ് മേരീസ് സ്കൂൾ, മാരുത്തോൺകര), ശ്രേയാ സെബാസ്റ്റ്യൻ (സെന്റ് ജെറോംസ് സ്കൂൾ, വെള്ളയാംകുടി), 5000 രൂപയുടെ അഞ്ചാം സ്ഥാനത്തിന് ജോബ് ഡെന്നി (വിജയമാതാ പബ്ലിക് സ്കൂൾ, തൂക്കുപാലം), മിന്ന രഞ്ജിത്ത് (ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂൾ, കവടിയാർ), (ശേഷം 30-ാം പേജിൽ)




ഓർമ്മ അന്താരാഷ്ട്ര പ്രസംഗ മത്സരം സീസൺ 2 ഗ്രാൻഡ് ഫിനാലെ ലോക സഞ്ചാരിയും സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറുമായ സന്തോഷ് ജോർജ് കുളങ്ങര ഉദ്ഘാടനം ചെയ്യുന്നു. ഓർമ്മ പ്രസിഡണ്ട് ജോർജ് നടവയൽ, ഇന്ത്യയുടെ മിസൈൽ വനിത ഡോ. ടെസ്സി തോമസ്, കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഡയറക്ടർ അനീഷ് പി. രാജൻ, ചലച്ചിത്രതാരം മിയ ജോർജ്, ഓർമ്മ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, സജി സെബാസ്റ്റ്യൻ, റോഷൻ പ്ലാമൂട്ടിൽ, ഷാജി ആറ്റുപുറം, കുര്യാക്കോസ് മാണിവയലിൽ, സിനോജ് അഗസ്റ്റിൻ, പ്രൊഫ. ടോമി ചെറിയാൻ, ബെന്നി കുര്യൻ, ജോർജ് കരുണയ്ക്കൽ തുടങ്ങിയവർ സമീപം.




ഓർമ്മ ഓറേറ്റർ പുരസ്കാരം ലിനു കെ. ജോസിന് ഡോ. ടെസ്സി തോമസ് സമ്മാനിക്കുന്നു. ഓർമ്മ പ്രസിഡണ്ട് ജോർജ് നടവയൽ, കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഡയറക്ടർ അനീഷ് പി. രാജൻ, ചലച്ചിത്രതാരം മിയ ജോർജ്, ഓർമ്മ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, സജി സെബാസ്റ്റ്യൻ, റോഷൻ പ്ലാമൂട്ടിൽ, ഷാജി ആറ്റുപുറം, കുര്യാക്കോസ് മാണിവയലിൽ, സിനോജ് അഗസ്റ്റിൻ, പ്രൊഫ. ടോമി ചെറിയാൻ, ബെന്നി കുര്യൻ, ജോർജ് കരുണയ്ക്കൽ തുടങ്ങിയവർ സമീപം.

# ഡോ. റ്റി.ജെ. ജോഷ്വാ അച്ചന്റെ അനുസ്മരണം നടത്തി

**ഫാ. ജോൺസൺ പുഞ്ചക്കോണം**

ഹൂസ്റ്റൺ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രിയ ഗുരുവായിരുന്ന ഡോ. റ്റി.ജെ. ജോഷ്വാ അച്ചന്റെ അനുസ്മരണവും വിശുദ്ധ കുർബാനയും ഹൂസ്റ്റൺ സെന്റ് മേരീസ്





ഓർത്തഡോക്സ് ദേവാലയത്തിൽ നടത്തപ്പെട്ടു. ജൂലൈ 24-ന് ബുധനാഴ്ച വൈകിട്ട് ഏഴുമണിക്ക് സന്ധ്യ നമസ്കാരത്തോടനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയ്ക്ക് ഹൂസ്റ്റൺ റീജിയൺ വൈദികസംഘം സെക്രട്ടറി വന്ദ്യ ഡോ. വി.സി. വറുഗീസ് കോർ എപ്പിസ്കോപ്പ മുഖ്യകാർമ്മികത്വം വഹിച്ചു.

റവ.ഫാ. ജോൺസൺ പുഞ്ചക്കോണം (വികാരി, സെ. മേരീസ് ഓർത്തഡോക്സ് ഇടവക ഹൂസ്റ്റൺ), റവ.ഫാ. പി.എം. ചെറിയാൻ (വികാരി സെ. തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ഹൂസ്റ്റൺ), റവ.ഫാ.ഡോ. ഐസക് ബി. പ്രകാശ് (വികാരി സെ. പീറ്റേഴ്സ് ആൻഡ് സെ. പോൾസ് ഓർത്തഡോക്സ് ഇടവക ഹൂസ്റ്റൺ), റവ.ഫാ. ക്രിസ്റ്റഫർ മാത്യു (അസി. വികാരി സെ. തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ, ഹൂസ്റ്റൺ) എന്നിവർ സഹകാർമ്മികരായിരുന്നു.

ബഹുമാനപ്പെട്ട വൈദികർ നടത്തിയ അനുസ്മരണ പ്രസംഗത്തിൽ ഡോ. റ്റി.ജെ. ജോഷ്വാ അച്ചന്റെ വ്യക്തിത്വവും സുവിശേഷപ്രവർത്തനവും അനുസ്മരിച്ചു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ ഇന്ന് പരിശുദ്ധ ബാവാ തിരുമേനി ഉൾപ്പെടെ ജീവിച്ചിരിക്കുന്ന എല്ലാ പിതാക്കന്മാരുടെയും സീനിയർ വൈദികരുടെയും സെമിനാരി അദ്ധ്യാപകനായി വഹിച്ച പ്രധാന പങ്ക് എടുത്തുപറഞ്ഞു.

അദ്ധ്യാപകനും ഗുരുവുമായിരുന്ന വന്ദ്യ ജോഷ്വാ അച്ചന്റെ ജീവിതസരണിയിലെ അനുഭവങ്ങൾ വൈദികർ പങ്കുവെച്ചു.

ആ പണ്ഡിതശ്രേസരനായ പുരോഹിത-ഗുരുശ്രേഷ്ഠന്റെ ദൃശ്യ-അസാന്നിദ്ധ്യം സഭയ്ക്ക് അപരിഹാര്യമായ നഷ്ടമെങ്കിലും സഭയുടെ നാളെകളിലെ പഠിതാക്കൾക്കും തേരാളികൾക്കും (ശേഷം 30-ാം പേജിൽ)

# പ്രവാസിയുടെ നേരും നോവും എന്ന പുസ്തകം പ്രകാശനം ചെയ്തു

ഉമ സജി

അമേരിക്കൻ പ്രവാസി എഴുത്തുകൾ എന്നതിലേക്ക് ഒതുങ്ങുന്നതല്ല കോരസൺ വർഗീസിന്റെ 'പ്രവാസിയുടെ നേരും നോവും' എന്ന പുസ്തകമെന്ന് മുൻ അംബാസിഡർ ടി.പി. ശ്രീനിവാസൻ. പ്രവാസി സാഹിത്യത്തിൽ എന്ന തലത്തിൽ നിന്നും നോക്കിക്കാണാതെ മുഖ്യധാര സാഹിത്യത്തിലേക്ക് സ്ഥാനം നല്കേണ്ട പുസ്തകമാണിതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വാഷിങ്ടൺ ഡിസിയിലെ ബെത്സ്ഡേ മാറിയറ്റ് മോണ്ടോഗോമേറി കൺവൻഷൻ സെന്ററിൽ വെച്ച് ജൂലൈ 19-ന് നടത്തപ്പെട്ട ഫൊക്കാന അന്തർദ്ദേശീയ സമ്മേളനത്തിന്റെ നിറഞ്ഞ സദസ്സിൽ വെച്ച് കോരസൺ വർഗീസിന്റെ പ്രവാസിയുടെ നേരും നോവും എന്ന പുസ്തകം പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടി.പി. ശ്രീനിവാസൻ പ്രമുഖ മാധ്യമപ്രവർത്തകൻ എം.വി. നികേഷ് കുമാറിന് പുസ്തകം നല്കിക്കൊണ്ട് ആ മുഹൂർത്തം ധന്യമാക്കി.

ടി.പി. ശ്രീനിവാസൻ തന്റെ പ്രസംഗത്തിൽ കോരസൺ വർഗീസെന്ന എഴുത്തുകാരനെയും അദ്ദേഹത്തിന്റെ മാധ്യമ പ്രവർത്തനത്തെയും എഴുത്തുകളുടെ പ്രമേയത്തെയും അനുവാചക ഹൃദയത്തിലേക്ക് വാക്കുകളെ കോറിയിടാനുള്ള കഴിവിനെയും സദസ്യർക്ക് പരിചയപ്പെടുത്തി. ഈ പുസ്തകത്തിലെ ഓരോ ലേഖനങ്ങളും വായിക്കേണ്ടതാണെന്നും വായനയുടെ ഒരു വിശാലമായ ലോകം തുറന്നു തരാൻ ഇതിലെ ലേഖനങ്ങൾക്ക് കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. താനും കോരസണും ഒരേ സമയത്ത് മലയാളമനോരമയിൽ പംക്തികൾ കൈകാര്യം ചെയ്തിരുന്നു എന്നും അന്നുമുതൽ കോരസണിന്റെ എഴുത്തുകളെ ശ്രദ്ധിച്ചിരുന്നുവെന്നും ടി.പി. ശ്രീനിവാസൻ പറഞ്ഞു.

പുസ്തകം ഏറ്റുവാങ്ങിക്കൊണ്ട് കോരസണുമായി ഒരു മാധ്യമപ്രവർത്തകൻ എന്ന നിലയിലുള്ള പരിചയത്തെക്കുറിച്ചും കോരസണിന്റെ ലേഖനങ്ങളെക്കുറിച്ചും നികേഷ്കുമാർ സദസ്സിനോട് വാചാലനായി. എല്ലാ ലേഖനങ്ങളും വായിക്കാൻ കഴിഞ്ഞില്ലെങ്കിലും വായിച്ച ലേഖനങ്ങളെല്ലാം മനസ്സിലേക്ക് പടർന്നുകയറുന്ന ആഖ്യാനശൈലിയിൽ ആണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ പുസ്തകം എല്ലാവരിലേക്കും എത്തപ്പെടേണ്ടതാണെന്നും വായിക്കപ്പെടണമെന്നും നികേഷ്കുമാർ പറഞ്ഞു.

ടി.പി. ശ്രീനിവാസന്റെ വാക്കുകൾ അന്വർത്ഥമാക്കുന്നതാണ് പുസ്തകത്തിന്റെ ഇതിവൃത്തമെന്ന് ആശംസാപ്രസംഗത്തിൽ എഴുത്തുകാരനായ കെ.കെ. ജോൺസൺ ചൂണ്ടിക്കാണിച്ചു. താനറിയാതെ വേദനകളിലേക്കു തെന്നിവീഴുന്ന, ജീവിതവും ലോകവും പൊരുതിയും പടവെട്ടിയും തനിക്കും കൂടി അവകാശപ്പെട്ടതാണ് എന്ന് രേഖപ്പെടുത്താൻ ശ്രമിക്കുന്ന ആത്മശക്തിയുള്ള സാധാരണക്കാരായ സ്ത്രീകൾക്കാണ് ഈ പുസ്തകം സമർപ്പിച്ചിരിക്കുന്നത്.

മലയാളത്തിന്റെ കഥാകാരൻ സക്കറിയ അവതാരികയും മുൻ പ്രൊ-വൈസ്ചാൻസലർ ഡോ. കെ.എസ്. രവികുമാർ പഠനവും നടത്തിയിരിക്കുന്നു. ഗ്രീൻ ബുക്സ് ആണ് പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

കവി മുരുകൻ കാട്ടാക്കട, കോട്ടയം എംപി ഫ്രാൻസിസ് ജോർജ്, ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ എന്നിവരും ആശംസകളർപ്പിച്ചു. ചടങ്ങിൽ കോരസൺ വർഗീസ് എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു.





# 'ന്നാ താൻ കേസു കൊട്'

രാജു മൈലപ്ര

അങ്ങനെ ഒരു ഫൊക്കാനാ കൺവൻഷൻ കൂടി കഴിഞ്ഞു. പ്രത്യേക അജണ്ടകളൊന്നുമില്ലാതെ ഇതിൽ പങ്കെടുത്തവർക്ക് മറക്കാനാവാത്ത അനുഭവങ്ങൾ പകർന്നു നല്കി, കലയും സാഹിത്യവും സംഗീതവും വിഭവസമൃദ്ധമായ സദ്യയും നല്കി, ആഘോഷങ്ങൾക്ക് ആഹ്ലാദപരമായ പരിസമാപ്തിയായി. പഴയ സൗഹൃദങ്ങൾ പുതുക്കുവാനും പുതിയ ബന്ധങ്ങൾ തുടങ്ങുവാനുമുള്ള അസുലഭ നിമിഷങ്ങൾക്ക് ഇതൊരു വേദിയായി.

ഫൊക്കാനാ വാഷിങ്ടൺ കൺവൻഷൻ ഒരു വൻവിജയമാക്കി തീർക്കുവാൻ നേതൃത്വം നല്കിയ ഡോ. ബാബു സ്റ്റീഫൻ തീർച്ചയായും അഭിനന്ദനമർഹിക്കുന്നു.

ഫൊക്കാനയുടെ ചരിത്രത്തിലെ ഏറ്റവും വീറും വാശിയും 'വൈരാഗ്യവും' നിറഞ്ഞ ഒരു ഇലക്ഷനാണ് ഇത്തവണ നടന്നത്.

ജനറൽ ബോഡി യോഗം അലങ്കോലപ്പെടുത്തുവാൻ ഒരു കൂട്ടർ കോപ്പുകൂട്ടുന്നു എന്ന വാർത്ത നേരത്തെ തന്നെ കേട്ടു തുടങ്ങിയിരുന്നു. അത് ശരിവെക്കുന്നതായിരുന്നു ചിലരുടെ തുടക്കത്തിലെ പ്രകടനം.

എന്നാൽ, പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ ശക്തമായ നിലപാട് എടുത്തതോടെ, മൂന്നു സ്ഥാനാർത്ഥികളുടെയും സമ്മതത്തോടെ ഇലക്ഷൻ നടന്നു.

സജിമോൻ ആന്റണിയുടെ നേതൃത്വത്തിലുള്ള പാനലിലെ എല്ലാവരും ഏകദേശം ഇരുനൂറോളം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. അഭിനന്ദനങ്ങൾ!

എന്നാൽ, ഇലക്ഷനിൽ പരാജയപ്പെട്ടവർ, അത് ഒരു sportsman sprit-ൽ അല്ല എടുത്തിരിക്കുന്നത്. പ്രസിഡണ്ട് തുടർച്ചയായി ഒരു ഏകാധിപതിയെപ്പോലെ പെരുമാറിയെന്നും കമ്മിറ്റിയുടെ അഭിപ്രായങ്ങൾക്ക് യാതൊരു പരിഗണനയും നല്കിയിരുന്നില്ലായെന്നുമാണ് പരാതി. ഇതു ശരിയാണെങ്കിൽ, ഈ പ്രശ്നം നേരത്തെ തന്നെ ഉന്നയിച്ച്, അത് പരിഹരിക്കുവാൻ ഫൊക്കാനായിൽ നിരവധി സംവിധാനങ്ങളുണ്ടായിരുന്നു. അതൊന്നും ചെയ്യാതെ നിയമനടപടികളുമായി മുന്നോട്ടു പോകുവാനാണ് തീരുമാനം എന്നറിയുന്നു.

ഇപ്പോൾ നടന്ന ഇലക്ഷൻ ക്യാൻസൽ ചെയ്തിട്ട്, പുതിയ തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് ആവശ്യം. കരയ്ക്കിരുന്ന് കളി കാണുന്നവർക്ക് ഈ വാർത്ത കേൾക്കുമ്പോൾ പുച്ഛരസം കലർന്ന ഒരു ആനന്ദം തോന്നും. കോടതി വ്യവഹാരങ്ങളിൽ ആനന്ദം കണ്ടെത്തുന്ന ചില 'സാഡിസ്റ്റ്' മനോഭാവക്കാരാണ് ഇതിനെ പ്രോത്സാഹിപ്പിക്കുന്നതെന്നാണ് പിന്നാമ്പുറ വാർത്ത.

അഞ്ചു ലക്ഷത്തിലധികം വരുന്ന അമേരിക്കൻ മലയാളികളിൽ, അയ്യായിരത്തിൽ താഴെ വരുന്ന ജനങ്ങൾക്ക് മാത്രമേ, ഫൊക്കാനാ, ഫോമാ എന്നീ സംഘടനകളുടെ പ്രവർത്തനങ്ങളെപ്പറ്റി അറിയുവാനുള്ള താല്പര്യമുള്ളൂ എന്നതാണ് വസ്തുത.



ലേഖകൻ

രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന കൺവൻഷനിൽ സൗകര്യമുണ്ടെങ്കിൽ പങ്കെടുക്കുക എന്ന ഒരൊറ്റ പരിപാടി മാത്രമേ അവർക്കുള്ളൂ.

പിന്നീട് ഈ സംഘടനകൾ എന്തു ചെയ്തു, എന്തു ചെയ്യുന്നു എന്നുള്ളതൊന്നും അമേരിക്കൻ മലയാളികൾക്ക് ഒരു പ്രശ്നമേയല്ല. അവരുടെ ദൈനംദിന ജീവിതത്തിൽ മറ്റ് എന്തെല്ലാം ഉത്തരവാദിത്വപ്പെട്ട കാര്യങ്ങൾ ചെയ്തു തീർക്കുവാനുണ്ട്. അതിനിടയിലാണ് ഒരു ഫൊക്കാനയും ഫോമയും എന്നു പറഞ്ഞ് കുറേ കൂട്ടർ ഉറഞ്ഞു തുള്ളി നടക്കുന്നത്.

ഇനി കോടതി വ്യവഹാരം. 'ഒരു വാശിക്ക് എടുത്തു ചാടിയാൽ പത്തു വാശിക്ക് തിര്യെ കയറുവാൻ പറ്റുകയില്ല.' കോടതി മുറിയിൽ കയറി പഞ്ചപുച്ഛമടക്കി നിൽക്കുന്നത് അത്ര സുഖമുള്ള ഒരു ഏർപ്പാടല്ല എന്ന് അനുഭവവെളിച്ചത്തിൽ നിന്നുമറിയാം. നിനച്ചിരിക്കാത്ത നേരത്തായിരിക്കും ഒട്ടും പ്രതീക്ഷിക്കാത്ത ഒരു ഇണ്ടാസ് എതിർകക്ഷിയുടെ ഭാഗത്തു നിന്നും വരുന്നത്. അഭിഭാഷകർക്ക് upfront ആയിത്തന്നെ നല്ലൊരു തുക കൊടുക്കണം. പിന്നെ ഓരോ appearance-നും പ്രത്യേകം.

വിജയപരാജയങ്ങൾ ആർക്കായാലും ഇതിൽ ഉൾപ്പെടുന്നവർക്കെല്ലാം ധനനഷ്ടവും മാനഹാനിയും കുടുംബകലഹവും ഫലം.

ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പ് അസാധുവാക്കി, പുതിയൊരെണ്ണം നടത്തിയാൽ തന്നെ, തോറ്റവർ ജയിക്കുമെന്നുള്ളതിന് എന്താണ് ഉറപ്പ്? ജയിച്ചാൽ തന്നെ, ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ടീമിനേക്കാൾ എന്തു കോപ്പാണ് അമേരിക്കൻ മലയാളികൾക്ക് നിങ്ങൾ നല്കുവാൻ ഉദ്ദേശിക്കുന്നത്?

പിന്നെ, നിങ്ങൾ ഉദ്ദേശിക്കുന്നതു പോലെ ഈ പ്രസിഡണ്ട് പദവിയൊന്നും അത്ര വലിയ ആനക്കാര്യമൊന്നുമല്ല. പ്രസിഡണ്ടാണെന്ന് നെറ്റിയിൽ എഴുതി ഒട്ടിച്ചുകൊണ്ട്, കൈയിലെ കാശും മുടക്കി തേരാപാരാ നടക്കാം. വല്ല ഓണത്തിനോ ചക്രാന്തിക്കോ പത്തു പേരുടെ കൂട്ടത്തിൽ നിന്ന്, ഒരു തിരി കൊളുത്തി പത്രത്തിൽ പടമടിച്ചു വരുത്താം അത്രതന്നെ! പകൽ രാജാവായി വാണരുളുന്ന സൂര്യന്റെ പ്രതാപം സന്ധ്യവരെ മാത്രം!

ഒന്നാലോചിച്ചു നോക്കൂ. എത്രയോ പേർ ഈ പ്രസിഡണ്ട് പദവി അലങ്കരിച്ചിരിക്കുന്നു. അതിൽ എത്ര പേരെ ഇന്നു നിങ്ങൾക്ക് അറിയാം? ഏതെങ്കിലും സെക്രട്ടറിയെയോ ട്രഷററെയോ ആരെങ്കിലും ഓർക്കുന്നുണ്ടോ?

ഇത്രയേ ഉള്ളൂ ഈ പദവിയുടെ മാഹാത്മ്യം. അതുകൊണ്ട് കേസിനും വഴക്കിനുമൊന്നും പോകാതെ 'കത്തി താഴെ ഇടെടാ, നിന്റെ അച്ഛനാണ് പറയുന്നത്.'

കണ്ണുള്ളവർ കാണട്ടെ!

ചെവിയുള്ളവർ കേൾക്കട്ടെ!

വിജയപ്രദമായ ഒരു കൺവൻഷൻ നടത്തിയ ഡോ. ബാബു സ്റ്റീഫനും ടീമിനും അഭിനന്ദനങ്ങൾ! പുതുതായി തെരഞ്ഞെടുക്കപ്പെട്ട സജിമോൻ ആന്റണിക്കും ടീമിനും ആശംസകൾ !

# ജൂഡിത്ത് മാത്യു ഫൊക്കാന സ്പെല്ലിങ് ബീ ചാമ്പ്യൻ

വാഷിങ്ടൺ: വാഷിങ്ടൺ ഡിസിയിൽ നടന്ന 21-ാമത് ഫൊക്കാന അന്തർദ്ദേശീയ കൺവൻഷനിൽ ഗ്രേഡ് 5 മുതൽ ഒമ്പതു വരെയുള്ള കുട്ടികൾക്കായി നടത്തിയ സ്പെല്ലിങ് ബീ മത്സരത്തിൽ ന്യൂജേഴ്സിയിൽ നിന്നുള്ള ജൂഡിത്ത് മാത്യു ഫൊക്കാന സ്പെല്ലിങ് ബീ ചാമ്പ്യനായി.

ഒന്നാം റണ്ണർ അപ് ആയി ടാമ്പായിൽ നിന്നുള്ള ക്രിസ്റ്റൽ ജോസഫും രണ്ടാം റണ്ണർ അപ് ആയി വിർജീനിയയിൽ നിന്നുള്ള ശ്രേയ വർമ്മ സൂരജും വിജയികളായി. ആദ്യത്തെ രണ്ട് വിജയികൾക്ക് കാഷ് പ്രൈസും മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും ഗിഫ്റ്റ് കാർഡും വാഷിങ്ടണിൽ നിന്നുള്ള ജോസഫ്-നീന ഈപ്പൻ സ്പോൺസർ ചെയ്തു.


ജൂഡിത്ത് മാത്യു


ക്രിസ്റ്റൽ ജോസഫ്


ശ്രേയ വർമ്മ സൂരജ്

ടൊറന്റോയിൽ നിന്നുള്ള ജൂലി കാരക്കാട്ട് പ്രനൗൺസറായും ഫാ. ഫിലിപ്പ് മോടയിൽ, മോഡി ജേക്കബ്, സെലിൻ ജോർജ് എന്നിവർ ജഡ്ജസായും പ്രവർത്തിച്ചു.

ഇതിന്റെ നടത്തിപ്പിനു വേണ്ടി സ്പെല്ലിങ് ബീ നാഷണൽ കോ-ഓർഡിനേറ്റർ ഡോ. മാത്യു വർഗീസ്, കമ്മിറ്റി അംഗങ്ങളായ ജോർജ് ഓലിക്കൽ, സോണി അമ്പൂക്കൻ എന്നിവർ മുൻനിരയിൽ പ്രവർത്തിച്ചു. ഡോ. മാത്യു വർഗീസ് സമ്മാനദാന ചടങ്ങിൽ എംസിയായിരുന്നു.




# മോൻസ് ജോസഫിന് സെന്റ് ജൂഡിൽ സ്വീകരണം

**ജോബിൻ**

വാഷിങ്ടൺ ഡിസി: ജനസേവനത്തിനുള്ള ശക്തമായ മാർഗം എന്ന നിലയിൽ രാഷ്ട്രീയ പ്രവർത്തനരംഗത്തേക്ക് യുവാക്കളും പുതിയ തലമുറയും കടന്നുവരണമെന്ന് മുൻ മന്ത്രിയും കേരളാ കോൺഗ്രസ് എക്സിക്യൂട്ടീവ് ചെയർമാനുമായ മോൻസ് ജോസഫ് എംഎൽഎ ആഹ്വാനം നൽകി.

അമേരിക്കൻ സന്ദർശനത്തിനെത്തിയ മോൻസ് ജോസഫിന് നോർത്തേൺ വിർജീനിയ സെന്റ് ജൂഡ് സീറോ മലബാർ ദേവാലയത്തിൽ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ക്രൈസ്തവ മൂല്യങ്ങളും വിശ്വാസവും ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളുടെ നന്മക്കും നാടിന്റെ പുരോഗതിക്കുംവേണ്ടി അക്ഷീണം പ്രയത്നിച്ച ഉമ്മൻ ചാണ്ടിയാണ് തന്നെപ്പോലുള്ള പൊതുപ്രവർത്തകർക്കു മാതൃകയെന്ന് അദ്ദേഹം പറഞ്ഞു.



സെന്റ് ജൂഡ് ഇടവക വികാരി ഫാ. നിക്കോളാസ് തലക്കൂട്ടൂർ, മോൻസിന് പൊന്നാട അണിയിച്ചു സ്വീകരിച്ചു. മന്ത്രി എന്ന നിലയിലും നിയമസഭാംഗം എന്ന നിലയിലുമുള്ള മോൻസിന്റെ സേവനങ്ങളെ പ്രകീർത്തിച്ച ഫാ. നിക്കോളാസ് മോൻസിനെപോലുള്ളവർ പുതിയ തലമുറക്ക് മാതൃകയാണെന്ന് അഭിപ്രായപ്പെട്ടു.



16 വർഷക്കാലം മതാദ്ധ്യാപകൻ എന്ന നിലയിൽ പ്രവർത്തിച്ച കാര്യം മോൻസ് ഓർമിച്ചു. സെന്റ് ജൂഡ് പാരിഷ് ട്രസ്റ്റിമാരായ ജെയ്സൺ പോൾ, ജോബിൻ ജോണി, മേരി ജെയിംസ്, സാറാ റോബിൻസൺ എന്നിവർ നേതൃത്വം നൽകി.




# നിറഞ്ഞ ഹൃദയത്തോടെ നന്ദി: ഡോ. കലാ ഷഹി

കഴിഞ്ഞ രണ്ട് വർഷം ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക(FOKANA)യോടൊപ്പം സഞ്ചരിച്ച എനിക്ക് അമേരിക്കൻ മലയാളികളും ഫൊക്കാന പ്രവർത്തകരും സഹപ്രവർത്തകരും നൽകിയ സ്നേഹത്തിന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുകയാണ്. 2022 ജൂലൈയിൽ ഫ്ളോറിഡയിൽ ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി അധികാരം ഏറ്റെടുക്കുമ്പോൾ ജനറൽ സെക്രട്ടറി പദത്തിൽ രണ്ട് വർഷം പ്രവർത്തിക്കുവാൻ കഴിഞ്ഞത് സംഘടനാ പ്രവർത്തനരംഗത്തെ അതുല്യ നിമിഷങ്ങൾ ആയിരുന്നു എന്നതിൽ സംശയമില്ല. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി സംഘടനാ പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും അടുക്കും ചിട്ടയും ഉണ്ടാകുവാൻ തുടക്കം മുതൽ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

ഫൊക്കാനയ്ക്ക് ഒരു ആഗോള സംഘടന എന്ന നിലയിൽ പേരും പെരുമയും നൽകുവാനായതിൽ നിറഞ്ഞ സന്തോഷമുണ്ട്. വാഷിംഗ്ടൺ ഡിസിയിൽവെച്ച് ഏറ്റെടുത്ത ദീപശിഖയുടെ പ്രകാശവും സുഗന്ധവും അമേരിക്കയിലും കാനഡയിലും കേരളത്തിലുമുള്ള വിവിധ പ്രദേശങ്ങളിൽ പരത്തി വാഷിംഗ്ടൺ ഡിസിയിൽ തന്നെ തിരിച്ചെത്തിയ കാലയളവിനിടയ്ക്ക് നടത്തിയ വിവിധ പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിച്ചതിന്റെ ചാരിതാർത്ഥ്യവും ഉണ്ട്. പ്രഖ്യാപിച്ച എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിൽ വരുത്തുവാനും അപ്രതീക്ഷിതമായി ഏറ്റെടുത്ത പദ്ധതികൾക്ക് ഒരു മാതൃകയായ തുടക്കമായി മാറുവാനും കഴിഞ്ഞു എന്നത് അഭിമാനമാണ്. പ്രധാനമായും കഴിഞ്ഞ രണ്ട് വർഷവും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ശ്രദ്ധ നൽകിയ പ്രവർത്തനങ്ങൾ കേരളത്തിലും അമേരിക്കൻ യുവതയ്ക്ക് അമേരിക്കൻ രാഷ്ട്രീയത്തിൽ പ്രാമുഖ്യം നൽകുന്നതിനായി രണ്ട് മികച്ച സ്കോളർഷിപ് പദ്ധതികളും തുടങ്ങുന്നതിന് സഹകരിച്ചു നിന്നു പ്രവർത്തിക്കാൻ സാധിച്ചു. നിർധനരും അശരണരുമായ പത്തിലധികം കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീടും വിദ്യാഭ്യാസ സഹായവും തൊഴിൽ കണ്ടെത്താനുള്ള സഹായവും നൽകിയപ്പോൾ അവയെ കേരള ജനത പ്രതീക്ഷയോടെയാണ് സ്വീകരിച്ചത്.

എന്നാൽ, സമീപകാലത്തുണ്ടായ കുവൈറ്റ് തീപിടിത്ത ദുരന്തത്തിൽ മരിച്ച മലയാളി സുഹൃത്തുക്കളുടെ 25 കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ നൽകുകയുണ്ടായി. ഒരു മനുഷ്യന്റെ ആത്യന്തികമായ പ്രയാസങ്ങൾക്കൊപ്പം ഫൊക്കാനയ്ക്ക് നിൽക്കാനായത് ഈ സംഘടനയുടെ മഹത്വമല്ലാതെ മറ്റെന്ത് പറയാൻ - ഫൊക്കാനയ്ക്ക്വേണ്ടി ആ സഹായം പ്രഖ്യാപിച്ച പ്രസിഡണ്ട് ഡോ.ബാബു സ്റ്റീഫനെ ഹൃദയം നിറഞ്ഞ് അഭിനന്ദിക്കട്ടെ. ഒപ്പം ട്രഷറർ ആയി പ്രവർത്തിച്ച ബിജു കൊട്ടാരക്കര, കമ്മിറ്റി അംഗങ്ങൾ, ട്രസ്റ്റി ബോർഡ് ചെയർ അംഗങ്ങൾ, അതിലുപരി ജനറൽ ബോഡി അംഗങ്ങൾ എല്ലാവരോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച കാലയളവിൽ ചില നിർബന്ധങ്ങൾക്ക് വഴങ്ങിയും ഒരു തുടർച്ച എന്നനിലയിൽ പ്രവർത്തിക്കുന്നതിനും 2024-2026 കാലയളവിൽ പ്രസിഡണ്ട് സ്ഥാനാർത്ഥിയായും മത്സരിക്കേണ്ടി വന്നു. ഒരു പ്രൊഫഷണൽ ടീമിനെ രൂപീകരിച്ച് ശക്തമായും സത്യസന്ധമായും പ്രവർത്തിക്കുകയും മികച്ച രീതിയിൽ ടീമിനുവേണ്ടി നിരവധി തെരഞ്ഞെടുപ്പ് പരിപാടികൾ സംഘടിപ്പിക്കുകയും സജീവമായ പ്രചരണ രംഗത്ത് പ്രവർത്തിക്കുകയും ചെയ്തു. പക്ഷേ, തെരഞ്ഞെടുപ്പിൽ ഞാൻ നയിച്ച ടീമിന്റെ കൂടെയായിരുന്നില്ല വിജയം. തെരഞ്ഞെടുപ്പ് ഫലത്തെക്കുറിച്ചും അതിന്റെ വിശദാംശങ്ങളിലേക്കും ഉള്ള പുതിയ ചർച്ചകൾക്ക് തുടക്കമിടാനോ ഒന്നും ഞാൻ ഇപ്പോൾ തയ്യാറാകുന്നില്ല. എന്റെ കലാപ്രവർത്തനങ്ങൾ, ഔദ്യോഗിക ജീവിതം എന്നിവയിൽ ശ്രദ്ധ വെക്കുന്നതോടൊപ്പം പ്രാദേശിക സംഘടനാ പ്രവർത്തനങ്ങളും തുടരും. സെക്രട്ടറിയായും പ്രസിഡണ്ടായി മത്സരിച്ചപ്പോഴും പ്രോത്സാഹിപ്പിക്കുകയും ഒപ്പം നിൽക്കുകയും ചെയ്ത ടീം ലെഗസി അംഗങ്ങളും അവരുടെ കുടുംബങ്ങളും, വാഷിംഗ്ടണിലെയും മറ്റു സംസ്ഥാനങ്ങളിലെയും പ്രത്യേകിച്ച് കാനഡയിലെയും സുഹൃത്തുക്കൾ, വോട്ടു നൽകിയവർ, പ്രതിസന്ധികളിൽ തണലായ ചില നല്ല മനുഷ്യർ, സാമൂഹ്യ സംഘടനാ പ്രവർത്തകർ, അമേരിക്കയിലെയും കേരളത്തിലെയും അച്ചടി-ദൃശ്യ മാധ്യമങ്ങൾ, മാധ്യമ സുഹൃത്തുക്കൾ, ഒപ്പം ഉണ്ടായിരുന്ന കുടുംബം, ഔദ്യോഗിക സുഹൃത്തുക്കൾ എല്ലാവരോടും നന്ദി... ഹൃദയം നിറഞ്ഞ നന്ദി...

# വെട്ടിപ്പിടിക്കുന്നതിനേക്കാൾ വിട്ടുകൊടുക്കുന്നതാണ് നല്ലത്

എൽസി ബേബി


ലേഖിക

മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടേതാണ് മേലുദ്ധരിച്ച വാക്കുകൾ. നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നതും ജീവിതത്തിൽ പ്രായോഗികമാക്കാൻ ഉതകുന്നതുമായ നല്ലൊരു പ്രമാണമാണെന്നു തോന്നിയതുകൊണ്ട് അതിന്റെ പ്രയോഗികതകളെക്കുറിച്ച് ചിന്തിപ്പാനിടയായി. ഇന്ന് ലോകമാകമാനം നോക്കിയാൽ അനേകർ എന്തൊക്കെയോ വെട്ടിപ്പിടിക്കാനുള്ള പരിശ്രമങ്ങളിലാണ് അവർ തങ്ങളുടെ കഴിവുകളും ബുദ്ധിയും ജീവിതം തന്നെയും ചെലവഴിക്കുന്നതെന്നു തോന്നും. എത്ര വെട്ടിപ്പിടിച്ചാലും വാരിക്കൂട്ടിയാലും ഒരുനാൾ നാം അവയൊക്കെ ഉപേക്ഷിച്ച് വെറുംകയ്യോടെ പോകേണ്ടവരല്ലേ?

ഒരിക്കൽ പ്രായമായ ഒരാൾ കടൽത്തീരത്തുകൂടെ നടന്നുപോകുകയായിരുന്നു. അപ്പോൾ ഒരു പയ്യൻ കടൽത്തീരത്തിരുന്നുകൊണ്ട് എന്തോ കടലിലേക്ക് എറിഞ്ഞുകൊണ്ടിരിക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം ആ ബാലന്റെ അരികിലെത്തിയപ്പോൾ കണ്ടത് കടൽത്തിരകളിലൂടെ തീരത്തെത്തുന്ന നക്ഷത്രമീനുകളെ പെറുക്കി കടലിലേക്ക് എറിഞ്ഞുകൊണ്ടിരിക്കുന്നു. അദ്ദേഹം ചോദിച്ചു. മകനേ നീ എന്താണീ ചെയ്യുന്നത്? അവൻ ഒന്നും മിണ്ടാതെ ഒരു നക്ഷത്രമീനിനെ കൈയിലെടുത്ത് കടലിലേക്ക് എറിഞ്ഞുകൊണ്ട് ഞാൻ ഒരെണ്ണത്തിനെ രക്ഷപ്പെടുത്തി എന്നു പറഞ്ഞു. എത്ര നല്ല പാഠമാണ് ആ പയ്യൻ നമുക്കു നല്കുന്നത്. കടലിൽ ഉല്ലസിച്ചാനന്ദിക്കേണ്ട ആ കുഞ്ഞുമീനുകളെ കടൽത്തിരകൾ തീരത്തേക്ക് എറിഞ്ഞിട്ടിരിക്കുകയാണ്. അവ അവിടെക്കിടന്നു ചത്തു പോകുകയേയുള്ളൂ. അവയിൽ ഒന്നിനെയെങ്കിലും രക്ഷപ്പെടുത്തിയാൽ എത്ര നല്ലതാണെന്നു കണ്ട് മനസ്സലിഞ്ഞ ആ ബാലന്റെ മനസ്സ് എത്ര നല്ലത്?

ഇന്ന് ഈ ലോകമാം സാഗരത്തിൽ എത്രയോ സാധുക്കളാണ് നമുക്കുചുറ്റും ഉടുതുണിക്കു മറുതുണിയില്ലാതെ, ഒരുനേരത്തെ ആഹാരം പോലും ലഭിക്കാതെ പട്ടിണി കിടക്കുന്നത്. നാം തിന്നു സുഖിച്ച്, പട്ടുവസ്ത്രങ്ങളും ധരിച്ച് നല്ല നല്ല മെത്തകളിൽ, വൻ മാളികകളിൽ കിടന്നുറങ്ങുമ്പോൾ ഇവയൊന്നും പോരാപോരാ എന്ന ആവേശത്തോടെ ലൗകികസുഖങ്ങളും ഭൗതികനന്മകളും വെട്ടിപ്പിടിച്ച് കൂട്ടിവെക്കാനുള്ള നെട്ടോട്ടം ഓടുമ്പോൾ കഷ്ടപ്പെടുന്ന, ആരും സഹായിക്കാനില്ലാത്തവരോട് അല്പം ദയ കാണിക്കാൻ മനസ്സ് വെച്ചുകൂടെ? നാം തിന്നു ശേഷിപ്പിച്ച് ചവറ്റുകൊട്ടയിൽ കളയുന്ന ഉച്ഛിഷ്ടമെങ്കിലും തിന്നാൻ കൊതിക്കുന്ന സാധുക്കളെ സഹായിച്ചുകൂടെ? നാം വാരിക്കൂട്ടുന്നതും വെട്ടിപ്പിടിക്കാൻ ശ്രമിക്കുന്ന ധനസമ്പത്തുക്കളും വസ്തുവകകളൊന്നും നമ്മുടേതല്ല എന്നോർക്കുക. അവയെല്ലാം തമ്പുരാന്റെ വകയാകുന്നു. അവ വാരിക്കൂട്ടി സുഖിക്കുമ്പോൾ നമുക്കു ചുറ്റുമുള്ള സാധുക്കളെ കൂടെ കാണുവാനും സഹായിക്കുവാനും കൂടിയുള്ളതാണെന്നോർക്കുക. ജ്ഞാനിയായ സോളമന്റെ വാക്കുകൾ ശ്രദ്ധിക്കുക: "സമ്പാദിക്കാൻ ഒരു കാലം, നഷ്ടമാവാൻ ഒരു കാലം" എന്നാകുന്നു. നമുക്കു ചുറ്റും ഒരു കാലത്ത് വലിയ സമ്പന്നരായി ജീവിച്ചവർ സകലവും നഷ്ടപ്പെട്ട് പാപ്പരായ കഥകളൊക്കെ നാം കാണാറില്ലേ? നമ്മുടെ കൈയിൽ വരുന്ന നന്മകൾ എല്ലാം തമ്പുരാൻ കനിഞ്ഞു നമ്മെ ഏല്പിക്കുന്നവയാകുന്നു. അവ മറ്റുള്ളവർക്കു കൂടെ പങ്കുവെച്ച് പ്രയോജനപ്പെടുത്തിയാൽ ഈശ്വരൻ നമ്മിൽ പ്രസാദിക്കുക മാത്രമല്ല 'കൊടുക്കുന്തോറും ഏറിടും' എന്നു നമ്മെ പഠിപ്പിക്കുകയും ചെയ്യും. അതു മാത്രമല്ല അതിൽനിന്നു ലഭിക്കുന്ന സംതൃപ്തിയും സന്തോഷവും അനുഭവിച്ചറിയുക. അങ്ങനെയുള്ള മഹാമനസ്കതയുള്ള മഹാന്മാർ നമ്മുടെ ഇടയിലുണ്ട് അവരെ ദൈവം അനുഗ്രഹിക്കട്ടെ. നന്മ ചെയ്യാൻ അവസരം ലഭിക്കുമ്പോൾ അതിന് അർഹരായവരെ സഹായിപ്പാൻ നല്ലൊരു മനസ്സുണ്ടായാൽ അതിനേക്കാളേറെ വലിയ സമ്പത്ത് ഈ ഭൂമിയിൽ മറ്റൊന്നുമില്ല എന്നതാണ് പരമാർത്ഥം. നമുക്കു ജോലി ചെയ്യാനുള്ള ബുദ്ധിയും ശക്തിയും നല്കുന്ന സർവശക്തനായ ദൈവത്തിന്റെ കൃപയാൽ മാത്രമാണ് നാം ജീവിക്കുന്നതും അദ്ധ്വാനിക്കുന്നതും സമ്പാദിക്കുന്നതും വാരിക്കൂട്ടുന്നതുമെല്ലാം എന്നോർക്കുക. നാം എത്ര വാരിക്കൂട്ടിയാലും വെട്ടിപ്പിടിച്ചാലും അനുഭവിപ്പാനുള്ള ഭാഗ്യം ഇല്ലാതെ പോയാൽ അതുപോലെ ദുഃഖകരമായ വല്ലതുമുണ്ടോ?

മരണം ഏതു സമയത്തും നമ്മെ സമീപിച്ചെന്നു വരാം. നമ്മോടു ചോദിച്ചിട്ടോ നമ്മുടെ അനുവാദം വാങ്ങിയിട്ടോ അല്ല മരണം നമ്മെ സമീപിക്കുന്നത്. മരണം വന്നു വിളിക്കുമ്പോൾ 'ഇല്ല, ഞാൻ ഇപ്പോൾ വരുന്നില്ല പിന്നെ വാ' എന്നു പറഞ്ഞ് ഒഴിഞ്ഞുമാറാനൊക്കുമോ? ജനിച്ചാൽ ഒരിക്കൽ മരിക്കണം എന്നത് തമ്പുരാന്റെ ന്യായപ്രമാണമാകുന്നു. മരിക്കുമ്പോൾ നാം വാരിക്കൂട്ടിയ വല്ലതും കൊണ്ടുപോകാനൊക്കുമോ? വെറും കയ്യോടെ വന്നു, വെറും കയ്യോടെ തന്നെ പോകേണ്ടിവരും. നഗ്നനായി വന്നു നഗ്നനായി തന്നെ പോകും. എത്ര വിലയേറിയ പട്ടുവസ്ത്രം കൊണ്ട് നമ്മുടെ ശവശരീരം പൊതിഞ്ഞാലും നാം അറിയുകയില്ല. എന്നു മാത്രമല്ല, അവയൊക്കെ പുഴുക്കൾക്ക് ഭക്ഷിക്കാനായി ദ്രവിച്ചു പോകുകയേയുള്ളൂ. അതുകൊണ്ട് പ്രിയമുള്ളവരെ വെട്ടിപ്പിടിക്കുന്നതിനേക്കാൾ വിട്ടു കൊടുക്കുന്നതാണ് ഭേദം. അത് ജീവിതത്തിലെ (ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.73 |
| യൂറോ | 90.92 |
| സ്റ്റെർലിംഗ്പൗണ്ട് | 107.78 |
| സ്വിസ് ഫ്രാങ്ക് | 94.77 |
| സിംഗപ്പൂർ ഡോളർ | 62.39 |
| കനേഡിയൻ ഡോളർ | 60.57 |
| ഒമാൻ റിയാൽ | 217.52 |
| ബഹ്റൈൻ ദിനാർ | 222.19 |
| സൗദി റിയാൽ | 22.32 |
| യു.എ.ഇ. ദിർഹം | 22.80 |
| കുവൈത്ത് ദിനാർ | 273.86 |

# EX - UAE മലയാളി പെന്തെക്കോസ്തു കുടുംബസംഗമം ഹൂസ്റ്റണിൽ നടന്നു; അടുത്ത സമ്മേളനം ചിക്കാഗോയിൽ

എസ്.പി. ജയിംസ്



ഡാളസ്: മുൻ യു.എ.ഇ. മലയാളി പെന്തെക്കോസ്തരുടെ കുടുംബസമ്മേളനം ഹൂസ്റ്റണിൽ ജോർജ് ബ്രൗൺ കൺവൻഷൻ സെന്ററിന്റെ പ്രത്യേക ഹാളിൽ ജൂലൈ 6-ന് ശനിയാഴ്ച നടന്നു. പി.സി.എൻ.എ.കെയുടെ സഹകരണത്തോടെ നടന്ന മീറ്റിങ്ങിൽ, ഷാർജ പെന്തെക്കോസ്തു വർഷിപ്പ് സെന്റർ സീനിയർ ശുശ്രൂഷകൻ റവ. വിൽസൺ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഇവ. മാത്യു ഉമ്മൻ പ്രാരംഭപ്രാർത്ഥന നടത്തി. ബ്രദർ എസ്.പി. ജയിംസ് സ്വാഗതം ആശംസിച്ചു. വടക്കേ അമേരിക്കയിലേക്ക് കുടിയേറി പാർത്തിരിക്കുന്ന നാം പ്രാപിച്ചിരിക്കുന്ന ആത്മീക ഉണർവ്വിന്റെ തീജ്വാല കെട്ടുപോകാതെ ദൈവകൃപയിലും സമർപ്പണത്തിലും അധിഷ്ഠിതമായി വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കാൻ അദ്ധ്യക്ഷൻ ആഹ്വാനം ചെയ്തു. മീറ്റിങ്ങിൽ സംബന്ധിച്ച എല്ലാവരും തങ്ങളെത്തന്നെ സദസിനു പരിചയപ്പെടുത്തി. ബ്രദർ രാജൻ ആര്യപ്പള്ളിൽ കൃതജ്ഞത പ്രകാശിപ്പിച്ചു. ബ്രദർ രാജൻ കപ്പമാംമൂട്ടിൽ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. റവ. ജോർജ് മാത്യുവിന്റെ പ്രാർത്ഥനാ ആശിർവാദത്തോടെ കുടുംബസംഗമം സമംഗളം പര്യവസാനിച്ചു.

2006 ലാണ് EX-UAE മീറ്റിങ്ങിന് ഡാളസിൽ തുടക്കംകുറിച്ചത്. തമ്മിൽ കണ്ട് പരിചപ്പെടുവാനും പരിചയം പുതുക്കുവാനും ആത്മീയ കൂട്ടായ്മക്കായി ഒത്തൊരുമിക്കാനുമാണ് ഈ കുടുംബസംഗമം. 2026-ൽ ചിക്കാഗോയിൽ നടക്കുന്ന മീറ്റിങ് വിപുലമായി നടത്താൻ തീരുമാനമായി. WhatsApp ഗ്രൂപ്പിലോ, Zoom മീറ്റിലോ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.

ex.uaepentecostal@gmail.com
S.P. James 214 334 6962
Mathew Oommen 203 240 5042
George Ariyappallil 972 365 6676
Babukutty Kappamammoottil 972 740 2257
Rajan Ariyappallil 678 571 6398



# അമേരിക്കയും ബൈബിളും പിന്നെ ഒരു ട്രംപും

ഡോ. മാത്യു ജോയിസ്

ജൂലൈ 13-ന് പെൻസിൽവേനിയയ്ക്ക് സമീപം വെച്ച് ഒരു പ്രചാരണ റാലിയെ അഭിസംബോധന ചെയ്യുന്നതിനിടെയാണ് ട്രംപ് വധശ്രമത്തിൽ നിന്ന് രക്ഷപ്പെട്ടത്. ഒരു കെട്ടിടത്തിന്റെ മേൽക്കൂരയിൽനിന്ന് എആർ-15 ശൈലിയിലുള്ള റൈഫിൾ ഉപയോഗിച്ച് 20 വയസ്സുള്ള ഒരാൾ എട്ട് റൗണ്ട് വെടിയുതിർക്കുകയും ട്രംപിന്റെ വലതു ചെവിക്ക് പരുക്കേൽക്കുകയും ചെയ്തുവെന്നതാണ് ലോകത്തെ ഞടുക്കിയ അടുത്തകാലത്തെ ഒരു മഹാസംഭവം.

ഇതു കേൾക്കേണ്ട താമസം, ഇന്ത്യാ ഗവൺമെന്റ് ഉടനെ പ്രതികരിച്ചു: ട്രംപിന്റെ വധശ്രമം ഉദ്ധരിച്ച് പൊതുപരിപാടികളിൽ വിവിഐപികൾക്ക് സുരക്ഷ വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നല്കി മോദി സർക്കാർ. സിആർപിഎഫ്, സിഐഎസ്എഫ്, ഐടിബിപി, എൻഎസ്ജി, സംസ്ഥാന രഹസ്യാന്വേഷണ ബ്യൂറോ എന്നിവയുടെ ചുമതലയുള്ളവരുൾപ്പെടെ ഡിജിമാർക്ക് ഉടൻ നിർദേശങ്ങൾ നല്കുകയും ചെയ്തുകഴിഞ്ഞു.

ജപ്പാൻ മുൻ പ്രധാനമന്ത്രി ഷിൻസോ ആബെയെ 2022 ജൂലൈ 8-ന് ഒരു കോർണർ പൊതുയോഗത്തെ അഭിസംബോധന ചെയ്യുന്നതിനിടെ, വീട്ടിൽ നിർമ്മിച്ച തോക്കുപയോഗിച്ച് ഒരാൾ സമീപത്ത് നിന്ന് മാരകമായി വെടിവെച്ചു. ഒരു റോഡ് മാർച്ചിനിടെ, മുൻ പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന് 2022 നവംബർ 3-ന് വെടിയേറ്റ് പരുക്കേൽക്കുകയും ചെയ്തു.

2022 സെപ്റ്റംബർ 1-ന് അർജന്റീനയുടെ വൈസ് പ്രസിഡണ്ട് ക്രിസ്റ്റീന ഫെർണാണ്ടസ്, ഒരു വ്യക്തി തന്റെ തലയ്ക്ക് സമീപം പിസ്റ്റൾ നിറയ്ക്കാൻ ശ്രമിച്ച് പരാജയപ്പെട്ടതിനാൽ കൊലപാതകശ്രമത്തിൽ നിന്ന് രക്ഷപ്പെട്ടു.

ഇന്ത്യക്കാരെ സംബന്ധിച്ചിടത്തോളം ഗാന്ധിജിയുടെ വധത്തിനുശേഷം ഏറ്റവും ദാരുണമായത്, ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി 1984 ഒക്ടോബർ 31-ന് രാവിലെ 9.30-ന് ന്യൂഡൽഹിയിലെ സഫ്ദർജംഗ് റോഡിലുള്ള വസതിയിൽ വെച്ച് കൊല്ലപ്പെട്ടുവെന്ന വാർത്തയായിരുന്നു.

റാലികൾ, കോർണർ മീറ്റിംഗുകൾ, റോഡ്ഷോകൾ എന്നിവയുൾപ്പെടെയുള്ള പൊതു ഇടങ്ങളിൽ ഉയർന്ന അ



ലേഖകൻ

പകടസാദ്ധ്യതയുള്ള പ്രമുഖരുടെ വിവിധ ഭീഷണികളിലേക്ക് ഇത്തരം സംഭവങ്ങൾ അടിവരയിടുന്നതായി വാർത്തകൾ പറയുന്നു. "നമ്മൾ എല്ലാവരും മൂന്ന് പ്രധാന പോയിന്റുകളിൽ പ്രവർത്തിക്കണം-ശാരീരിക സുരക്ഷാ നടപടികൾ, സാങ്കേതിക നിരീക്ഷണം, ആകസ്മിക പരിശീലനങ്ങൾ, വ്യക്തിഗത സുരക്ഷാ ഉദ്യോഗസ്ഥരുടെ പങ്ക്." ഇവയുടെ പ്രാധാന്യത്തെപ്പറ്റി ഉദ്യോഗസ്ഥർ ഒരിക്കൽക്കൂടി ഓർപ്പിച്ചു.

അമേരിക്കൻ ഐക്യനാടുകൾ എന്ന യുഎസ്എയുടെ സ്ഥാപനത്തിൽ ദൈവത്തിന്റെ കരം ഉണ്ടെന്നും അവൻ നമ്മെ വീണ്ടും വീണ്ടും രക്ഷിച്ചിട്ടുണ്ടെന്നും അമേരിക്കക്കാരുടെ ഓരോ തലമുറയും ഏതാണ്ട് ഏകകണ്ഠമായി വിശ്വസിച്ചുവരുന്നു. 1755-ൽ ദൈവം തന്നെ ഒഴിവാക്കി എന്ന് ജോർജ് വാഷിങ്ടൺ ആത്മവിശ്വാസത്തോടെ പറഞ്ഞിരുന്നു. ഏഴ് വെടിയുണ്ടകൾ തന്റെ കുതിരയെ കൊല്ലുകയും തന്റെ കോട്ട് തുളയ്ക്കുകയും തൊപ്പി കീറുകയും ചെയ്തു. എന്നിട്ടും ഒരു ബുള്ളറ്റും തന്റെ ശരീരത്തിൽ പ്രവേശിച്ചില്ല. അതുപോലെ, ഹൃദയത്തിൽ നിന്ന് ഒരു സെന്റിമീറ്റർ അകലെ കൂടെ കടന്നുപോയ ഒരു വെടിയുണ്ടയെ അതിജീവിച്ച റൊണാൾഡ് റീഗൻ, തന്റെ ജീവിതം ദൈവത്തോട് കടപ്പെട്ടിരിക്കുന്നുവെന്ന് ഉറപ്പായി പറഞ്ഞിരുന്നു.

ഭാഗ്യത്തിന് ഇന്ത്യക്കാർക്ക്, അമേരിക്കയിലെപ്പോലെ തോക്കുകൾ കൈവശം വെക്കാൻ നിയമം അനുവദിക്കുന്നില്ല. ഇല്ലെങ്കിൽ എന്നും ദീപാവലിയുടെ പടക്കം പൊട്ടീരുപോലെ നമ്മുടെ മാതൃരാജ്യം ശബ്ദമുഖരിതമായേനേ!

മുൻ പ്രസിഡണ്ട് ട്രംപിനെതിരായ വധശ്രമം പരാജയപ്പെട്ടതിന് ശേഷം, ദശലക്ഷക്കണക്കിന് അമേരിക്കക്കാർ ദൈവത്തിന്റെ സംരക്ഷണത്തിന്റെ കരം അദ്ദേഹത്തെ ഒഴിവാക്കിയതായി നിഗമനം ചെയ്തു. എങ്കിലും മുൻ പ്രസിഡണ്ട് തന്റെ അടിയുറച്ച വിശ്വാസമാണ് പെൻസിൽവേനിയയിലെ കൺവൻഷനിൽ സൂചിപ്പിച്ചത്. "ഇന്ന് രാത്രി ഞാനിവിടെ ഉണ്ടാകുമായിരുന്നില്ല. സർവ്വശക്തനായ ദൈവത്തിന്റെ കൃപയാൽ മാത്രമാണ് ഞാൻ ഈ രംഗത്ത് നിങ്ങളുടെ മുന്നിൽ നിൽക്കുന്നത്." ട്രംപ് ആ വേദിയിൽനിന്ന് എഴുന്നേറ്റു. മുഷ്ടി ശക്തിയോടെ ഉയർത്തി, അവർക്കും ഈ രാജ്യത്തിനും വേണ്ടി പോരാടാനുള്ള തന്റെ അചഞ്ചലമായ ദൃഢനിശ്ചയം അമേരിക്കയെ കാണിച്ചു.

ഉള്ളിന്റെയുള്ളിൽ ഒരു ദൈവഭയം കുടികൊള്ളുന്നുവെന്നു വ്യക്തം.

ഡോണൾഡ് ട്രംപിന്റെ ജീവനെടുക്കാനുള്ള ശ്രമം എല്ലാ അമേരിക്കക്കാരെയും രാഷ്ട്രീയത്തിന് അതീതമായ സുരക്ഷാചിന്തകൾക്ക് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ട്രംപ് നല്ലവനെന്നോ, മറ്റുള്ളവർ മോശമെന്നോ സ്ഥാപിക്കാൻ ഒരു ശ്രമവും നടത്തുകയല്ല. എന്നാൽ, പണ്ട് ഉയർത്തിപ്പിടിച്ച ബൈബിൾ ഇന്നും പറയുന്നു: "നാം നമ്മുടെ ഹൃദയങ്ങളെ ദൈവത്തിലേക്ക് തിരിച്ചുവിടണം-ഒരു കുരുവി വീഴുമ്പോൾ അറിയുന്നവൻ (മത്താ. 10:29) അവന്റെ കരുതലിന്റെ ഹസ്തമില്ലാതെ ഒരു ജനതയ്ക്കും ഉയിർത്തെഴുന്നേൽക്കാനും നിൽക്കാനും കഴിയില്ല."

ഗോഡ് ബ്ലെസ് അമേരിക്ക!

# ബെൻസൻവിൽ ദേവാലയത്തിൽ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷിച്ചു

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ ഗ്രാന്റ് പേരന്റ്സ് ഡേ വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പരിശുദ്ധ മാതാവിന്റെ മാതാപിതാക്കളായ അന്നാ ഉമ്മയുടെയും വിശുദ്ധ യോവാക്കിമിന്റെയും തിരുനാളിനോടനുബന്ധിച്ചാണ് കത്തോലിക്കാ സഭയിൽ ഗ്രാന്റ് പേരന്റ്സ് ഡേ ആഘോഷിച്ചുവരുന്നത്. ജൂലൈ 21-ന് ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം എല്ലാ ഗ്രാന്റ് പേരന്റ്സിനും പൂക്കൾ നല്കി ആദരിച്ചു.




ഇടവകയിലെ ഏറ്റവും പ്രായംചെന്ന ഗ്രാന്റ് പേരന്റ്സായ ചെറിയാൻ ആൻഡ് മറിയാമ്മ കളപ്പുരയ്ക്കൽകരോട്ടിനെയും ഏറ്റവും പ്രായംകുറഞ്ഞ ഗ്രാന്റ് പേരന്റ്സായ തമ്പിച്ചൻ ആൻഡ് നീത ചെമ്മാച്ചേലിനെയും ആദരിച്ചു. ഈ ദിനത്തോടനുബന്ധിച്ച് നടത്തിയ ഫോട്ടോ ഷൂട്ട് മത്സരത്തിൽ ഒന്നാമതെത്തിയ മാത്യു ഇടിയാലിൽ ആൻഡ് ഫാമിലിക്ക് ഉപഹാരം നല്കി.

തുടർന്ന് ഗ്രാന്റ് പേരന്റ്സ് പ്രദക്ഷിണമായി ഹോളിലെത്തിയപ്പോൾ മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ കുട്ടികളുടെ കലാപരിപാടികൾ ഒരുക്കി.

വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ബിൻസ് ചേത്തലിൽ, ഇടവക ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവരും മെൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റർ സജി ഇറപുറവും പരിപാടികൾ സുഗമമാക്കി.



# സാഹിത്യവേദി ഓഗസ്റ്റ് രണ്ടിന്; 'മേരി മഗ്ദലന്റെ ആത്മകഥ' ചർച്ചയാകുന്നു




ചിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഓഗസ്റ്റ് രണ്ടിന് വെള്ളിയാഴ്ച ചിക്കാഗോ സമയം വൈകുന്നേരം 6.30-നു സാഹിത്യവേദി അംഗം ലീലാ പുല്ലാപ്പള്ളിയുടെ ഭവനത്തിൽവെച്ച് കൂടുന്നതാണ് (വിലാസം: Courtland Square, 8824 Jody Lane, Unit 1 G, Des Plaines, IL 60016, Phone: 847-372-0580).


നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വൈകിട്ട് 7.30 മുതൽ സൂം വെബ് കോൺഫറൻസ് വഴിയായി സമ്മേളനത്തിൽ പങ്കെടുക്കാം.

(Zoom Meeting Link https://us02web.zoom.us/j/81475259178 Passcode: 2990 Meeting ID: 814 7525 9178)

ഡോ. പി.സി. നായർ രചിച്ച 'മേരി മഗ്ദലന്റെ ആത്മകഥ' എന്ന നോവലിന്റെ ആസ്വാദനമാണ് സാഹിത്യവേദിയുടെ വിഷയം. സാഹിത്യവേദി അംഗവും കഥാകൃത്തുമായ എസ്. അനിലാൽ ആണ് ഇത്തവണ പ്രബന്ധം അവതരിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ 'ഫിത്ർ സകാത്' എന്ന കഥാസമാഹാരത്തിന് ഫൊക്കാന കാരൂർ നീലകണ്ഠപിള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്. പ്ലാക്ക്, സബ്രീന എന്നിവയാണ് പ്രസിദ്ധീകരിക്കപ്പെട്ട മറ്റു കൃതികൾ. നെയ്യാറ്റിൻകര സ്വദേശിയായ അദ്ദേഹം 1997 മുതൽ ചിക്കാഗോയിൽ സ്ഥിരതാമസം.

ജൂൺ മാസ സാഹിത്യവേദിയിൽ എതിരൻ കതിരവൻ നടത്തിയ പ്രഭാഷണം സാഹിത്യവേദി അംഗങ്ങൾ വളരെയധികം ആസ്വദിച്ചു.

എല്ലാ സാഹിത്യ സ്നേഹികളെയും ഓഗസ്റ്റ് മാസ സാഹിത്യവേദിയിലേക്കു സഹർഷം സ്വാഗതം ചെയ്യുന്നു.



കൂടുതൽ വിവരങ്ങൾക്ക്:

എസ് അനിലാൽ 630 400 9735

പ്രസന്നൻ പിള്ള 630 935 2990

ജോൺ ഇലക്കാട് 773 282 4955

# ഇന്ത്യയിലെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് കടൽപാലം

ചെന്നൈ: കടലിനു കുറുകെയുള്ള പുതിയ പാമ്പൻ റെയിൽവേ പാലത്തിന്റെ നിർണായക ഘട്ടം ദക്ഷിണ റെയിൽവേ പൂർത്തിയാക്കി. പുതിയ പാലത്തിലൂടെ രാമേശ്വരത്തേക്കുള്ള ട്രെയിൻ സർവീസ് ഒക്ടോബർ ഒന്നിനു പുനരാരംഭിക്കാനാണു നീക്കം. കപ്പലുകൾക്കും മറ്റും കടന്നുപോകാൻ ലംബമായി ഉയർത്തുന്ന 'വെർട്ടിക്കൽ ലിഫ്റ്റ് സ്പാൻ' വിജയകരമായി ഘടിപ്പിച്ചു. ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ കടൽപാലമാണിത്. പഴയ പാലത്തെ അപേക്ഷിച്ച് മൂന്ന് മീറ്റർ കൂടി അധികമായി ഉയർത്താൻ കഴിയുന്നതാണു പുതിയ പാലം.



പുതിയ പാമ്പൻ പാലത്തിൽ വെർട്ടിക്കൽ ലിഫ്റ്റ് സ്പാൻ ഘടിപ്പിച്ചപ്പോൾ.

ഒരു നൂറ്റാണ്ട് പഴക്കമുള്ള പാമ്പൻ റെയിൽവേ കടൽപാലത്തിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് 2019-ൽ റെയിൽ വികാസ് നിഗം ലിമിറ്റഡ് (ആർവിഎൻഎൽ) ആണ് നിലവിലെ പാലത്തിനു സമാന്തരമായി പുതിയ പാലത്തിന്റെ നിർമാണത്തിനു തുടക്കമിട്ടത്. പഴയ പാലത്തിലൂടെ ട്രെയിൻ കടന്നുപോകുമ്പോൾ അമിതമായ പ്രകമ്പനങ്ങൾ ഉണ്ടാകുന്നതായി ഐഐടി മദ്രാസിൽനിന്നുള്ള വിദഗ്ധസംഘം സ്ഥിരീകരിച്ചതോടെ ഇതുവഴിയുള്ള സർവീസ് 2022-ൽ പൂർണമായും നിർത്തിയിരുന്നു.

പാമ്പൻ കടൽപാലത്തിലൂടെ ആദ്യ ട്രെയിൻ ഓടുന്നത് 1914 ഫെബ്രുവരി 24-നാണ്. പുരാണ പ്രസിദ്ധമായ രാമേശ്വരം അതോടെ, കടലിടുക്കിനു മീതേ തലയെടുപ്പോടെ നിൽക്കുന്ന റോഡ്-റെയിൽ പാലങ്ങളുടെ നഗരമായി. എന്നാൽ, ഉപ്പുകലർന്ന കാറ്റിൽ ഇരുമ്പും ഉരുക്കുമെല്ലാം പെട്ടെന്നു തുരുമ്പെടുക്കുമെന്നത് ആശങ്ക ഉയർത്തി.

1964-ൽ ഇവിടെ ആഞ്ഞുവീശിയ വൻ ചുഴലിക്കാറ്റ് പാലം തകർത്തു. ആ സമയത്തു പാലത്തിലൂടെ കടന്നുപോയ ട്രെയിനിലെ ഗാർഡ് ആയിരുന്ന കോട്ടയം മണിമല സ്വദേശി ഉൾപ്പെടെ അഞ്ച് റെയിൽവേ ജീവനക്കാരും 110 യാത്രക്കാരും ദുരന്തത്തിൽ മരിച്ചു. 2 മീറ്ററോളം ഉയർന്ന കടൽത്തിരയിൽപെട്ട് ഏതാണ്ടു പൂർണമായി തകർന്ന പാലം രണ്ടര മാസംകൊണ്ട് പുനർനിർമിച്ചു. റെയിൽവേ എഞ്ചിനീയറായിരുന്ന ഇ. ശ്രീധരനാണ് അതിനു ചുക്കാൻപിടിച്ചത്.

## കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി

(3-ാം പേജിൽനിന്നും)

ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ പകുതി ലഭിക്കും. ഇക്കാര്യം പരിഗണിച്ചാണു കേരളവും ആണവവൈദ്യുത നിലയം എന്ന ആശയത്തിലേക്ക് എത്തിയത്. കേരളത്തിലെ വൈദ്യുതിനിലയങ്ങളുടെ സ്ഥാപിത ഉൽപാദനശേഷി 3200 മെഗാവാട്ടാണെങ്കിലും പരമാവധി 1800 മെഗാവാട്ട് ആണ് ഉൽപാദനം. 2030-ൽ കേരളത്തിന്റെ ഊർജ ആവശ്യങ്ങൾക്കായി 10,000 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കേണ്ടി വരുമെന്ന കെഎസ്ഇബി റിപ്പോർട്ട് പരിഗണിച്ചാണു നടപടി. ആണവവൈദ്യുത പദ്ധതി, തീരദേശത്തു സ്ഥാപിച്ചാൽ 625 ഹെക്ടറും മറ്റു സ്ഥലങ്ങളിലാണെങ്കിൽ 960 ഹെക്ടറും വേണമെന്നാണു ഭാവിനി സിഎംഡി കെ.വി. സുരേഷ്കുമാർ ചീഫ് സെക്രട്ടറിക്കയച്ച കത്തിലെ നിർദേശം. ഇതിനുപുറമേ, ഉദ്യോഗസ്ഥർക്കായി ടൗൺഷിപ് നിർമിക്കാൻ 5-6 കിലോമീറ്ററിനുള്ളിൽ 125 ഹെക്ടർ കൂടി വേണം. ചെന്നൈ കൽപാക്കത്ത് സ്ഥാപിച്ചതുപോലെ ഫാസ്റ്റ് ബ്രീഡർ റിയാക്ടർ സ്ഥാപിക്കുന്നതിനാണ് ഈ സൗകര്യങ്ങൾ നൽകേണ്ടത്.

വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ പകൽസമയത്തെ ഉപയോഗത്തിന് മാത്രമായി നിരക്ക് കുറയ്ക്കാനും രാത്രിയിലെ നിരക്ക് വർധിപ്പിക്കാനും ആലോചിക്കുന്നുണ്ടെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി. ഭൂരിഭാഗം വീടുകളിലും സ്മാർട്ട് മീറ്ററുകളായി. അതിനാൽ ഓരോ സമയത്തെയും വൈദ്യുതി ഉപയോഗം കണക്കാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

"പകൽ സമയത്ത് വൈദ്യുതി ഉപയോഗം കുറവാണ്. രാത്രിയിലാണ് ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത്. ഈ സാഹചര്യത്തിൽ പീക്ക് സമയത്തെ വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുന്നതിനായാണ് ഈ സമയത്തെ നിരക്ക് വർധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നത്"- കൃഷ്ണൻകുട്ടി പറഞ്ഞു.

## രാമനഗര ജില്ല ഇനി ബംഗളൂരു സൗത്ത്

ബംഗളൂരു: പ്രതിഷേധങ്ങൾക്കൊടുവിൽ, ബംഗളൂരു സിറ്റിയോടു ചേർന്നു കിടക്കുന്ന രാമനഗര എന്ന ജില്ലയുടെ പേര് ബംഗളൂരു സൗത്ത് എന്നു മാറ്റാൻ കർണാടക മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭ തീരുമാനിച്ചു.

ആ പ്രദേശത്തെ ജനങ്ങളുടെ ദീർഘനാളത്തെ ആവശ്യമായിരുന്നു പേരുമാറ്റമെന്ന് സിദ്ധരാമയ്യ പറഞ്ഞു. റവന്യൂ വകുപ്പ് ഇതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞതായി നിയമ-പാർലമെന്ററികാര്യ മന്ത്രി എച്ച്.കെ. പാട്ടീൽ പറഞ്ഞു.

## കുറ്റപത്രം സമർപ്പിച്ചു

(3-ാം പേജിൽനിന്നും)

കേസിൽ മാർച്ച് 21-നാണ് ഇഡി കെജ്രിവാളിനെ അറസ്റ്റ് ചെയ്തത്. ഡൽഹി മദ്യനയ അഴിമതിക്കേസിൽ 1,100 കോടിയുടെ അനധികൃത ഇടപാട് നടന്നതായാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ. ഇഡി എടുത്ത കേസിൽ സുപ്രീംകോടതി കെജ്രിവാളിന് ഇടക്കാല ജാമ്യം അനുവദിച്ചിരുന്നെങ്കിലും വൈകാതെ സിബിഐ അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയായിരുന്നു.

## ഇന്ത്യയുടെ മനു ഭാകറിനു വെങ്കലം

(3-ാം പേജിൽനിന്നും)

മെഡൽ ഇന്ത്യയിലേക്കെത്തുന്നത്. 2012-ൽ ലണ്ടനിൽ റാപ്പിഡ് ഫയർ പിസ്റ്റളിൽ വിജയ് കുമാർ വെള്ളിയും 10 മീറ്റർ എയർ റൈഫിളിൽ ഗഗൻ നാരംഗ് വെങ്കലവും നേടിയശേഷമുള്ള ആദ്യ വിജയമാണിത്.

യോഗ്യതാ റൗണ്ടിൽ മനു ഭാകർ (സ്കോർ 580) മൂന്നാം സ്ഥാനത്ത് എത്തിയിരുന്നു. ഫൈനൽ പോരാട്ടത്തിൽ ആദ്യ ഷോട്ടിൽ രണ്ടാം സ്ഥാനത്തെത്തി വലിയ പ്രതീക്ഷ നൽകിയെങ്കിലും വെങ്കലംകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. അതേസമയം ടോക്കിയോ ഒളിമ്പിക്സിൽ പിസ്റ്റൾ തകരാറിലായതോടെ മത്സരത്തിൽനിന്ന് പിന്മാറേണ്ടിവന്നതിന്റെ നിരാശ തീർക്കാനും താരത്തിനായി.

ടോക്കിയോ സമ്മാനിച്ച നിരാശ മറികടക്കാൻ ഏറെ സമയം വേണ്ടിവന്നുവെന്ന് മത്സരശേഷം മനു ഭാകർ പ്രതികരിച്ചു. വിവരണാതീതമായ സന്തോഷമാണീ നേട്ടം. മുഴുവൻ ഊർജവും പുറത്തെടുത്തായിരുന്നു പ്രകടനം. ഒരുപക്ഷേ അടുത്ത തവണ ഇതിലും മെച്ചപ്പെട്ട നേട്ടത്തിനു കഴിഞ്ഞേക്കാം- നിറചിരിയോടെ മനു ഭാകർ പറഞ്ഞു.

ഒളിംപിക്സിന്റെ ജന്മഭൂമിയായ ഗ്രീസിൽനിന്നു പ്രയാണം തുടങ്ങി. അനേകനാടുകൾ കടന്നെത്തിയ ദീപശിഖയിൽനിന്നു നാളം തെളിച്ചതോടെയാണ് ഒളിംപിക്സിന് ഔദ്യോഗിക തുടക്കമായത്. ഒളിംപിക് വില്ലേജിൽനിന്ന് ആരംഭിച്ച ദീപശിഖ പ്രയാണത്തിന് രാജ്യാന്തര ഒളിംപിക് കമ്മിറ്റി (ഐഒസി) അധ്യക്ഷൻ തോമസ് ബാക്ക്, ഐഒസി അത്‌ലീറ്റ്സ് കമ്മിറ്റി അധ്യക്ഷ എമ്മ ടെർഹോ തുടങ്ങിയവരാണു നേതൃത്വം നൽകിയത്. നദിയോരത്തെ കെട്ടിടങ്ങൾക്കു മുകളിൽനിന്ന് ഫ്രഞ്ച് പതാകകൾ വീശി താമസക്കാർ. ജൂലൈ 26-ന് രാത്രി 7.30-ന് (ഇന്ത്യൻ സമയം രാത്രി 11-ന്) തുടങ്ങിയ ഉദ്ഘാടന പരിപാടികൾ മൂന്നുമണിക്കൂറിലേറെ നീണ്ടുനിന്നു.

നദിയുടെ ഇരുകരകളിലും പ്രത്യേകമായി ഒരുക്കിയ കസേരകളിൽ, ഇളകിമറിക്കുന്ന സംഗീതത്തിനൊപ്പം ചുവടുവെച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ സഞ്ചാരികൾ ആഘോഷരാവിൽ പങ്കാളികളായി. മണിക്കൂറുകൾ ക്യൂവിൽനിന്നശേഷം നദിക്കരയിലേക്കു പ്രവേശനം ലഭിച്ചവർ ആരവം മുഴക്കി ഓളങ്ങളെ പ്രകമ്പനം കൊള്ളിച്ചു.

ആകെ 10,500-ൽ ഏറെ കായികതാരങ്ങളാണ് ഒളിംപിക്സിനുള്ളതെങ്കിലും മാർച്ച് പാസ്റ്റിൽ ഏഴായിരത്തോളം പേരാണു പങ്കെടുത്തത്.

117 അംഗ ഇന്ത്യൻ സംഘത്തിൽനിന്ന് 78 പേരാണ് മാർച്ച് പാസ്റ്റിൽ പങ്കെടുത്തത്. ടേബിൾ ടെന്നീസ് താരം അജാന്ത ശരത് കമലും ബാഡ്മിന്റൻ താരം പി.വി. സിന്ധുവും ഇന്ത്യൻ പതാകവാഹകരായി. അടുത്ത ദിവസങ്ങളിൽ മത്സരങ്ങളുള്ള കായികതാരങ്ങളെ മാർച്ച് പാസ്റ്റിൽനിന്ന് ഒഴിവാക്കിയിരുന്നതായി ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ പ്രസിഡണ്ട് പി.ടി. ഉഷയും ചെഫ് ഡി മിഷൻ ഗഗൻ നാരംഗും പറഞ്ഞു.

## നബാർഡിന് നിർദേശം

(3-ാം പേജിൽനിന്നും)

ഇതിനെ യുഡിഎഫ് രാഷ്ട്രീയമായി എതിർത്തു. ലയനത്തിനെതിരെ മലപ്പുറം ജില്ലാസഹകരണ ബാങ്ക് അവസാനനിമിഷംവരെ നിയമപരമായി പോരാടി. മലപ്പുറം ജില്ലാസഹകരണ ബാങ്കിനെ നിയമഭേദഗതിയിലൂടെ നിർബന്ധിത ലയനത്തിന് വിധേയമാക്കുകയാണ് സർക്കാർ ചെയ്തത്. അതിനെതിരെയുള്ള കേസ് ഇപ്പോഴും കോടതിയിലാണ്. 2019 നവംബർ 29-നാണ് കേരളബാങ്ക് നിലവിൽവന്നത്. കേരളത്തിന്റെ മാതൃകയിൽ ജില്ലാബാങ്കുകളെ ഒഴിവാക്കാൻ ഉത്തർപ്രദേശ് അടക്കം ഏഴു സംസ്ഥാനങ്ങൾ ഒരുങ്ങിയതാണ്. പക്ഷേ, ജില്ലാബാങ്കുകൾ ഇല്ലാതാകുന്നത് പ്രാഥമിക സഹകരണമേഖലയെ ദോഷകരമായി ബാധിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പിന്മാറി. ഝാർഖണ്ഡും ജില്ലാസഹകരണബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചു. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും സാമ്പത്തികസഹായം നൽകുന്ന ബാങ്ക് എന്നരീതിയിൽ ജില്ലാബാങ്കുകൾ വേണമെന്നാണ് കേന്ദ്രം പറയുന്നത്. നിലവിൽ കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കാണ് (കേരളത്തിൽ പ്രാഥമിക സഹകരണബാങ്കുകൾ) കൂടുതൽ സാമ്പത്തികസഹായം ലഭിക്കുന്നത്. വായ്പേതര സംഘങ്ങളെല്ലാം സാമ്പത്തികപ്രതിസന്ധി നേരിടുന്നുണ്ട്. ഇത് മാറ്റാൻ ഈടില്ലാതെതന്നെ എല്ലാ പ്രാഥമിക സംഘങ്ങൾക്കും അഞ്ചുകോടി രൂപവരെ ജില്ലാബാങ്കുകൾ വായ്പ നൽകുന്ന രീതിയിലേക്ക് പ്രവർത്തനം മാറ്റാനാണ് നബാർഡിനോട് നിർദേശിച്ചിട്ടുള്ളത്.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures
WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

KERALA EXPRESS

# നിര്യാതരായി

## റാഹേലമ്മ വർഗീസ്

**പനയമ്പാല:** കല്ലക്കടമ്പിൽ പുന്നശേരിൽ കണ്ണംകുളത്ത് റാഹേലമ്മ വർഗീസ് (ചിന്നമ്മ-82) അന്തരിച്ചു. ആനിക്കാട് കാലായിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.എം. വർഗീസ്. മക്കൾ: റെജി പുന്നശേരിൽ, ജെമിനി (യുഎസ്). മരുമക്കൾ: സുജ ശ്രായിക്കാട്ട് മീനടം, അജി തോമസ് മൂലയിൽപള്ളത്ത് നെല്ലിമൂട് (യുഎസ്).

**കുന്നന്താനം:** പകലോമറ്റം പാറാങ്കലായ മുണ്ടുകുഴിയിൽ ജോർജ് ഫിലിപ്പ് (ജോർജുകുട്ടി -65) അന്തരിച്ചു.

## ഷൈനി വർഗീസ്



**കാലിഫോർണിയ:** ആലുവ കൊല്ലേട്ട് പുള്ളോലിക്കൽ പരേതനായ ഇ.എ. വർഗീസിന്റെ (ആലുവ സെറ്റിൽമെന്റ് ഇൻഡസ്ട്രീസ്) ഭാര്യ ഷൈനി വർഗീസ് (65) കാലിഫോർണിയയിൽ അന്തരിച്ചു. പരേത കോട്ടയം കുമരകം പാറയ്ക്കൽ പരേതനായ കുഞ്ഞച്ചന്റെയും തങ്കമ്മയുടെയും മകളാണ്. മക്കൾ: സൂസൻ (ഡാളസ്), മേഘ (കാലിഫോർണിയ), ഐശ്വര്യ (ലണ്ടൻ). മരുമക്കൾ: ഗ്ലെൻ, ഡെന്നിസ്, ജെയ്ക്ക്. സഹോദരങ്ങൾ: ബിന്നി നൈനാൻ, ജഗൻ തോമസ്.

**കോട്ടയം:** വെളൂർ കൊച്ചുപുരയ്ക്കലായ കല്ലുപുരയ്ക്കൽ സക്കറിയ ജോസഫ് (പാപ്പച്ചൻ -97) അന്തരിച്ചു.

**വാര്യാപുരം:** ചർച്ച് ഓഫ് ഗോഡ് നോർത്തേൺ റീജൻ ഓവർസിയറും ഓൾ ഇന്ത്യാ ഗവേണിങ് ബോഡി മുൻ ചെയർമാനുമായ പത്തനംതിട്ട വാര്യാപുരം മുതുമരത്തിൽ റവ. രാജു തോമസ് (70) അന്തരിച്ചു.

**പാലാ:** നെല്ലിയാനി ആരാധനാ മഠാംഗം സിസ്റ്റർ മേരി പ്ലാത്തോട്ടം (80) അന്തരിച്ചു.

## കുര്യാക്കോസ് ഉലഹന്നാൻ

**വാകത്താനം:** കണ്ണഞ്ചിറ തെക്കേക്കര കുര്യാക്കോസ് ഉലഹന്നാൻ (80) അന്തരിച്ചു. ഭാര്യ തോട്ടയ്ക്കാട് കരുമ്പിൻകടപ്പിൽ കുഞ്ഞൂഞ്ഞമ്മ. മക്കൾ: സുജമോൾ (യുഎസ്), സജിമോൻ. മരുമക്കൾ: കുഞ്ഞുമോൻ, ബിജി (ഇരുവരും യുഎസ്).

**കോട്ടയം:** സിഎംഐ സന്യാസ സമൂഹത്തിന്റെ കോട്ടയം സെ. ജോസഫ്സ് പ്രവിശ്യ വെട്ടിമുകൾ സിഎംഐ സേവാഗ്രാം ആശ്രമാംഗമായിരുന്ന ഫാ. ജോസഫ് അരുവിയിൽ (78) അന്തരിച്ചു.

**കോട്ടയം:** പി.വി. ചെറിയാൻ ചിട്ടി ഫണ്ട് ഉടമ കൊശമറ്റം പുത്തൻപുരയിൽ പി.വി. ചെറിയാൻ (ജോയി-82) അന്തരിച്ചു.

**കോട്ടയം:** തിരുനക്കര തുമ്പിൽ പരേതനായ ടി.എം. ചാണ്ടിയുടെ ഭാര്യ ശോശാമ്മ ചാണ്ടി (89) അന്തരിച്ചു.

**കുടമാളൂർ:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ചങ്ങനാശേരി പ്രോവിൻസ് കുടമാളൂർ ഭവനാംഗം സിസ്റ്റർ ട്രീസാ മാർട്ടിൻ (89) അന്തരിച്ചു.

**ആർപ്പൂക്കര:** വാതക്കോടത്ത് കുര്യൻ ജോസഫ് (ഔസേപ്പച്ചൻ-79) അന്തരിച്ചു.

**കുമരകം:** കൊച്ചുമംഗര (എഴുപതിൽ) പരേതനായ ഏബ്രഹാമിന്റെ ഭാര്യ ഗ്രേസി തോമസ് (76) അന്തരിച്ചു.

**പാലാ:** ബിഎസ്എൻഎൽ. റിട്ട. ഉദ്യോഗസ്ഥ ചേർത്തല ഇടമന ടി.വി. ശാന്തകുമാരി (71) അന്തരിച്ചു.

## സരോജിനിയമ്മ

**മാന്നാർ:** തെക്കേകൂവപ്പള്ളിൽ കെ.എം. സരോജിനിയമ്മ (77) അന്തരിച്ചു.ഭർത്താവ് റിട്ട. സുബോദാർ പി.എം. കേശവപിള്ള. മക്കൾ: കെ. ജയ (അബുദാബി), പരേതയായ കെ. വിദ്യ. മരുമക്കൾ: ആർ. വേണുഗോപാൽ (യുഎസ്), ജി. ഗോപകുമാർ (അബുദാബി).

**ചിങ്ങവനം:** റിട്ട. എസ്ഐ മണിമലപാറയിൽ തോമസ് ഏബ്രഹാം (തങ്കച്ചൻ-88) അന്തരിച്ചു.

**മഞ്ഞാമറ്റം:** കുപ്പമലയിൽ ഏലിക്കുട്ടി ജോസഫ് (94) അന്തരിച്ചു.

## പാസ്റ്റർ എം.വി. ജോർജ് അന്തരിച്ചു



**ചിക്കാഗോ:** പാസ്റ്റർ എം.വി. ജോർജ് (കുഞ്ഞുമോൻ-78) അന്തരിച്ചു. പത്തനംതിട്ട കടമ്പനിട്ട മുളന്തറ കുടുംബാംഗമാണ്. ജെസ്സി ജോർജാണ് ഭാര്യ. ആദ്യഭാര്യ പരേതയായ തങ്കമ്മ ജോർജ്. അരനൂറ്റാണ്ട് മുമ്പ് അമേരിക്കയിൽ എത്തിയ പരേതൻ ബാങ്ക് ഓഫ് അമേരിക്കയുടെ ഉദ്യോഗസ്ഥനായിരുന്നു. വിവിധ ഓൺലൈൻ പ്രയർ ഗ്രൂപ്പുകളിൽ സജീവമായിരുന്നു. സഹോദരങ്ങൾ: പരേതനായ മുളന്തറ ഏബ്രഹാം, സാമുവൽ മുളന്തറ, ജോൺ മുളന്തറ, മറിയാമ്മ വർഗീസ്.

## അച്ചാമ്മ മാത്യു

**കോട്ടയം:** നെല്ലിശേരിൽ പുത്തൻപറമ്പിൽ പരേതനായ പി.എം. മാത്യുവിന്റെ ഭാര്യ അച്ചാമ്മ മാത്യു (കുട്ടിയമ്മ-101) അന്തരിച്ചു. ചുങ്കം മള്ളൂശേരി അരിയന്നൂർ കുടുംബാംഗമാണ്. മക്കൾ: ശോശാമ്മ മാത്യു (യുഎസ്), പരേതനായ പി.എം. മാത്യു, കുഞ്ഞൂഞ്ഞമ്മ. മരുമക്കൾ: ബിസി മാത്യു ചെങ്കോട്ടയിൽ (യുഎസ്), ടി.ടി. ദേവസ്യ (ഈരാറ്റുപേട്ട), സൂസൻ ജോർജ് (മേലുകാവ്).

**കോട്ടയം:** സിഎംഐ സന്യാസ സമൂഹത്തിന്റെ കോട്ടയം സെ. ജോസഫ്സ് പ്രവിശ്യ പാലമ്പ്ര ഗദ്സമൻ ആശ്രമാംഗമായിരുന്ന ഫാ. ജോസഫ് മഞ്ഞനാനിക്കൽ (86) അന്തരിച്ചു. ദീപിക ജനറൽ മാനേജർ ആൻഡ് സർക്കുലേഷൻ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

**തമ്പലക്കാട്:** റിട്ട. ഡപ്യൂട്ടി കളക്ടർ നാരായണവിലാസത്തിൽ എ.എൻ. പുരുഷോത്തമൻ നായർ (94) അന്തരിച്ചു.

## ഏബ്രഹാം ജേക്കബ്



**പാമ്പാടി-വെള്ളൂർ:** വെള്ളക്കോട്ടായ സ്രാകത്ത് ഏബ്രഹാം ജേക്കബ് (തമ്പി-75) യുഎസിൽ അന്തരിച്ചു. ഭാര്യ കുഞ്ഞൂഞ്ഞമ്മ ജേക്കബ്. മക്കൾ: പ്രഭ രെജു, ഡോ. പ്രിയ മധു. മരുമക്കൾ: രെജു, മധു (എല്ലാവരും യുഎസ്).

**മീനടം:** പശുപ്പാറ ഇകെഎം എൽപിഎസ് റിട്ട. പ്രധാനാധ്യാപിക ചാരോത്ത് നെടുംപൊയ്കയിൽ എ.വി. ഡെയ്സിക്കുട്ടി (75) അന്തരിച്ചു.

**കാർത്തികപ്പള്ളി:** സെ. തോമസ് എച്ച്എസ്എസ് റിട്ട. അധ്യാപിക കൊച്ചുവീട്ടിൽ പനമുറ്റത്ത് എലിസബത്ത് ഫിലിപ്പോസ് (73) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** പാണാപറമ്പിൽ (പുള്ളോലിക്കൽ) റിട്ട. എയർഫോഴ്സ് ഉദ്യോഗസ്ഥൻ അഡ്വ. പി.സി. ചെറിയാൻ (ബേബി-84) അന്തരിച്ചു.

**ചിങ്ങവനം:** ഗവ. യുപിഎസ് റിട്ട. അധ്യാപിക വലിയമടക്കൽ പി.കെ. സരസമ്മ (84) അന്തരിച്ചു.

**പാറമ്പുഴ:** പെരുമ്പലത്ത് പരേതനായ പാപ്പൂട്ടിയുടെ മകൻ ജോർജ് (ഗഗാറിൻ-64) ഓസ്ട്രേലിയയിൽ അന്തരിച്ചു.

**തൊടുപുഴ:** ആരാധനാമഠാംഗം കോതമംഗലം പ്രോവിൻസ് അംഗം സിസ്റ്റർ റാഫേൽ (ത്രേസ്യാമ്മ-90) അന്തരിച്ചു.

## നരിമറ്റത്തിൽ റേച്ചൽ ജോർജ്



**ഡാളസ്:** റിപ്പബ്ലിക്കൻ പാർട്ടി ടെക്സാസ് സ്റ്റേറ്റ് ചെയർമാൻ ഏബ്രഹാം ജോർജിന്റെ മാതാവ് പാലക്കാട് നരിമറ്റത്തിൽ റേച്ചൽ ജോർജ് (ചിന്നമ്മ-71) അന്തരിച്ചു. പാലക്കാട് ശാലോം ബൈബിൾ സെമിനാരിയുടെ ഡയറക്ടർമാരിൽ ഒരാളായിരുന്നു പരേത. കുടുംബം ഡാളസ് ഐപിസി ഹെബ്രോൻ സഭാംഗങ്ങളാണ്. അട്ടപ്പാടി എഴയ്ക്കാട് ഐപിസിസഭ, ഡാളസ് ഗ്രോസ് പെന്തെകോസ്തൽ ചർച്ച് എന്നിവിടങ്ങളിൽ വൈദിക ശുശ്രൂഷകനായിരുന്ന നരിമറ്റത്തിൽ പാസ്റ്റർ ജോർജ് എൻ ഏബ്രഹാം ആണ് ഭർത്താവ്. മക്കൾ: ഏബ്രഹാം ജോർജ് (റെജി)-ജീന (പ്രിയ), റോസ്‌ലിൻ ജോൺ-ഡോ. ജെയ്സൺ ജോൺ.

**മൂവാറ്റുപുഴ:** കോതമംഗലം രൂപതാംഗവും വാഴക്കുളം സെ. ജോർജ് ഫൊറോനാ ഇടവക വികാരിയുമായ ഫാ. ജോസഫ് കുഴികണ്ണിയിൽ (64) അന്തരിച്ചു.

**മാലം:** പാടത്തുമാപ്പിള കുടുംബാംഗം ചുണ്ടയിൽ പരേതനായ സി.കെ. കുര്യന്റെ ഭാര്യ മോളി കുര്യൻ (62) അന്തരിച്ചു.

**പാലാ:** പ്രവിത്താനം ചൂണ്ടച്ചേരി പടിഞ്ഞാറേക്കുറ്റ് പി.എം. ദേവസ്യ (78) അന്തരിച്ചു.

## മറിയാമ്മ തോമസ്

**നാട്ടകം:** ചെട്ടിക്കുന്നു പതിനഞ്ചിൽ ജോർജ് തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (കുഞ്ഞുമോൾ-79) അന്തരിച്ചു. തിരുവാർപ്പ് മണലേൽചിറയിൽ കുടുംബാംഗമാണ്. മക്കൾ: അനു തോമസ്, ജെഫി തോമസ് (യുഎസ്). മരുമകൾ: ജെയിൻ വെമ്പേലിൽ പൊതി (യുഎസ്).ന

**നട്ടാശേരി:** ചൂരക്കാട്ടിൽ സി.എം. ഏബ്രഹാം (കുഞ്ഞുമോൻ-67) അന്തരിച്ചു.

**ഞീഴൂർ:** പുത്തുപ്പറമ്പിൽ എ.കെ. പൗലോസിന്റെ ഭാര്യ എലിസബത്ത് (74) അന്തരിച്ചു.

**കുട്ടിക്കാനം:** ഗവ. ഗസ്റ്റ് ഹൗസ് റിട്ട. ജീവനക്കാരൻ തട്ടത്തിക്കാനം കാടൻതുരുത്തേൽ കെ.സി. കുരുവിള (കുഞ്ഞ്-96) അന്തരിച്ചു.

**ആർപ്പൂക്കര:** കൊളത്തപ്പള്ളിയിൽ അപ്പു ആചാരി (73) അന്തരിച്ചു.

**പൂവത്തോട്:** പൈനിക്കുളം പരേതനായ പി.ജെ. ജോസഫിന്റെ ഭാര്യ ഇത്തമ്മ ജോസഫ് (86) അന്തരിച്ചു.

## അന്നമ്മ ലൂക്ക

**ഇരവിമംഗലം:** പുലിയളക്കുന്നേൽ പരേതനായ ലൂക്കായുടെ ഭാര്യ അന്നമ്മ ലൂക്ക (90) അന്തരിച്ചു. നീണ്ടൂർ ഓണംതുരുത്ത് പോങ്ങാനയിൽ കുടുംബാംഗമാണ്. മക്കൾ: ഏബ്രഹാം (യുഎസ്), പീറ്റർ, തോമസ്, കുര്യാക്കോസ്, റെജി, അലക്സ്, സ്റ്റീഫൻ, ഫിലിപ്പ് (യുകെ), മഞ്ജു (ഓസ്ട്രേലിയ). മരുമക്കൾ: മോളി ഏബ്രഹാം ചെരുവിൽ കല്ലറ (യുഎസ്), ആനിയമ്മ തോമസ് ഇരുവേലിക്കുന്നേൽ (രാമപുരം), ബിജി കുര്യാക്കോസ് നെടുംതൊട്ടിയിൽ (കുറുമുള്ളൂർ), ബിൻസി റെജി കളപ്പുരയ്ക്കൽ (ആനച്ചാൽ), ഉഷ മേരി അലക്സ് (അദ്ധ്യാപിക, നട്ടാശേരി) ജിൽബി സ്റ്റീഫൻ കള്ളേമ്പാലിൽ (മാഞ്ഞൂർ), ജിഷ ഫിലിപ്പ് തടത്തിൽ ഇരവിമംഗലം (യുകെ), ജോമോൻ തോമസ് മുകുളംപുറത്ത് കല്ലറ (ഓസ്ട്രേലിയ).

**കാഞ്ഞിരപ്പള്ളി:** സിസ്റ്റേഴ്സ് ഓഫ് മേഴ്സി ഓഫ് ദി ഹോളിക്രോസ് (സൗത്ത് പ്രോവിൻസ്) പാലാമ്പ്ര സഭാംഗം സിസ്റ്റർ മരിറ്റ മാണി ചോളിയിൽ (മേരി-72) അന്തരിച്ചു.

## കാസിംപിള്ള ഇസ്മയിൽ

**തിരുവനന്തപുരം:** ദുബായ് കസ്റ്റംസ് ആൻഡ് പോർട്ടിന്റെ തലവനും ഉപദേശകനുമായിരുന്ന തിരുവനന്തപുരം പെരുകുഴി കാവുവിളാകം വീട്ടിൽ കാസിം പിള്ള ഇസ്മായിൽ (81) അന്തരിച്ചു. ഭാര്യ സലിഹത്ത്. മക്കൾ: ഡോ. സുഹൈൽ (യുഎസ്), സൈമ (ന്യൂസിലൻഡ്), സൈറ (ഇന്തോനേഷ്യ).

**കുറുമ്പനാടം:** പുളിയാംകുന്ന് നെല്ലിക്കൽ എൻ.എസ്. ചാക്കോയുടെയും കുഞ്ഞുമോന്റെയും മകൻ എൻ.സി. ടിജോ (38) അന്തരിച്ചു.

**ചീരഞ്ചിറ:** കയ്യാലാത്ത് കൊച്ചുപറമ്പിൽ പരേതനായ മാത്യു കെ. മാമ്മന്റെ ഭാര്യ സാറാമ്മ മാത്യു (ഗ്രേസി-86) അന്തരിച്ചു.

**കോരുത്തോട്:** മറ്റപ്പള്ളിൽ മാത്യു തോമസ് (മത്തകൊച്ച് -85) അന്തരിച്ചു.

**മുത്തോലി:** പാലായിലെ ആദ്യകാല വ്യാപാരിയായിരുന്ന വടക്കേമുറി വി.എം. തോമസ് (പാപ്പ-96) അന്തരിച്ചു.

## പ്രഫ. സുജ മേരി കുര്യൻ

**മാവേലിക്കര:** ബിഷപ് മൂർ കോളജ് കെമിസ്ട്രി വിഭാഗം റിട്ട. അദ്ധ്യാപിക പുതിയകാവ് പുളിന്തിട്ട പ്രഫ. സുജ മേരി കുര്യൻ (66) അന്തരിച്ചു. കോട്ടയം ചുങ്കം പ്ലാമൂട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പുളിന്തിട്ട ഡോ. അബു ജേക്കബ് കുര്യൻ. മക്കൾ: അജു (യുഎസ്), അഞ്ജു. മരുമക്കൾ: അരുണ, ടെബു.

**കോട്ടയം:** വെള്ളൂർ വിഎച്ച്എസ്എസ് റിട്ട. സൂപ്രണ്ട് കൊച്ചുപാറേട്ട് വട്ടുകളത്തിൽ ചാക്കോ ഏബ്രഹാം (കുഞ്ഞുമോൻ-83) അന്തരിച്ചു.

## അന്നമ്മ ചാക്കോ

**പാടിമൺ:** ചേലാംമാക്കൽ അന്നമ്മ ചാക്കോ (അമ്മിണി-77) ചെന്നൈയിൽ അന്തരിച്ചു. പുന്നവേലി ആറ്റുവാലിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.ഇ. ചാക്കോ. മക്കൾ: തോംസൺ (യുഎസ്), വിൽസൺ (ചെന്നൈ). മരുമക്കൾ: ഡോ. മേരി (യുഎസ്), ആനി (ചെന്നൈ).

**ചിങ്ങവനം:** ഒറ്റത്തൈക്കൽ ഒ.സി. രാജുവിന്റെ ഭാര്യ ലീലാമ്മ (57) അന്തരിച്ചു.

**തിരുവനന്തപുരം:** ദി പെന്തെക്കോസ്ത് മിഷൻ തിരുവനന്തപുരം (കൊട്ടാരത്തുവിള) സെന്റർ സുവിശേഷ പ്രവർത്തക മദർ അജിത (56)അന്തരിച്ചു.

**ചേർപ്പുങ്കൽ:** വടക്കേചാവേലിൽ മാനുവലിന്റെയും എൽസമ്മയുടെയും മകൾ സുനുമോൾ മാനുവൽ (56) അന്തരിച്ചു.

**തൃക്കൊടിത്താനം:** നിരവത്തുവയലിൽ എൻ.വി. വർഗീസ് (അപ്പച്ചി-76) അന്തരിച്ചു.


**ഇടമറ്റം:** മരങ്ങാട്ടുപിള്ളി സെ. തോമസ് എൽപിഎസ് മുൻ അധ്യാപിക വടക്കേപ്പടവിൽ എം.എം. അന്ന (അന്നമ്മ -91) അന്തരിച്ചു.

**ചങ്ങനാശേരി:** മാർക്കറ്റിലെ അരി ഹോൾസെയിൽ വ്യാപാരി അങ്ങാടി കരിങ്ങട കെ.ജെ. ജോർജ് (വർക്കിച്ചൻ-76) അന്തരിച്ചു.

**എരുമേലി:** ചരള പുന്നമണ്ണിൽ ഏലിയാമ്മ ജോൺ (പെണ്ണമ്മ-88) അന്തരിച്ചു.

**കാണക്കാരി:** തേരുതാനം ടി.എം. ജോസഫ് (കൊച്ച്-72) അന്തരിച്ചു.

## മത്തായി പി. തോമസ് അന്തരിച്ചു



**ഫിലാഡൽഫിയ:** കോട്ടയം വാകത്താനം മംഗലപ്പള്ളിയിലായ പുന്നശ്ശേരിൽ പരേതരായ തൊമ്മൻ തോമസിന്റെയും ശോശാമ്മ തോമസിന്റെയും മകൻ മത്തായി പി. തോമസ് (രാജു-69) ഫിലാഡൽഫിയയിൽ അന്തരിച്ചു. ഭാര്യ പുന്നവേലിൽ പുതുക്കല്ലേൽ സൂസൻ തോമസ്. മക്കൾ: ഷോൺ, ഷാന, ഷെൽസി. പരേതൻ ബെൻസേലം സെ. ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ഇടവകാംഗമാണ്.

## വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom. Call or text

**317-709-2317**

## LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: Firm Believer, New York

### *Favors Received*



*Inserted by: Firm Believer, Chicago*

Favors Received



Inserted by: Firm Believer, Chicago

### *Favors Received*




*Inserted by: Firm Believer, Houston*

Favors Received




Inserted by: Firm Believer, Houston

**Visit Our Website:** **www.keralaexpress.com for Classified Advt.**

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. അഞ്ജനയുടെ ഭർത്താവ് ഡിവൈഎസ്പിയായ ഹേമചന്ദ്രനായിരുന്നു അതിനു പിന്നിൽ. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ കേസിൽ പ്രതിയായി. കല്ലാറ്റുപടിക്കലെ പഴയ തെങ്ങുകയറ്റക്കാരൻ പൊന്നനിൽനിന്നു കിട്ടിയ ചില സൂചനകളുടെ അടിസ്ഥാനത്തിൽ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു കുഴിയെടുത്തു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുക്കുന്നു....**

# കാണാത്ത തീരങ്ങൾ

**ജോയ്സി**

**107**

**ഹേ**മചന്ദ്രൻ ജെസിബി ഓപ്പറേറ്ററുടെ ഫോണിലേക്കും മണിമല എസ്എച്ച്ഒ ജയിംസ് കുര്യന്റെ ഫോൺ നമ്പറിലേക്കും മാറിമാറി വിളിച്ചുകൊണ്ടിരുന്നു.

രണ്ടുപേരും ഫോൺ എടുക്കുന്നില്ല. ഹേമചന്ദ്രനു ഭ്രാന്തിളകിയതുപോലായി. കാറെടുത്ത് സംഭവസ്ഥലത്തേക്കു പാഞ്ഞുചെല്ലണമെന്ന് ഊറ്റംകൊണ്ട അയാൾ സിറ്റൗട്ടിൽനിന്നു മുറ്റത്തേക്കു ചാടിയിറങ്ങി.

പിന്നിൽനിന്നു ബാലകൃഷ്ണമേനോൻ വിളിച്ചു:

“ഹേമചന്ദ്രാ–” ഹേമചന്ദ്രൻ വെട്ടിത്തിരിഞ്ഞ് ബാലകൃഷ്ണമേനോനെ ദഹിപ്പിക്കുംവിധം നോക്കി. ഇതിനിടെ ഹരീന്ദ്രനു സംഭവസ്ഥലത്തുനിന്ന് ഒരു കോൾ വന്നു.

“ഹലോ അജിത്തേ അവിടെന്തായി? സ്റ്റേ ഓർഡർ ആർഡിഒയ്ക്കു കൊടുത്തോ?”

“അതൊന്നും കൊടുക്കാൻ പറ്റിയില്ല സാറേ... മണിമല എസ്ഐയെ സംഗതി നടക്കണ സ്ഥലത്തേക്കു കേറ്റിയതുപോലുമില്ല.”

“ഇപ്പം എന്താ അവിടെ നടക്കുന്നെ?”

“പണ്ട് കുഴിച്ചിട്ട പോത്തിന്റെ അസ്ഥിയൊക്കെ മാന്തിയെടുത്തു.”

“അതു കുഴപ്പമില്ല. അതോടെ നിർത്തിയോ?” ഹേമചന്ദ്രൻ ഫോൺ സംഭാഷണം കേട്ട് സിറ്റൗട്ടിലേക്കു തിരിച്ചു കയറി.

“സ്പീക്കർ മോഡിലിട്–കേൾക്കട്ടെ.”

ഹരീന്ദ്രൻ സ്പീക്കർ മോഡിലോട്ട് ഓഡിയോ മാറ്റിയിട്ടു.

“സാറേ.... പിന്നെ, കുഴിച്ചപ്പം പ്ലാസ്റ്റിക് പൊതിഞ്ഞ ഒരുവല്യ കിഴിക്കെട്ട് കിട്ടി. ഇപ്പ അതെല്ലാം അഴിച്ചിട്ടിരിക്കുവാ... ഒരു മനുഷ്യന്റെ തലയോട്ടീം കൊറേ എല്ലുകളും ഒണ്ട്. സാറേ... പോലീസ് എല്ലാരേം പരിസരത്തൂന്ന് മാറ്റുവാ... ഞാൻ പിന്നെ വിളിക്കാമേ...”

അടുത്ത നിമിഷം കോൾ കട്ടായി.

ബാലകൃഷ്ണമേനോൻ ചകിതനായി ഹേമചന്ദ്രനെ നോക്കി. ഹേമചന്ദ്രനും സ്തംഭിച്ചു നിൽക്കുകയാണ്.

“എന്തു ചെയ്യും ഹേമചന്ദ്രാ... അവർക്ക് വേണ്ടതെല്ലാം കിട്ടിയല്ലോ. ഇനി പോലീസ് നേരെ ഇങ്ങോട്ടായിരിക്കും വരുന്നത്.”

“അങ്ങനെ ഓടിക്കേറി വരാനൊന്നും പറ്റില്ല. ആരാണു കൊല്ലപ്പെട്ടതെന്നു തെളിയിക്കണം. അതിനു ഫോറൻസിക് ടെസ്റ്റും ഡിഎൻഎ ടെസ്റ്റുമൊക്കെ വേണ്ടിവരും.” ഹേമചന്ദ്രൻ പറഞ്ഞു.

“അതെല്ലാം പെട്ടെന്നു നടക്കും. രക്ഷപ്പെടാനൊള്ള വഴിയെന്താ?”

“തൽക്കാലം ഇവിടുന്ന് എങ്ങോട്ടെങ്കിലും മാറി നിൽക്കാം.”

“എങ്ങോട്ട്?” ബാലകൃഷ്ണമേനോൻ നെറ്റി ചുളിച്ചു. “നമ്മൾ ജാമ്യത്തിലിറങ്ങിയവരാ. ജില്ലവിട്ട് പോകരുതെന്നാ വ്യവസ്ഥ. നമ്മളെവിടെപ്പോയി ഒളിക്കും.”

“ഇവിടെ നിൽക്കണ്ട. അത്രയേ ഞാനുദ്ദേശിച്ചുള്ളൂ. പോലീസ് വരുമ്പോ പുറകെ സകല മീഡിയാ ചെറ്റകളും കാണും. അവരുടെയൊക്കെ മുന്നിൽ നിന്നുകൊടുക്കുന്നതിനെക്കാൾ നല്ലത് നമ്മൾ പോലീസ് സ്റ്റേഷനിൽചെന്ന് കീഴടങ്ങുന്നതാ.”

ഹേമചന്ദ്രൻ അമർഷത്തോടെ പുലമ്പി.

“എനിക്കീ വയസ്സുകാലത്ത് ഒളിച്ചോടാൻ വയ്യ. വരുന്നപോലെ വരട്ടെ. ഒന്നോ, രണ്ടോ ദിവസത്തേക്കു മാറിനിന്നിട്ടെന്താ കാര്യം?”

“പോലീസ് വന്ന് അച്ഛനെ ചോദ്യംചെയ്യുമ്പോൾ അച്ഛൻ എന്തു പറയും?”

“എനിക്കൊന്നും അറിഞ്ഞുകൂടാ. ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല.”

“അതെങ്ങനെ ശരിയാകും. ചന്ദ്രബാബു പഴയിടം പാലത്തിനടുത്തുവെച്ച് അച്ഛന്റെ കാറീന്നിറങ്ങി ഓടിയെന്ന് അച്ഛൻതന്നെ പോലീസിനു മൊഴി കൊടുത്തിട്ടുള്ളതല്ലേ. ഇനിയത് നിഷേധിക്കാൻ പറ്റോ?”

“ഇല്ല. അത് നിഷേധിക്കുന്നില്ല. അതിനുശേഷം എന്തു സംഭവിച്ചെന്ന് എനിക്കറിയില്ല.”

“അവന്റെ ബോഡി പോലീസ് വന്ന് കുഴിച്ചെടുത്തില്ലേ. അച്ഛന്റെ റബർതോട്ടത്തീന്നാ...”

“അത് ആരെങ്കിലും കൊണ്ടുവന്ന് കുഴിച്ചിട്ടതായിരിക്കും.”

“ആരെങ്കിലുമോ? മിന്നലേറ്റു ചത്ത പോത്തിനെ കുഴിച്ചിടാൻ കുഴിവെട്ടണമെന്നു പറഞ്ഞ് അച്ഛനാണ് അന്നു ജെസിബി വിളിച്ചു വരുത്തിയത്. കുഴിയെടുക്കുമ്പഴും പോത്തിന്റെ ശവം അതിലിട്ടു മൂടുമ്പഴും അച്ഛനുണ്ടാരുന്നു സംഭവസ്ഥലത്ത്. അച്ഛൻ ഒന്നും അറിയാതെ എങ്ങനെ പോത്തിന്റെ ശവത്തിന് രണ്ടടി താഴെ ചന്ദ്രബാബുവിന്റെ ബോഡി വന്നു? പോലീസ് തീരെ വിഡ്ഢികളാണെന്നാണോ അച്ഛന്റെ വിചാരം...”

“ഇതെല്ലാം നീയല്ലേ ചെയ്യിച്ചത്. നിന്നെ ആരെങ്കിലും നിർബന്ധിച്ചോ. ഞാൻ പറഞ്ഞോ നിന്നോട് അവനെ കൊല്ലണമെന്ന്. ജഗന്നാഥൻ പറഞ്ഞോ? നിന്റേം ഹരീടേം ചോരത്തെളപ്പ്. അതിനുത്തരവും നീതന്നെ പറയേണ്ടിവരും.”

വൃദ്ധന്റെ സ്വരം രോഷംകൊണ്ടു വിറച്ചു.

“എന്റെ തടി രക്ഷിക്കാൻ എനിക്കറിയാം. ഞാൻ അന്നും അതിന്റെ തലേ ദിവസവും ട്വന്റിഫോർ അവേഴ്സ് ഡ്യൂട്ടിയിലാ. എന്റെ സർവീസ് രജിസ്റ്റർ പരിശോധിച്ചാൽ അത് വ്യക്തമാ. എന്നെ ആരും ഒരു ചുക്കും ചെയ്യാനില്ല.”

“നീ എന്റെ തലേലോട്ട് കെട്ടിവെച്ചോ. ഞാനേറ്റെടുക്കാം എല്ലാം. അതാണല്ലോ നിനക്കു വേണ്ടത്.”

“എനിക്കു വേണ്ടത് എന്താണെന്നുവെച്ചാ ഞാൻ സ്വന്തമായിട്ട് ചെയ്തോളാം. ആരുടേം ഹെൽപ് വേണ്ട.” അഞ്ജനയുടെ കാർ തോട്ടത്തിൽകൂടി വരുന്നുണ്ടായിരുന്നു. നീണ്ട പാതയിലൂടെ കരിയിലകൾ പറത്തി അത് ഗേറ്റ് കടന്ന് മുറ്റത്തു നിന്നു.

അഞ്ജന കാറിൽനിന്ന് ഇറങ്ങുമ്പോഴേക്ക് ഹേമചന്ദ്രൻ ചെന്നു തട്ടിക്കയറി.

“കാറെടുത്തു മാറ്റ്. നിനക്കു തോന്നിയിടത്താണോ പാർക്ക് ചെയ്യുന്നെ?”

“പോലീസിന്റെ വക ‘നോ പാർക്കിങ്’ ബോർഡൊന്നും ഇവിടെ കണ്ടില്ല.”

“കാർ മാറ്റാനാ പറഞ്ഞത്.” ഹേമചന്ദ്രൻ ചീറിക്കൊണ്ടു കയ്യോങ്ങി.

“അടിക്കാനാണോ? അടിക്ക്. എന്റെ ദേഹത്തു തൊട്ടിട്ട് മണിമലയാറിന്റെ അക്കരെ കടക്കില്ല.” മാറത്തു കൈകെട്ടി കാറിനു മുന്നിൽനിന്ന് അഞ്ജന വെല്ലുവിളിച്ചു.

ഹേമചന്ദ്രന്റെ മുഖം കോപംകൊണ്ടു ചുട്ടുപഴുത്തതുപോലായി. ചെകിട് അടിച്ചു പൊട്ടിക്കേണ്ടതാണ്. പക്ഷേ, അടങ്ങുകയല്ലാതെ നിവൃത്തിയില്ല. കോപമടക്കിപ്പിടിച്ച് അയാൾ ഹരീന്ദ്രനോട് ആജ്ഞാപിച്ചു:

“ഹരീ, കാറെടുക്ക്.”

ഹരീന്ദ്രന്റെ കാർ പുറത്തേക്കു തടസ്സമില്ലാതെ എടുക്കാവുന്ന നിലയിലായിരുന്നു. ഹരീന്ദ്രൻ ചെന്നു കാറിൽ കയറി. അത് ഗേറ്റിനു നേർക്ക് എടുത്തു. ഹേമചന്ദ്രൻ അച്ഛനെയും മകളെയും മാറിമാറി നോക്കിയിട്ട് പറഞ്ഞു:

“എന്നെ ഒറ്റിക്കൊടുത്തിട്ട് രക്ഷപ്പെടാമെന്ന് ആരും വിചാരിക്കണ്ട. ഇതിനെക്കാൾ വല്യ കുരുക്ക് ഞാനഴിച്ചിട്ടുണ്ട്. അയാളെ കൊന്നതിനോ കുഴിച്ചിട്ടതിനോ എനിക്കു യാതൊരു പങ്കുമില്ല. അത് ഓർമേൽ വെച്ചോ.” ഹേമചന്ദ്രൻ കാറിൽ കയറി.

ഹരീന്ദ്രൻ കാറോടിച്ച് ഗേറ്റ് കടന്നു പോയി. അഞ്ജന, അച്ഛന്റെ അടുത്തേക്കു നീങ്ങി.

“ചന്ദ്രബാബൂന്റെ ഡെഡ്ബോഡീടെ അവശിഷ്ടങ്ങൾ പോലീസ് കുഴിച്ചെടുത്തെന്ന് ഒരു ന്യൂസ് കേട്ടു... ശരിയാണോ അച്ഛാ?”

“ആ... ഞാനും... ഞാനുമങ്ങനെ കേട്ടു.”

“നമ്മുടെ പുരയിടത്തീന്നല്ലേ അച്ഛാ?”

“ആ.... അതെ.” ബാലകൃഷ്ണമേനോൻ ഉമിനീരിറക്കാൻ പണിപ്പെട്ടു.

“അച്ഛന് അറിയാരുന്നോ അതവിടെ കുഴിച്ചിട്ടിട്ടുണ്ടെന്ന്...”

“ഓഹ്... എനിക്കറിയാരുന്നു.” അഞ്ജന വിശ്വാസം വരാതെ ബാലകൃഷ്ണമേനോന്റെ കണ്ണിലേക്കുതന്നെ നോക്കി.

“ആർക്കുവേണ്ടിയാണച്ഛാ? എന്തായാലും എനിക്കു വേണ്ടിയല്ല. ഹേമചന്ദ്രനു വേണ്ടിയായിരുന്നോ... അതോ മാങ്ങോട്ടുശേരിക്കാർക്കു വേണ്ടിയോ?”

വൃദ്ധന് ഒന്നും പറയാനായില്ല. അയാൾ വെറുതെ കൈമലർത്തി. എന്നിട്ട് നീളൻ വരാന്തയുടെ നേർക്കു നടന്നു.

*** *** ***

ജഗന്നാഥക്കുറുപ്പ് രണ്ടാമതു വിളിച്ച കോളും റിങ് ചെയ്തു തീർന്നു. ഹേമചന്ദ്രൻ ഫോൺ എടുക്കുന്നില്ല. ഹരീന്ദ്രന്റെ ഫോണും സ്വിച്ച്ഡോഫാണ്. ഒടുക്കം അയാൾ ബാലകൃഷ്ണമേനോനെ വിളിച്ചു.

രണ്ടാമത്തെ കോളിനു മറുപടിയുണ്ടായി.

“ജഗന്നാഥാ... നീ വീട്ടിലാണോ?” ബാലകൃഷ്ണമേനോന്റെ ഒച്ച വല്ലാതെ പതറിയിരുന്നത് ജഗന്നാഥക്കുറുപ്പിനു മനസ്സിലായി.

“അതെ. വീട്ടിലാ. വിളിച്ചിട്ട് പിള്ളേരാരും ഫോണെടുക്കുന്നില്ല.”

“അവരെടുക്കില്ലെടോ. അവരിനി സ്വന്തം തടി രക്ഷപ്പെടുത്താനേ നോക്കൂ.”

“ആ ചന്ദ്രബാബൂന്റെ ശവം കുഴിച്ചിട്ടിരുന്നത് പോലീസ് കണ്ടെടുത്തെന്നൊക്കെ രാഘവനായര് വിളിച്ചു പറഞ്ഞു... അതൊക്കെ വല്യ കൊഴപ്പമായിട്ട് വരില്ലേ?”

“അവസാനം കുറ്റം ചെയ്തവരായിട്ട് രണ്ടുപേർ മാത്രമേ കാണൂ. ഞാനും നീയും.”

“ഹേമചന്ദ്രനും ഹരീം എവിടെപ്പോയി?”

“എങ്ങോട്ടാണെന്ന് അറിഞ്ഞു കൂടാ. പോലീസ് വരുമ്പോ പെട്ടെന്നു പിടികൊടുക്കാതെ മാറിനിൽക്കണമെന്നാ ഹേമചന്ദ്രൻ പറഞ്ഞത്. അവനു രക്ഷപ്പെടാൻ എന്തെങ്കിലും ഉപായം കണ്ടുപിടിക്കാൻ വേണ്ടിയായിരിക്കും.”

“അവനെങ്ങനെ രക്ഷപ്പെടും ബാലേട്ടാ?”

KERALA EXPRESS

# നോവൽ

"അവൻ അന്ന് നമ്മുടെകൂടെ ഇല്ലായിരുന്നെന്ന്. ഓൺ ഡ്യൂട്ടിയാണത്രെ അവന്റെ അറ്റൻഡൻസ് രജിസ്റ്ററിൽ. ചന്ദ്രബാബുവിനെ പിടിച്ചുകൊണ്ടുവന്ന ജീപ്പ് കുഞ്ഞുമോന്റേത്. ശവം കൊണ്ടുവന്ന കാറ് എന്റേത്. കുഴിച്ചിട്ട പുരയിടം എന്റേത്. കുഴിയെടുപ്പിച്ചതും പോത്തിനെ അക്കൂടെ കുഴിച്ചുമൂടിപ്പിച്ചതും ഞാൻ. വേറെ എന്തൊക്കെ തെളിവൊണ്ടെന്ന് ഇപ്പോ എനിക്കറിയില്ല. എന്തെങ്കിലുമൊക്കെ കിട്ടീട്ടൊണ്ടായിരിക്കും."

ബാലകൃഷ്ണമേനോനു വലിയ പ്രതീക്ഷയൊന്നുമില്ലെന്ന് ജഗന്നാഥക്കുറുപ്പിനു മനസ്സിലായി.

"പോലീസ് വന്നു ചോദിച്ചാ ഞാനെന്താ പറയേണ്ടത്? ഇന്നലെവരെ പോലീസിന്റെ എല്ലാ ചോദ്യത്തിനും ഹേമചന്ദ്രൻ പറഞ്ഞുതന്നു പഠിപ്പിച്ച ഉത്തരം ഒണ്ടാരുന്നു പറയാൻ. ഞാനും ബാലേട്ടനും ഹരീം അത് തെറ്റാതെ പറഞ്ഞു. ഇനിയോ?"

"എനിക്കറിയില്ല ജഗന്നാഥാ. അവര് എല്ലാം അറിഞ്ഞോണ്ട്, സകല തെളിവുകളുമായിട്ട് വരുമ്പോ നമ്മളെന്തു ചെയ്യാനാ..."



"ഇനീപ്പോ മാളുവിന്റെ കാര്യത്തിലും നമ്മളിതുവരെ പറഞ്ഞതെല്ലാം കള്ളമാണെന്നല്ലേ എല്ലാവരും കരുതൂ അതും പോലീസ് അന്വേഷിക്കില്ലേ. മാളു എവിടേന്നു ചോദിച്ചാ എന്തു പറയണം നമ്മള്..."

"ജഗന്നാഥാ, ഞാൻ കുറച്ചു കഴിഞ്ഞു വിളിക്കാം. എന്റെ തല പെരുക്കുന്നുണ്ട്. ഒറ്റവാക്കിൽ പറഞ്ഞാ എല്ലാം തുലഞ്ഞെടോ. വയസ്സുകാലത്ത് ജയിലിക്കെടന്നു ചാകാനായിരിക്കും വിധി. അതിനെക്കാൾ ഭേദം വല്ല വെഷോം കഴിച്ച്..." ബാലകൃഷ്ണമേനോൻ പൂർത്തിയാക്കാതെ നിർത്തി.

"ബാലേട്ടനങ്ങനെ പറയരുത്. ഒരിക്കലും പറയരുത്. ഞാനീ നിമിഷംവരെ വിചാരിച്ചുവെച്ചിരുന്നത് എന്തു പ്രശ്നത്തിനും ഒരു പരിഹാരം ബാലേട്ടന്റെ കയ്യിലുണ്ടെന്നാ."

"എന്തെങ്കിലും ഒരു മാർഗം ഒണ്ടെങ്കി ഞാൻ തന്നെ വിളിച്ച് അറിയിക്കാം. ഇപ്പോ ഫോൺ വെക്ക്." അടുത്ത ക്ഷണത്തിൽ കോൾ മുറിഞ്ഞു. ബാലകൃഷ്ണമേനോൻ കട്ട് ചെയ്തതാണെന്ന് അയാൾക്കു മനസ്സിലായി. ഫോൺ പിടിച്ചിരിക്കുന്ന കൈ താഴ്ത്തിയിട്ട് അയാൾ തന്റെ ചുമൽ ഭിത്തിയിലേക്കു ചാരി. കേസ്, പോലീസ്, വിചാരണക്കോടതി, ജഡ്ജി, വക്കീലന്മാർ, സാക്ഷികൾ, ജയിലറകൾ എല്ലാം അയാളുടെ മനസ്സിലൂടെ പാളിക്കടന്നുപോയി.

***   ***   ***

മണ്ണുപുരണ്ടും അവിടവിടെ കീറിയും ഡിസൈനുകൾ മങ്ങിയും മാഞ്ഞും കാണപ്പെട്ട പ്ലാസ്റ്റിക് പൊതിക്കെട്ട് തുറന്നപ്പോൾ അകത്ത് കാണപ്പെട്ടത് ഒരു മനുഷ്യന്റെ അസ്ഥിപഞ്ജരമായിരുന്നു.

സന്ദീപിന്റെയും രാജഗോപാലിന്റെയും ഇടയിലൂടെ തിക്കിത്തിരക്കി അല്ലിമ, മുന്നോട്ടു കയറി.

ആളുകളെ ലാത്തിവീശി തടയുന്ന പൊലീസുകാരുടെ ഒരു വലയമാണ് മുന്നിൽ. കുഴിവക്കിൽ പിക്കാസ് ആഞ്ഞുകൊത്തി അതിന്റെ പിടിയിൽ ഒരു കൈ പിടിച്ചു തൂങ്ങി, മറ്റേക്കൈകൊണ്ടു തന്റെ സഹായിയുടെ കൈപ്പത്തിയിൽ കടന്നുപിടിച്ച് അനിബാബു കുഴിയിൽനിന്നു ചാടിക്കയറി. അയാൾ കുഴിവക്കിലേക്കു എടുത്തുവെച്ചു കൊടുത്ത പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ കെട്ട് പോലീസ്, കത്തി ഉപയോഗിച്ച് പിളർന്നു. അതിനുള്ളിൽ നാലടി നീളത്തിൽ സിലിണ്ടർ ആകൃതിയിൽ ഒരു മൺകട്ട. സൂക്ഷ്മതയോടെ മണ്ണ് കുറേശ്ശെ അടർത്തി മാറ്റിയപ്പോൾ ആദ്യം ഒരു തലയോട്ടി ദൃശ്യമായി.

"അടർന്നു പോകരുത്... സൂക്ഷിച്ച്..." പോലീസ് ഓഫീസർ സഹപ്രവർത്തകർക്ക് ജാഗ്രതാ നിർദേശം നൽകിക്കൊണ്ടിരുന്നു. മണ്ണ് ചുരണ്ടിയും അടർത്തിയും മാറ്റിക്കൊണ്ടിരിക്കേ, കാൽമുട്ടുകൾ മടക്കി ഇരുത്തിയ നിലയിലുള്ള ഒരു മനുഷ്യാസ്ഥിപഞ്ജരം ക്രമേണ തെളിഞ്ഞുവന്നു. കാലപ്പഴക്കത്തിൽ അസ്ഥിഖണ്ഡങ്ങൾ പലതും പരസ്പരം ബന്ധമറ്റ് വേറിട്ടു കിടന്നു.

തനിക്കു ജന്മംതന്ന ആളിന്റെ അസ്ഥിപഞ്ജരമാണ് അതെന്ന ഓർമയിൽ അല്ലിമ പകച്ചുനിന്നു. അടുത്ത ക്ഷണംതന്നെ താൻ ഫോട്ടോയിൽ കണ്ട ചന്ദ്രബാബുവിന്റെ രൂപം അവളുടെ മനസ്സിൽ തെളിഞ്ഞു. അത് എത്രയോ സൗമ്യവും ദീപ്തവുമായിരുന്നു.

ആ കണ്ണുകൾ എത്ര സ്നേഹമസൃണമായിരുന്നു. ഇപ്പോൾ കൺമുൻപിൽ ഭയജനകമായ ഒരു തലയോട്ടിയും ഏതാനും അസ്ഥിക്കഷണങ്ങളും. ഉൽക്കടമായൊരു വേദനയും നൈരാശ്യവും അവളുടെ മനസ്സിനെ ചൂഴ്ന്നു. അവൾ പെട്ടെന്നു പിന്നാക്കം വലിഞ്ഞു. ഇനി അവൾക്ക് ഒന്നും കാണണ്ട.

സന്ദീപ് അവളുടെ കയ്യിൽ പിടിച്ച് കണ്ണുകൾകൊണ്ട് 'എന്താ' എന്ന് ചോദ്യമിട്ടു. അല്ലിമ മിണ്ടാതെ മുഖം കുനിച്ചു. അവന്റെ കയ്യിൽനിന്നു തന്റെ കൈത്തണ്ട വിടുവിക്കുകയും ചെയ്തു.

എല്ലായിടത്തും നടക്കുന്നത് വലുതും ചെറുതുമായ ഗൂഢാലോചനകളും അതിന്റെ അനന്തരഫലങ്ങളുമാണെന്ന് അവൾക്കു തോന്നി. അവനവൻ ജയിക്കണമെന്നേയുള്ളൂ. അതിനായി ആരെ വേണമെങ്കിലും തോൽപിക്കും. വെറുപ്പും വിദ്വേഷവും പകയും സ്നേഹവും അലിവും കൊലപാതകവും എല്ലാം അതിനായി ഉപയോഗിക്കുന്ന കരുക്കളാണ്.

മനുഷ്യവാസമില്ലാത്ത ഏതെങ്കിലും ദ്വീപിലേക്കു രക്ഷപ്പെടണമെന്ന് അല്ലിമ വെമ്പൽ കൊണ്ടു. കുറച്ചു പിന്നോട്ടു നടന്ന് കിതപ്പോടെ അവൾ ഒരു റബർ മരത്തിൽ ചാരിനിന്നു.

***   ***   ***

പള്ളിക്കുടി 'സിറ്റി'യിൽ പോലീസ് ജീപ്പ് നിന്നു. എസ്ഐ എൽദോസ് തലതിരിച്ച് പിന്നിലിരുന്ന പോലീസുകാരോടായി പറഞ്ഞു:

"നിങ്ങൾ രണ്ടുപേര് പോയാമതി. മുരിക്കാശേരി എസ്.ഐ. എൽദോസ് വിളിക്കുന്നെന്നു പറ. ബാക്കി കാര്യങ്ങളൊക്കെ ഞാൻ പറഞ്ഞോളാം." പിൻസീറ്റിലിരുന്ന രണ്ട് സിപിഒമാർ ഇറങ്ങി.

"വഴി ശരിക്കറിയില്ലെങ്കി ആരോടെങ്കിലും ചോദിച്ചു ചോദിച്ച് പോ. കണിയാമ്പറമ്പിൽ ശേഖരൻകുട്ടീടെ വീട്."

പോലീസുകാർ തലയാട്ടി നടപ്പുവഴിയുടെ ഇറക്കമിറങ്ങിത്തുടങ്ങി. ഉച്ചസമയമായിരുന്നതിനാൽ ശേഖരൻകുട്ടിയും രമണിയും വീട്ടിൽത്തന്നെ ഉണ്ടായിരുന്നു. പോലീസുകാർ വീട്ടുമുറ്റത്തെത്തി ശേഖരൻകുട്ടിയെ വിളിച്ച് വിവരം പറഞ്ഞു:

"മുരിക്കാശേരി പോലീസാ. എസ്ഐ സാർ പള്ളിക്കുടി സിറ്റീൽ ജീപ്പിലിരുപ്പൊണ്ട്. അദ്ദേഹത്തിനു നിങ്ങളെ രണ്ടുപേരെയും കാണണം."

ശേഖരൻകുട്ടിക്കു ഭയം തോന്നി.

പോലീസുകാർ വന്ന് ചിലപ്പോൾ ഭീഷണിപ്പെടുത്തുന്നു. ചിലപ്പോൾ വന്ന് സഹായവാഗ്ദാനം നൽകുന്നു. വിവരം ശേഖരിക്കാൻ വരുന്നവരും വിവരങ്ങളറിയിക്കാൻ വരുന്നവരുമുണ്ട്. പോലീസ് വരുന്നത് ഉപദ്രവിക്കാനാണെന്ന തോന്നലാണ് മുന്നിട്ടു നിൽക്കുന്നത്?

"എന്താ സാറെ ഞങ്ങളു ചെയ്ത കുറ്റം?"

ശേഖരൻകുട്ടി തിരക്കി.

"നിങ്ങള് ഒരു കുറ്റോം ചെയ്തിട്ടില്ല. എൽദോസ് സാറിനു നിങ്ങളേം കൂട്ടി ഒരു സ്ഥലംവരെ പോകണം. തിരിച്ച് നിങ്ങളെ ഇവിടെത്തിക്കുകേം ചെയ്യും."

"എവിടെപ്പോകാനാ?"

"കുറച്ചു ദൂരെയാ... എല്ലാം സാറ് പറയും. യാത്രയ്ക്കൊള്ള ഒരുക്കത്തില് രണ്ടുപേരും വന്നാട്ടെ."

"എന്റെ കെട്ടിയവളും വരണോ?"

"വേണം വേണം... കസ്റ്റഡീം അറസ്റ്റും ചോദ്യംചെയ്യലും അല്ല. വേറൊരു കാര്യത്തിനാ..." പോലീസ് ആവശ്യപ്പെട്ടാൽ പോകാതെ പറ്റില്ല. ശേഖരൻകുട്ടി രമണിയോട് സംസാരിച്ചു. അവർക്കും ഭയമായി. രണ്ടുപേരും വേഷംമാറി. വീടുപൂട്ടി ഇറങ്ങി പോലീസുകാരുടെ പിന്നാലെ നടന്നു.

പള്ളിക്കുടി ജംക്ഷനിൽ എത്തിയപ്പോൾ അവിടെ നാലഞ്ചു നാട്ടുകാർ കൂടിനിൽപുണ്ടായിരുന്നു. കൂട്ടത്തിൽ തന്റേടമുള്ള മാത്തുക്കുട്ടി എൽദോസിനോടു ചോദിച്ചു:

"ഇവരെ എങ്ങോട്ടാ സാറെ കൊണ്ടുപോകുന്നെ?"

"താനാരാ ചോദിക്കാൻ?" എൽദോസ് അയാളുടെ നേരെ കയർത്തു.

"നാട്ടുകാർക്ക് വിവരം അറിയണ്ടേ സാറെ. ഇതൊന്നും പറയാൻ മനസ്സില്ലെങ്കിൽ എന്തോന്നു ജനമൈത്രി?"

എസ്ഐ എൽദോസ് മാത്തുക്കുട്ടിയെ സൂക്ഷിച്ചൊന്നുനോക്കി. എന്നിട്ടു പറഞ്ഞു:

"ഇവരെ പൊൻകുന്നത്തിനു കൊണ്ടുപോകുവാ. അവിടെ മണിമലേന്ന് പറയുന്ന സ്ഥലത്ത് മണ്ണിനടീന്ന് ഒരസ്ഥികൂടം കിട്ടി. അതിവരടെ മകന്റെയാണോന്ന് തിരിച്ചറിയാൻ വേണ്ടിയാ.... പത്തിരുപതു കൊല്ലം മുൻപ് ഒരുത്തനെ കാണാതായില്ലേ?"

അതു കേട്ടതും ശേഖരൻകുട്ടിയുടെ നെഞ്ചിലൊരു ഇടിവാൾ മിന്നി. തന്റെ മകൻ, ചന്ദ്രബാബു. ഇരുപത്തിരണ്ടു വർഷം മുൻപത്തെ വേർപാട്. ഇപ്പോൾ ഒരസ്ഥികൂടമോ!

ശേഖരൻകുട്ടി രമണിയെ നോക്കി.

രമണി അന്തംവിട്ട് നിൽക്കുകയാണ്.

"സാറെ... ഇരുപതു കൊല്ലം മുൻപത്തെ അസ്ഥികൂടം കണ്ടാ ഇപ്പം തിരിച്ചറിയാൻ പറ്റ്വോ?" മാത്തുക്കുട്ടി സംശയം ചോദിച്ചു.

"തന്നോട് കാര്യം പറഞ്ഞില്ലേ. കൂടുതൽ മൈത്രി ഒണ്ടാക്കാൻ വരണ്ട-കേട്ടല്ലോ?" എൽദോ കയർത്തു. എന്നിട്ട് ശേഖരൻകുട്ടിയോട് ആജ്ഞാപിച്ചു: "ജീപ്പിലോട്ട് കേറ്. പോകണ്ടേ. പോയിട്ട് തിരിച്ചു വരണ്ടേ. മുകളീന്നൊള്ള ഓർഡറാ. അനുസരിക്കാതെ പറ്റത്തില്ല." ശേഖരൻകുട്ടി ആദ്യം രമണിയെ കൈപിടിച്ച് ജീപ്പിൽ കയറ്റി. പുറകെ ശേഖരൻകുട്ടിയും കയറി.

ജീപ്പിന്റെ ചക്രങ്ങൾ ഉരുണ്ടു തുടങ്ങി.

***   ***   ***

തുരുമ്പെടുത്ത് നിറംകെട്ടുപോയ റിസ്റ്റ്വാച്ചിന്റെ ചെയിൻ. വാച്ചിന്റെ ഡയലിന് മണ്ണിന്റെ നിറം. അക്കങ്ങൾ അവ്യക്തം. എന്നോ നിലച്ചുപോയ സൂചികൾ.

(ശേഷം 30-ാം പേജിൽ)

# രണ്ട് സേർച് കമ്മിറ്റികൾകൂടി സ്റ്റേ ചെയ്തു; ഗവർണർക്ക് തിരിച്ചടി

കൊച്ചി: സർവകലാശാലകളിൽ വൈസ് ചാൻസലർമാരെ കണ്ടെത്താൻ സ്വയം നിലയ്ക്കു സേർച് കമ്മിറ്റി രൂപീകരിച്ച ചാൻസലർ കൂടിയായ ഗവർണർക്കു ഹൈക്കോടതിയിൽനിന്നു വീണ്ടും തിരിച്ചടി. കാർഷിക സർവകലാശാലയിലെയും ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലയിലെയും കമ്മിറ്റി രൂപീകരണമാണു ജസ്റ്റിസ് എ. എ. സിയാദ് റഹ്മാൻ ഒരു മാസത്തേക്ക് സ്റ്റേ ചെയ്തത്. ഇതോടെ ഗവർണർ രൂപീകരിച്ച ആറ് സർവകലാശാലകളിലെ കമ്മിറ്റികൾക്കും വിലക്ക് ആയി.

കുഫോസ്, കേരള, എംജി, മലയാളം സർവകലാശാലകളിലെ സേർച് കമ്മിറ്റി രൂപീകരണം കോടതി നേരത്തെ സ്റ്റേ ചെയ്തിരുന്നു. യുജിസിയുടെയും ചാൻസലറുടെയും പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തിയാണ് ആറ് സർവകലാശാലകളിലും ഗവർണർ കമ്മിറ്റികൾ രൂപീകരിച്ചത്. കാർഷിക സർവകലാശാലയിലെ കമ്മിറ്റി രൂപീകരണത്തിനെതിരെ ജനറൽ കൗൺസിൽ അംഗങ്ങളായ പ്രഫ. ഡോ. പി.കെ. സുരേഷ് കുമാർ, എൻ. കൃഷ്ണദാസ് എന്നിവരും ഓപ്പൺ സർവകലാശാലയിലെ കമ്മിറ്റിക്കെതിരെ ജനറൾ കൗൺസിൽ അംഗങ്ങളായ അഡ്വ. ബിജു കെ. മാത്യു, ഡോ. കെ. ശ്രീവത്സൻ എന്നിവരുമാണു കോടതിയിലെത്തിയത്.

ചാൻസലർ ഉൾപ്പെടെ എതിർകക്ഷികളോടു സത്യവാങ്മൂലം നൽകാനും നിർദേശിച്ചു. പ്രതിനിധിയെ ആവശ്യപ്പെട്ടിട്ടും നൽകാതെ വിസി നിയമന നടപടികൾ വൈകിക്കുന്ന സാഹചര്യത്തിലാണു കമ്മിറ്റിയെ വച്ചതെന്ന നിലപാടാണ് ചാൻസലറുടെ അഭിഭാഷകൻ സ്വീകരിച്ചത്. സേർച്കമ്മിറ്റി രൂപീകരണത്തിനുള്ള അധികാരം ആർക്കാണെന്നു വിശദമായിപരിശോധിക്കുമെന്നു കോടതി വ്യക്തമാക്കിയിരുന്നു.

## അഴുക്ക് മാറുകയുള്ളൂ

(18-ാം പേജിൽനിന്നും)

ദുർനടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജരാശങ്ക, ക്രോധം, ശാഠ്യം, അനൈക്യത, കൃത്യവിലോപം, സ്വജനപക്ഷവാദം, അസൂയ, മദ്യപാനം, വെറിക്കൂത്തുകൾ... അങ്ങനെ അനവധി മാലിന്യക്കൂമ്പാരങ്ങൾ നമ്മുടെ ഉള്ളിൽ കുമിഞ്ഞുകൂടിയിരിക്കുകയല്ലേ?

ആരാണ് ശുദ്ധീകരണം ആഗ്രഹിക്കുന്നത്? കോവിഡ്കാലം കൈ കഴുകലിന്റെ കാലമായിരുന്നുവല്ലോ. ഇനി കൈ മാത്രമല്ല മനസ്സും ശുദ്ധമായേ രക്ഷപ്പെടുകയുള്ളൂ.

എന്താണ് അതിനൊരു പോംവഴി? ആത്മാർത്ഥമായ അനുതാപം, മനസ്സിന്റെ നിർമ്മലത സത്യവും പഥ്യവുമായ ദൈവവചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുക അത് നിങ്ങളിൽ ശുദ്ധീകരണ ക്രിയ നടത്തും. അതിനോടൊപ്പം യേശുക്രിസ്തുവിന്റെ പുണ്യാഹരക്തം സകല പാപവും പോക്കി നമ്മേ ശുദ്ധീകരിക്കും. അതെ. ഒരു ഒഴുക്ക് നമ്മിൽ നടക്കേണം. എങ്കിലേ ശുദ്ധമാകൂ. എന്നാൽ, 'താണ നിലത്തെ നീരോടൂ.'

## അനുസ്മരണം നടത്തി

(19-ാം പേജിൽനിന്നും)

അദ്ദേഹം മാതൃകയായും വിരൽചൂണ്ടിയായും ജനമനസ്സുകളിൽ എക്കാലവും തുടരുമെന്ന് അനുസ്മരണത്തിൽ ഏവരും എടുത്തുപറഞ്ഞു. മലങ്കര സഭാമക്കൾക്കും മലയാളി സമൂഹത്തിനും ഒരിക്കലും മറക്കാനാവാത്ത സംഭാവനകൾ തന്റെ ജീവിതാനുഭവങ്ങളിലൂടെ വരച്ചുകാട്ടിയ ജോഷ്വാ അച്ചൻ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വളർച്ചയിൽ നല്കിയ സംഭാവനകൾ ഓർക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ ആത്മാവിനു വേണ്ടി പ്രാർത്ഥിക്കുകയും സഭയുടെ ഭാവി തലമുറകൾക്ക് പ്രചോദനമാകുന്നതായ ജീവിതമാതൃക തുടരുന്നതിനായി മലങ്കര സഭാമക്കളും വൈദികരും പ്രതിജ്ഞാബദ്ധരാണെന്നും അനുസ്മരണ സന്ദേശങ്ങളിൽ വൈദികർ പങ്കുവെച്ചു.

## ലിനു കെ. ജോസ് ഓർമ്മ ഓറേറ്റർ ഓഫ് ദ ഇയർ

(19-ാം പേജിൽനിന്നും)

കാശ്മീരാ സിജു (ബെൻഹിൽ ഇംഗ്ലീഷ് സ്കൂൾ, ഇരിട്ടി), ഹെവേന ബിനു (എസ്എംടി സ്കൂൾ, ചേലക്കര), റില്ല ഫാത്തിമ (മൈക്കാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കാഞ്ഞിരപ്പള്ളി) എന്നിവർക്ക് ലഭിച്ചു.

ജൂനിയർ ഇംഗ്ലീഷ് വിഭാഗത്തിൽ 25,000 രൂപ ഒന്നാം സ്ഥാനം വയനാട് മാനന്തവാടി എംജിഎം ഹയർ സെക്കൻഡറി സ്കൂളിലെ നെഹ്ല ഫാത്തിമ നേടി. 20,000 രൂപയുടെ രണ്ടാം സ്ഥാനത്തിന് നമ്രദ മരിയ പടിപ്പുരയ്ക്കൽ (മൗണ്ട് സെന്റ് മേരീസ് കാത്തലിക് സ്കൂൾ, ലീഡ്സ്, ഇംഗ്ലണ്ട്), നിയ ബോബിൻ (ചാവറ സിഎംഐ സ്കൂൾ, അമനകര), 15,000 രൂപയുടെ മൂന്നാം സ്ഥാനത്തിന് ആത്മജ ജയകൃഷ്ണൻ (കേന്ദ്രീയ വിദ്യാലയ, മംഗലാപുരം), ജോഷ് കെ. മാത്യു (കാർമ്മൽ പബ്ലിക് സ്കൂൾ, പാലാ), 10,000 രൂപയുടെ നാലാം സ്ഥാനത്തിന് ബർക്കാ നായർ (പ്രിൻസ് പബ്ലിക് സ്കൂൾ, ന്യൂഡൽഹി), ലെന മേരി എൽദോ (ചാവറ പബ്ലിക് സ്കൂൾ, പാലാ), മിത്ര ഷൈൻ (മേരിഗിരി പബ്ലിക് സ്കൂൾ, കൂത്താട്ടുകുളം), വൈഗാ ശോഭശ്രീ (എസ്എഫ്എസ് പബ്ലിക് സ്കൂൾ, ഏറ്റുമാനൂർ), 5000 രൂപയുടെ അഞ്ചാം സ്ഥാനത്തിന് ആഗ്നലിൻ ജെസ് ബൈനിഷ് (ജവഹർ നവോദയ വിദ്യാലയ, കുളമാവ്), ജനീതാ ആൻ ജേക്കബ് (യുണൈറ്റഡ് ഇന്ത്യൻ സ്കൂൾ, കുവൈറ്റ്), ലിയാൻ ബിനോയി ചെറിയാൻ (ബിലീവേഴ്സ് ചർച്ച് സ്കൂൾ, തിരുവല്ല), നിയ യോഹന്നാൻ (കാർമ്മൽ പബ്ലിക് സ്കൂൾ, പുളിയാന്മല), പ്രണവ് പ്രവീൺ (ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂൾ, കവടിയാർ) എന്നിവർ കരസ്ഥമാക്കി.

ഗ്രാൻഡ് ഫിനാലെ ലോക സഞ്ചാരിയും സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറുമായ സന്തോഷ് ജോർജ് കുളങ്ങര ഉദ്ഘാടനം ചെയ്തു. കാണുന്ന സ്വപ്നങ്ങൾ പ്രാവർത്തികമാക്കാൻ കഠിനാദ്ധ്വാനം ചെയ്യണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഓർമ്മ പ്രസിഡണ്ട് ജോർജ് നടവയൽ അധ്യക്ഷത വഹിച്ചു. ഇന്ത്യയുടെ മിസൈൽ വനിത എന്നു വിശേഷിപ്പിക്കപ്പെടുന്ന ഡോ. ടെസ്സി തോമസ്, കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഡയറക്ടർ അനീഷ് പി. രാജൻ, ചലച്ചിത്രതാരം മിയ ജോർജ്, ഓർമ്മ ടാലന്റ് പ്രമോഷൻ ഫോറം ചെയർമാൻ ജോസ് തോമസ്, സെക്രട്ടറി എബി ജെ. ജോസ്, സജി സെബാസ്റ്റ്യൻ, റോഷൻ പ്ലാമൂട്ടിൽ, ഷാജി ആറ്റുപുറം, കുര്യാക്കോസ് മാണിവയലിൽ, സിനോജ് അഗസ്റ്റിൻ, പ്രൊഫ. ടോമി ചെറിയാൻ, ബെന്നി കുര്യൻ, ജോർജ് കരുണയ്ക്കൽ, ചെസ്സിൽ ചെറിയാൻ, അലക്സ് കുരുവിള തുടങ്ങിയവർ പ്രസംഗിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1500 മത്സരാർത്ഥികൾ പങ്കെടുത്ത അന്താരാഷ്ട്ര പ്രസംഗ മത്സരത്തിന്റെ ഗ്രാൻഡ് ഫിനാലെയിൽ 60 പേരാണ് മത്സരിച്ചത്. ആകെ പത്തു ലക്ഷത്തിൽപരം രൂപയാണ് വിജയികൾക്കായി സമ്മാനിച്ചത്.

## വിട്ടുകൊടുക്കുന്നതാണ് നല്ലത്

(22-ാം പേജിൽനിന്നും)

ഏത് അനുഭവമായാലും സ്ഥാനമാനങ്ങളോ പണസമ്പത്തോ, വസ്തുവകകളോ ഉന്നത പദവികളോ കീർത്തിമുദ്രകളോ എന്തുതന്നെ ആയാലും അവയൊക്കെ വിട്ടുകൊടുത്ത് വെറുംകയ്യോടെ പോകേണ്ടവരാകുന്നു നാം എന്നോർത്ത് താഴ്മയോടും വിനയത്തോടും സഹാനുഭൂതിയോടും, സ്നേഹത്തോടും, കാരുണ്യത്തോടും കൂടെ ദുഃഖിക്കുന്നവരോടൊപ്പം ദുഃഖിച്ചും സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിച്ചും സംതൃപ്തിയുള്ള ഒരു ജീവിതം ജീവിച്ചു നല്ല പ്രതിഫലം വാങ്ങി ഈ ലോകം വിട്ടുപോകാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

## നോവൽ

(29-ാം പേജിൽ നിന്നും)

ഒരു മോതിരം!

തുരുമ്പെടുത്ത ഒരു സ്റ്റീൽ മാല.

ചരട് ദ്രവിച്ചുപോയ ഒരു പിച്ചളത്തകിട്. മിക്കവാറും ജീർണിച്ച ഒരു തുകൽ ബെൽറ്റിന്റെ അവശിഷ്ടങ്ങളും ബക്കിളും. ഇനിയും ദ്രവിച്ചു പോകാത്ത ഒരു ജോടി പ്ലാസ്റ്റിക് ചെരുപ്പ്. പൊൻകുന്നത്ത് പോലീസിന്റെ താൽക്കാലിക ക്യാംപിൽ, ശേഖരൻകുട്ടിയും രമണിയും ഇതെല്ലാം മാറിമാറി നോക്കി. രമണിയുടെ കണ്ണുകൾ നിറഞ്ഞൊഴുകിത്തുടങ്ങിയിരുന്നു. ശേഖരൻകുട്ടി അടക്കാനാവാത്ത ഹൃദയവ്യഥയോടെ തലതാഴ്ത്തിനിന്നു. ഒന്നും ചോദിക്കാതെതന്നെ പോലീസ് ഉദ്യോഗസ്ഥർക്കു കാര്യങ്ങൾ ബോധ്യപ്പെടുന്നുണ്ടായിരുന്നു. എങ്കിലും ഔപചാരികതയ്ക്കുവേണ്ടി ചോദിച്ചു:

"ഇതൊക്കെ നിങ്ങൾക്ക് തിരിച്ചറിയാൻ പറ്റുന്നുണ്ടോ?"

ഉവ്വെന്ന് ശേഖരൻകുട്ടി മൂളുകയും തലയാട്ടുകയും ചെയ്തു.

"ഇരുപത്തിരണ്ടു വർഷം മുൻപ് കാണാതായ നിങ്ങളുടെ മകൻ ചന്ദ്രബാബുവിന്റെ തന്നെയാണോ ഇതെല്ലാം?"

"അതെ." ശേഖരൻകുട്ടിയുടെ ഒച്ചയിടറി.

"ഓകെ. ഇതിനാണ് നിങ്ങളെ ഇവിടെ കൊണ്ടുവന്നത്."

"സാറെ... അവൻ... അവനെവിടെയാരുന്നു?"

ശേഖരൻകുട്ടി ഗദ്ഗദത്തോടെ ചോദിച്ചു.

"മണ്ണിനടിയിൽ മറവ് ചെയ്തിരിക്കയായിരുന്നു. മണിമലയിലെ ഒരു തോട്ടത്തിൽ. സ്കെലിറ്റനാണ് കിട്ടിയത്. അത് കൂടുതൽ പരിശോധനയ്ക്കായി ഫൊറൻസിക് ലാബിലേക്കു കൊണ്ടുപോയി." പോലീസ് ഉദ്യോഗസ്ഥർ വെളിപ്പെടുത്തി. ഇനി എന്ത് എന്നറിയാതെ പകച്ച് ശേഖരൻകുട്ടി പോലീസുകാരെ നോക്കി.

"നിങ്ങളുടെ മകന്റെ തന്നെയാണെന്ന് ഒറപ്പാണല്ലോ, അല്ലേ?"

ശേഖരൻകുട്ടിക്ക് തലയനക്കാനേ കഴിഞ്ഞൊള്ളൂ.

"ശരി. നിങ്ങൾക്കു പോകാം. ഇതു കഴിഞ്ഞു."

പോലീസ് ഓഫീസർ പറഞ്ഞു.

ഒരു കോൺസ്റ്റബിൾ, ശേഖരൻകുട്ടിയെയും രമണിയെയും കൂട്ടിക്കൊണ്ട് കെട്ടിടത്തിന്റെ നീളൻ വരാന്തയിലേക്കിറങ്ങി.

സന്ദീപും അല്ലിമയും രാജഗോപാലും അവിടെ നിൽപുണ്ടായിരുന്നു. മുരിക്കാശേരിയിൽനിന്നു വന്ന പോലീസ് ജീപ്പ് മുറ്റത്ത് കാത്തുകിടപ്പുണ്ട്. അല്ലിമയെയും സന്ദീപിനെയും കണ്ട് ശേഖരൻകുട്ടി നിന്നു. രമണി തൂവാല കൊണ്ടു കണ്ണുകളൊപ്പി. അല്ലിമ രമണിയുടെ അടുത്തേക്കു ചെന്നു. അല്ലിമയെ കണ്ടതും രമണിക്ക് കരച്ചിൽ പൊട്ടി. അല്ലിമ അവരുടെ തോളത്തു പിടിച്ച് മൃദുവായി തന്റെ ദേഹത്തേക്കു ചേർത്തു. മറ്റാളുകൾ ശ്രദ്ധിക്കുന്നതിനാൽ രമണി തൂവാലകൊണ്ടു പെട്ടെന്നു വായ് പൊത്തി. കരച്ചിൽ പക്ഷേ, അതിനെയും മറികടന്നു.

"ഇത് കാണണ്ടാരുന്നു മോളേ... അവനെവിടെങ്കിലും ജീവനോടെ ഇരിപ്പൊണ്ടെന്ന് വിചാരിച്ചോളാരുന്നു."

അല്ലിമ അവരുടെ ചുമലിൽ തട്ടി സാന്ത്വനം പകരാൻ ശ്രമിച്ചു.

"ഞങ്ങളങ്ങനാ ഇത്രേം കാലം..." രമണി ചങ്കുപൊട്ടി വിലപിച്ചു. "അങ്ങനെ മതിയാരുന്നു... മതിയാരുന്നു..." അല്ലിമ രമണിയെ താങ്ങിപ്പിടിച്ചെന്നോണം മുറ്റത്തേക്കുനടത്തിക്കൊണ്ടുപോയി. പിന്നാലെ സന്ദീപും ചെന്നു.

മുറ്റത്ത് മരത്തണലിൽ ഒതുക്കിയിട്ട കാറിനരികിൽ രാജഗോപാൽ ഒരു കാഴ്ചക്കാരനെപ്പോലെ നിന്നു.

(തുടരും)

SUBSCRIPTION FORM

I.D. # ____ Date ____ Expiration Date ____

Name ____

Address ____

City ____ State ____ Zip ____

Phone: ____ Email: ____

Signature: ____

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ____

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ____

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA

MasterCard

DISCOVER



# THANNIKKARY VACATION HOME

## S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com









Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**